മാസിക
# സുന്നത്ത്

**2024 ഡിസംബർ**
1446 ജ. അവ്വൽ - ജ. ആഖിർ
പുസ്തകം 47/ ലക്കം 10
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com




**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

**മുഖക്കുറി**

## സുന്നത്ത്, കുസുമം ക്യാമ്പയിൻ അഭിനന്ദനങ്ങൾ

*'എന്റെ കുടുംബത്തിന് സുന്നത്ത് എന്റെ കുട്ടിക്ക് കുസുമം'* എന്ന പ്രമേയത്തിൽ നടന്ന സുന്നത്ത്, കുസുമം പ്രചാരണ ക്യാമ്പയിൻ ഭംഗിയായി സമാപിച്ചു. സമസ്ത കേന്ദ്ര മുശാവറ നേതാക്കൾ ഓരോ ജില്ലകളിലും വരി ചേർന്ന് പ്രചാരണോദ്ഘാടനം നിർവഹിച്ചു. പ്രചാരണം സജീവമാക്കുന്നതിൽ മുഅല്ലിംകൾ പ്രധാന പങ്കുവഹിച്ചു. നവംബർ അഞ്ചിന് നടന്ന റെയ്ഞ്ച് ജനറൽബോഡി യോഗത്തിൽ മുഴുവൻ മദ്റസയിലെയും മുഅല്ലിംകൾ സുന്നത്ത് മാസികയുടെ വരിക്കാരായി ചേർന്നു. മദ്റസ പരിധികളിലെ ഓരോ വീടുകളിലേക്കും കാമ്പയിൻ സന്ദേശം എത്തിക്കുന്നതിൽ മുഅല്ലിംകൾ വഹിച്ച പങ്ക് നിർണായകമായി. കേരള മുസ്‌ലിം ജമാഅത്ത്, എസ്.വൈ.എസ് പ്രാദേശിക നേതാക്കളും പ്രവർത്തകരും പ്രചാരണത്തിൽ പങ്കാളികളായി. 2 ലക്ഷം വായനക്കാർ എന്ന കാമ്പയിൻ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനായി അക്ഷീണം പ്രയത്നിച്ച മുഅല്ലിംകളെയും പ്രാസ്ഥാനിക നേതാക്കളെയും വരിക്കാരെയും മദ്റസ മാനേജ്മെന്റിനെയും പ്രത്യേകം അഭിനന്ദിക്കുന്നു. അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ എന്ന് നന്ദിപൂർവ്വം പ്രാർത്ഥിക്കുന്നു.

**സയ്യിദ് അലി ബാഫഖി** (മാനേജിംഗ് എഡിറ്റർ, സുന്നത്ത്)
**വി.പി.എം വില്യാപ്പള്ളി** (ചീഫ് എഡിറ്റർ, സുന്നത്ത്)
**അബൂഹനീഫൽ ഫൈസി** (ജന: സെക്രട്ടറി, എസ്.ജെ.എം)

കവർസ്റ്റോറി

## സാമ്പത്തിക തട്ടിപ്പുകൾ ജാഗ്രത വേണം

○ സാലിം ആമപ്പൊയിൽ

ഓൺലൈൻ വഴിയുള്ള സാമ്പത്തിക തട്ടിപ്പുകൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. നിക്ഷേപ തട്ടിപ്പുകൾ, എം.എൽ.എം തട്ടിപ്പുകൾ, ഫേക്ക്ലോൺ തട്ടിപ്പുകൾ എന്നിങ്ങനെ പലതരമുണ്ടിവ.

06




കവർസ്റ്റോറി

## ഖാളിസ്ഥാനം യോഗ്യതയും പദവികളും

○ സിയാദ് സഖാഫി പാറന്നൂർ

ഇസ്‌ലാമിക രാഷ്ട്രങ്ങളിലും മഹല്ലുകളിലും ഉന്നതമായ ഒരു തസ്തികയാണ് ഖാളിസ്ഥാനം. ഖാളിയെ നിയമിക്കുന്നവരും ഖാളിസ്ഥാനത്ത് നിയോഗിക്കപ്പെടുന്നവരും അറിഞ്ഞിരിക്കേണ്ട ചില വസ്തുതകളുണ്ട്.

22




കവർസ്റ്റോറി

## മലയാളികളെ തിന്നുതീർക്കുന്ന മരുന്നുകൾ

○ മനാസിർ പട്‌ല


ക്രമരഹിതമായ ജീവിതരീതിയും ഭക്ഷണശീലവും മലയാളികളുടെ ആരോഗ്യനിലയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. വിവിധ തരത്തിലുള്ള മരുന്നുകളാണിന്ന് മലയാളികളുടെ മുഖ്യാഹാരം.

27





11 **പാരന്റിംഗ് എന്ന മഹത്തായ കല**
അബ്ദുല്ല ചെമ്പ്ര



15 **റീലുകളിൽ വളരുന്ന മക്കൾ**
സൈനുദ്ദീൻ ഇർഫാനി മാണൂർ



18 **സന്തുഷ്ട കുടുംബം സ്നേഹമാണ് അടിത്തറ**
ജാശിർ കുന്നളം

05 തസ്കിയ
30 ശാഫിഈ ഫിഖ്ഹ്
48 വാർത്തകൾ
ചരിത്രാഖ്യായിക 35
നോവൽ 38
ഹനഫീ ഫിഖ്ഹ് 46

31 **തണുപ്പുകാല ഭക്ഷണങ്ങൾ**
അനസ്. പി

32 **കറാമതല്ല, ഇസ്തിഖാമതാണ് മുഖ്യം**
അലി സഖാഫി പുൽപ്പറ്റ

35 **ഉമ്മുൽ മുഅ്മിനീൻ സൗദ ബിൻത് സംഅ(റ)**
മുജ്തബ നസീഹ്

41 **കോടമ്പുഴ ബാവ ഉസ്താദ്**
**രചനാലോകത്തെ വിസ്മയ പ്രതിഭ**
മുനീർ ശാമിൽ ഇർഫാനി

47 **നേതാവിന്റെ സംസ്കാരം**
സുലൈമാൻ സഖാഫി കുഞ്ഞുകുളം

# കടം ഭയാനകം!

തസ്കിയ

മുഹമ്മദുബ്നു ജഹ്ശ്(റ) നിവേദനം: ഞങ്ങളൊരു ദിവസം തിരുനബിസന്നിധിയിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് തിരുനബി(സ) ആകാശത്തേക്ക് തലയുയർത്തി. പിന്നെ കൈപ്പടം നെറ്റിയിൽ വച്ചു കൊണ്ടു പറഞ്ഞു: 'സുബ്ഹാനല്ലാഹ്! എത്ര ഭയാനകമായതാണ് ഇറങ്ങാൻ പോകുന്നത്!'

അതുകേട്ട് ഞങ്ങളെല്ലാം പേടിച്ചുവിറച്ച് ഒന്നും മിണ്ടാതിരുന്നു. അടുത്തദിവസം ഞാൻ തിരുനബി(സ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഭയാനകമായ എന്തോ ഇറങ്ങാൻ പോകുന്നുവെന്നങ്ങ് പറഞ്ഞല്ലോ, എന്താണത്?'

തിരുനബി(സ) പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ നിയന്ത്രണത്തിലാണോ, അവൻ സത്യം! ഒരാൾ അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിയാവുന്നു. പിന്നെയും ജീവിച്ച് രക്തസാക്ഷിയാവുന്നു. മൂന്നാമതും അയാൾക്ക് ജീവൻ ലഭിക്കുകയും ഇസ്ലാമിക മാർഗ്ഗത്തിൽ രക്തസാക്ഷിയാവുകയും ചെയ്യുന്നു. എന്നാലും അയാൾക്ക് കടബാധ്യതയുണ്ടെങ്കിൽ അത് വീട്ടപ്പെടുന്നതു വരെ സ്വർഗ്ഗപ്രവേശനം സാധ്യമാവുകയില്ല.' (ഇമാം ഹാകിം, നസാഈ, ത്വബ്റാനി)

ജീവിതത്തിൽ കടം കൊടുക്കുകയോ വാങ്ങുകയോ ചെയ്യേണ്ടിവരാത്തവർ അപൂർവ്വമായിരിക്കും. തിരുനബി(സ) പോലും കടം വാങ്ങിയിട്ടുണ്ട്, കൊടുത്തിട്ടുമുണ്ട്. വിശുദ്ധ ഖുർആനും തിരുനബി(സ)യും കടം കൊടുക്കുന്നതിനു പ്രോത്സാഹിപ്പിച്ചതായും കാണാം. ദാനം പോലെ പുണ്യമേറിയ ഒരു കാര്യമാണതെന്നാണ് തിരുനബി(സ) സൂചിപ്പിച്ചത്. 'ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന് രണ്ടുപ്രാവശ്യം കടം കൊടുത്താൽ അതിലൊന്ന് ദാനമായി രേഖപ്പെടുത്തു'മെന്ന് (ഇബ്നുമാജ) ഹദീസിൽ കാണാം. വിശുദ്ധ ഖുർആനിലെ ഏറ്റവും ദൈർഘ്യമുള്ള സൂക്തം (അൽബഖറ 282) കടമിടപാട് സംബന്ധമായ നിയമനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്.

എന്നാൽ, കടം വാങ്ങൽ ഏറെ ഗൗരവതരമായ കാര്യമാണെന്ന് പ്രസ്തുത ഹദീസിൽ ഉണർത്തുന്നുണ്ട്. ഏത് ആവശ്യത്തിനാണ് കടം വാങ്ങുന്നതെങ്കിലും നിശ്ചിത അവധിക്ക് തിരിച്ചുകൊടുക്കണം. അപ്പോൾ കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഉത്തമർണ്ണനെ കണ്ട് അവധി നീട്ടി വാങ്ങണം. അവധി നീട്ടിത്തരണമെന്ന് അധമർണ്ണൻ ആവശ്യപ്പെട്ടാൽ വിട്ടുവീഴ്ചക്കു തയ്യാറാവുന്നത് ഉത്തമർണ്ണന്റെ ബാധ്യതയും അത് പ്രതിഫലാർഹവുമാണ്. കഴിവുണ്ടായിട്ടും കടം വീട്ടാതിരിക്കുന്നത് അക്രമമാണെന്നും തിരുനബി(സ) ഉണർത്തിയിട്ടുണ്ട്.

അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷികളായവർ നേരിട്ടു സ്വർഗ്ഗത്തിലേക്ക് പോകാൻ അർഹതയുള്ളവരാണ്. എന്നാൽ, അവർക്ക് കടമുണ്ടെങ്കിൽ മൂന്നു പ്രാവശ്യം രക്തസാക്ഷികളായാൽ പോലും സ്വർഗ്ഗപ്രവേശം സാധ്യമല്ലെന്ന തിരുവചനം നമ്മെ ഞെട്ടിപ്പിക്കേണ്ടതുണ്ട്. കടബാധ്യതയുള്ളവർ മരണപ്പെട്ടാൽ തിരുനബി(സ) ആ കടം വീട്ടാൻ ആരെങ്കിലും ഏറ്റെടുക്കുന്നതു വരെ അവർക്കു വേണ്ടി മയ്യിത്ത് നിസ്കരിക്കാൻ സന്നദ്ധരായിരുന്നില്ലെന്ന കാര്യവും ഗൗരവത്തോടെ ഓർക്കേണ്ടതുണ്ട്.

ഇന്ന് കടമെന്നു പറഞ്ഞാൽ പലർക്കും നിസ്സാരമാണ്. വീടെടുക്കാനും വാഹനമെടുക്കാനും മക്കളെ പഠിപ്പിക്കാനും ആർഭാട ജീവിതം നയിക്കാനുമൊക്കെ വ്യക്തികളിൽ നിന്നും ബാങ്കുകളിൽ നിന്നും നിരന്തരം കടമെടുക്കുന്നവരാണ് പലരും. സമയത്തിനു വീട്ടാൻ കഴിയാതെ പലിശക്കുമേൽ പലിശ കയറി മുടിയുന്നവരും ഒട്ടേറെയുണ്ട്. ജപ്തി നേരിടുമ്പോഴോ മരണപ്പെടുമ്പോഴോ ആണ് ഇവരുടെ കടബാധ്യതകൾ പ്രശ്നമാവുക. ഇത്തരക്കാർ സമൂഹത്തിനും കുടുംബത്തിനും ബാധ്യതയായിത്തീരുന്നു. ജനങ്ങളുടെ മുമ്പിൽ കൈനീട്ടി ഇവരെ കടത്തിൽ നിന്നു മോചിപ്പിക്കാൻ ശ്രമമുണ്ടായേക്കും. എന്നാലും പൂർണമായി രക്ഷപ്പെടുന്നവർ അപൂർവ്വം മാത്രം. എത്ര പുണ്യകർമ്മങ്ങൾ ചെയ്താലും കടം കാരണം എല്ലാം നിഷ്ഫലമായിത്തീരുന്ന അവസ്ഥ എത്ര ദയനീയവും ഭയാനകവുമാണ്!

കവർസ്റ്റോറി

സാലിം ആമപ്പൊയിൽ

# സാമ്പത്തിക തട്ടിപ്പുകൾ; ജാഗ്രത വേണം



ഏതാനും ദിവസങ്ങൾക്കു മുമ്പാണ് ഷെയർ വ്യാപാര ത്തട്ടിപ്പുമായി ബന്ധപ്പെട്ട ഒരു വാർത്ത ശ്രദ്ധയിൽ പെട്ടത്. തട്ടിപ്പിന്നിരയായ ആർമിഡോക്ടർക്ക് നഷ്ടമായത് 1.22 കോടി രൂപ. 35 തവണകളായാണ് അദ്ദേഹം ഈ തുക വ്യാജ വ്യാപാരക്കമ്പനിക്ക് കൈമാറിയത്. ഇത്തരം സാമ്പത്തിക ത്തട്ടിപ്പുകളിന്ന് വ്യാപകമാണ്. ഇതു സംബന്ധമായ ചില കാര്യങ്ങൾ പരിശോധിക്കാം.

## നിക്ഷേപത്തട്ടിപ്പ്


നിക്ഷേപത്തട്ടിപ്പ് സംബന്ധിച്ച പരാതികൾ വർഷം തോറും ഇരട്ടിയിലധികമായി വർധിക്കുന്നുവെന്നാണ് വാഷിംഗ്ടൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന അഭിഭാഷക സംഘടനയായ നാഷണൽ കൺസ്യൂമേഴ്സ് ലീഗിന്റെ പ്രോജക്റ്റ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മൊത്തം പരാതികളിൽ 9.03% ഈ ഗണത്തിൽ വരും. ഇത്തരം തട്ടിപ്പുകളിൽ നിന്നുള്ള ശരാശരി നഷ്ടം 20,000 ഡോളറാണ്. ഇത് മറ്റു തട്ടിപ്പുകളെക്കാൾ പതിന്മടങ്ങ് വലുതാണ്. ഉപഭോക്താക്കൾ വെബ്സൈറ്റിലും നേരിട്ടും നൽകിയ പരാതികളുടെ വെളിച്ചത്തിലാണീ വിലയിരുത്തൽ.

കേരളത്തിലും ഓൺലൈൻ നിക്ഷേപ പ്ലാറ്റ്ഫോമുകളിലും ക്രിപ്റ്റോകറൻസിയിലും വ്യാജബ്രോക്കറേജ് സേവനങ്ങളിലും വ്യാപകമായ തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഉയർന്ന ലാഭം വാഗ്ദാനം ചെയ്യുന്നതിലൂടെ ആളുകളെ വശീകരിക്കുകയാണ് ഇത്തരം തട്ടിപ്പുകളെല്ലാം ചെയ്യുന്നത്.

ഉദാഹരണത്തിന് ചില കേസുകൾ നോക്കൂ...

**കേരളത്തിലും ഓൺലൈൻ നിക്ഷേപ പ്ലാറ്റ്ഫോമുകളിലും ക്രിപ്റ്റോകറൻസിയിലും വ്യാജബ്രോക്കറേജ് സേവനങ്ങളിലും വ്യാപകമായ തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഉയർന്ന ലാഭം വാഗ്ദാനം ചെയ്യുന്നതിലൂടെ ആളുകളെ വശീകരിക്കുകയാണ് ഇത്തരം തട്ടിപ്പുകളെല്ലാം ചെയ്യുന്നത്.**

1. 2024 ഫെബ്രുവരിയിൽ റിപ്പോർട്ട് ചെയ്ത കൊച്ചിയിലെ ട്രേഡിംഗ് ആപ്പ് തട്ടിപ്പ്. കൊച്ചിയിൽ ഒരു വ്യവസായി മുഖേന പലരും വ്യാജ ആപ്പിൽ 1.86 കോടി രൂപ നിക്ഷേപിക്കുകയും ശേഷം പണം തിരിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ തട്ടിപ്പാണെന്ന് ബോധ്യപ്പെടുകയുമായിരുന്നു. വാട്സാപ്പ് സന്ദേശങ്ങളിലൂടെ ബ്രോക്കറേജ് സ്ഥാപനത്തിന്റെ പേരിൽ ബന്ധപ്പെടുകയും വ്യാജ ആപ്പ് ഡൗൺലോഡ് ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടായിരുന്നു നിക്ഷേപകരെ കണ്ടെത്തിയത്. പണം ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലെ അക്കൗണ്ടുകളിലേക്ക് തൽക്ഷണം മാറ്റിയതായാണ്



അന്വേഷണത്തിൽ തെളിഞ്ഞത്. പണം ക്രിപ്റ്റോകറൻസിയിലേക്ക് മാറ്റിയതോടെ തടയാനാകാതെ വന്നതായും പൊലീസ് റിപ്പോർട്ട് ചെയ്തു.

2. കണ്ണൂരിലെ ക്രിപ്റ്റോകറൻസി തട്ടിപ്പ്. 2023 ൽ കണ്ണൂരിൽ നടന്ന കേസിൽ, ഒരു സംഘം 100 കോടി രൂപയുടെ ക്രിപ്റ്റോ കറൻസി തട്ടിപ്പാണ് നടത്തിയത്. ഈ തട്ടിപ്പിൽ, പ്രതിദിനം 2–5% വരെ പലിശ ലഭിക്കുമെന്ന് വാഗ്ദാനം ചെയ്താണ് നിരവധി പേരെ വശീകരിച്ച് സാമ്പത്തിക കൊള്ള നടത്തിയത്.

3. സംസ്ഥാനത്ത് നടന്ന ഏറ്റവും വലിയ സാമ്പത്തിക തട്ടിപ്പായി കണക്കാക്കാവുന്ന ഹൈറിച്ച് കേസ്. ഹൈറിച്ച് എം.ഡിയെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) അറസ്റ്റ് ചെയ്ത വാർത്ത മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. കറൻസി ഇടപാടിലൂടെ കോടികൾ വിദേശത്തേക്ക് കടത്തിയെന്നും മൾട്ടി ചെയിൻ മാർക്കറ്റിങ്, ഓൺലൈൻ ഷോപ്പിംഗ് എന്നിവ വഴി കള്ളപ്പണ ഇടപാട് നടത്തിയെന്നുമാണ് ഇയാൾ

## എം.എൽ.എം തട്ടിപ്പുകൾ

പിരമിഡ് സ്കീമുകളായി ലാഭം വാഗ്ദാനം ചെയ്യുന്ന രീതിയാണ് മൾട്ടി ലെവൽ മാർക്കറ്റിംഗിൽ കാണപ്പെടുന്നത്. വലിയ ലാഭവാഗ്ദാനങ്ങൾ നൽകി നിക്ഷേപകരെ വശീകരിച്ച്, അവസാനം പണം കവരുകയാണ് പതിവ്. ചില ഉദാഹരണങ്ങൾ:

സ്പീക് ഏഷ്യ (2010 - 2011) എന്ന സിംഗപ്പൂരിൽ രജിസ്റ്റർ ചെയ്ത ഒരു കമ്പനി 11,000 രൂപ നൽകി അംഗമാകുന്നവർക്ക് അവർ നൽകുന്ന സർവേ ഫോം പൂരിപ്പിച്ചുനൽകിയാൽ വാർഷത്തിൽ 52,000 രൂപ നൽകുമെന്നായിരുന്നു വാഗ്ദാനം. ഈ വാഗ്ദാനത്തിലും പ്രാരംഭ ലാഭവിതരണങ്ങളിലും ആളുകൾ വശംവദരായി. 24 ലക്ഷം ഉപഭോക്താക്കളിൽ നിന്ന് ഏകദേശം 2,276 കോടിരൂപയുടെ നിക്ഷേപമാണവർ നേടിയത്. 2011 ഓടെ കമ്പനി പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും പണമിടപാട് നിർത്തിവെക്കുകയും ചെയ്തു. പിന്നീട് മുംബൈ എകണോമിക് ഒഫൻസസ് വിംഗ് നടത്തിയ അന്വേഷണത്തിൽ ഈ പണം വിദേശബാങ്കുകളിലേക്ക് മാറ്റിയതായി കണ്ടെത്തി.

ആംവേ ഇൻഡ്യ(2013), പിരമിഡ് സ്കീം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രതിസന്ധി നേരിട്ട ലോകപ്രശസ്ത എം.എൽ.എം കമ്പനിയാണ്. 2013 ൽ, ചട്ടങ്ങൾ ലംഘിച്ചതിന്റെ പേരിൽ ഇന്ത്യൻ ഭരണകൂടം ഇതിനെതിരെ കേസെടുത്തിരുന്നു. സാധനങ്ങളുടെ വിപണിവില ഉയർത്തി ഉപയോക്താക്കളിൽ നിന്ന് കൂടുതൽ ലാഭം നേടുന്നതാണ് പ്രധാന പ്രശ്നമായി ഉന്നയിക്കപ്പെട്ടത്. നിയമപരമായ പരിഷ്കാരങ്ങൾക്കു ശേഷം പ്രവർത്തനം തുടർന്നെങ്കിലും, ഈ കമ്പനി നിരന്തരം വിവാദങ്ങൾക്കു വിധേയമായി.

ഇത്തരം ഇടപാടുകളിൽ അകപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർധിക്കുകയാണ്. മെയ്യനങ്ങാതെ വരുമാനം നേടാനുള്ള താത്പര്യവും അമിതമായ സാമ്പത്തിക ഭ്രമവുമാണിതിലേക്ക് ആളുകളെ ആകൃഷ്ടരാക്കുന്നത്. അതുകൊണ്ടു തന്നെ ഇത്തരം തട്ടിപ്പുസംഘങ്ങൾ വലിയ തോതിൽ വർധിച്ചുവരുന്നു. വർഷങ്ങൾ കഴിയുമ്പോഴാണ് വലയിലകപ്പെട്ടത് പലരും തിരിച്ചറിയുന്നത്. ഫെഡറൽ ട്രേഡ് കമ്മീഷന്റെ 2020 ലെ കണക്ക് പ്രകാരം എം.എൽ.എമ്മിൽ ഏർപ്പെട്ട 99 ശതമാനം ആളുകൾക്കും പണം നഷ്ടപ്പെട്ടിട്ടുണ്ട്.

ക്കെതിരെ കേസ്. മണിചെയിൻ തട്ടിപ്പ്, കുഴൽപണം തട്ടിപ്പ്, ക്രിപ്റ്റോ കറൻസി തട്ടിപ്പ് എന്നിവയെല്ലാം അദ്ദേഹവും ഭാര്യയും ചേർന്നാണ് നടത്തിയത്. വിവിധ വ്യക്തികളിൽനിന്ന് പതിനായിരം രൂപ വീതം വാങ്ങി 1630 കോടി രൂപയാണ് സ്ഥാപനം തട്ടിയെടുത്തതെന്നാണ് ഇ.ഡി പറയുന്നത്. 126 കോടി രൂപയുടെ നികുതിവെട്ടിപ്പ് നടത്തിയതായി ജി.എസ്.ടി വകുപ്പിന്റെ റിപ്പോർട്ടുമുണ്ട്.

4. തിരുവനന്തപുരം വഞ്ചിയൂരിലെ ബി.എസ്.എൻ.എൽ എൻജിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എന്ന സ്ഥാപനം 350-ലധികം നിക്ഷേപകരെ കബളിപ്പിച്ചു. റിപ്പോർട്ടുകൾ പ്രകാരം സൊസൈറ്റിക്ക് 100 കോടിയോളം രൂപയുടെ നിക്ഷേപമുണ്ട്. നിക്ഷേപകരിൽ ഭൂരിഭാഗവും ബി.എസ്.എൻ.എല്ലിൽ നിന്നു വിരമിച്ച ജീവനക്കാരാണ്. 2022 നവംബർ മുതൽ തങ്ങളുടെ നിക്ഷേപവും പലിശയും തിരികെ നൽകാൻ സൊസൈറ്റി വിസമ്മതിച്ചപ്പോഴാണ് തട്ടിപ്പുകഥകൾ പുറത്തുവന്നത്. രജിസ്ട്രേഷൻ വകുപ്പ് നടത്തിയ പരിശോധനയിൽ നിക്ഷേപത്തട്ടിപ്പ് ഉൾപ്പെടെയുള്ള നിരവധി ക്രമക്കേടുകളാണ് കണ്ടെത്തിയത്.

നിക്ഷേപകരിൽ നിന്ന് സ്ഥിര നിക്ഷേപമായി സ്വീകരിച്ച തുക വ്യാജ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് നൽകി തട്ടിപ്പ് നടത്തുകയുമാണ് ചെയ്തത്. 92.73 കോടി രൂപയുടെ അഴിമതി നടന്നതായാണ് പ്രാഥമിക അന്വേഷണറിപ്പോർട്ട്. സഹകരണസംഘം രജിസ്ട്രാർ നിയോഗിച്ച അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകളെത്തുടർന്ന്, വ്യാജരേഖ ചമച്ചതായി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വഞ്ചിയൂർ പൊലീസ് ഐ.പി.സി 408, 409, 420, 477 എ, 34 വകുപ്പുകൾ പ്രകാരം കേസെടുക്കുകയും ചെയ്തു.

**ഫ്രീലാൻസ് സേവനങ്ങൾക്കായി ടെൽഅവീവ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫിവെർ ഇന്റർനാഷണൽ ലിമിറ്റഡ് എന്ന ബഹുരാഷ്ട്ര ഓൺലൈൻ കമ്പനി നടത്തിയ പഠനമനുസരിച്ച് 2021 ൽ മാത്രം 50000 ലധികം ഫ്രീലാൻസ് തട്ടിപ്പുകളാണ് നടന്നത്. ഫ്രീലാൻസ് ജോലികൾ വാഗ്ദാനം ചെയ്ത് പണം തട്ടുന്നതാണിതിന്റെ രീതി. കേരളത്തിലും ഇത്തരം തട്ടിപ്പുകൾ വ്യാപകമായി നടക്കുന്നുണ്ട്.**




## ഫ്രീലാൻസ്/ വർക്ക് അറ്റ് ഹോം തട്ടിപ്പ്

ഫ്രീലാൻസ് സേവനങ്ങൾക്കായി ടെൽഅവീവ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫിവെർ ഇന്റർനാഷണൽ ലിമിറ്റഡ് എന്ന ബഹുരാഷ്ട്ര ഓൺലൈൻ കമ്പനി നടത്തിയ പഠനമനുസരിച്ച് 2021 ൽ മാത്രം 50000 ലധികം ഫ്രീലാൻസ് തട്ടിപ്പുകളാണ് നടന്നത്. ഫ്രീലാൻസ് ജോലികൾ വാഗ്ദാനം ചെയ്ത് പണം തട്ടുന്നതാണിതിന്റെ രീതി. കേരളത്തിലും ഇത്തരം തട്ടിപ്പുകൾ വ്യാപകമായി നടക്കുന്നുണ്ട്. കോവിഡാനന്തരം വലിയ വർധനവാണ് ഇത്തരം കേസുകളിലുണ്ടായിട്ടുള്ളത്. ഒൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയാണിവർ ഇരപിടിക്കുന്നത്. സാമ്പത്തിക കവർച്ചയോടൊപ്പം ഡാറ്റാ കവർച്ചയും ഇത്തരം തട്ടിപ്പുകളുടെ ലക്ഷ്യമാണ്. ഫ്രീലാൻസ് രംഗത്ത് സുതാര്യമല്ലാത്ത പണമിടപാടുകളും കരാറുകളും പല തട്ടിപ്പുകൾക്കും വഴിയൊരുക്കുന്നു.

തട്ടിപ്പിന് പല രീതികളാണിവർ ഉപയോഗിക്കുന്നത്. ചിലത് പരിശോധിക്കാം.

പ്രോജക്റ്റ് തുടങ്ങാൻ

ഫ്രീലാൻസറെ പ്രത്യേക സോഫ്റ്റ്‌വെയറോ ഉപകരണങ്ങളോ വാങ്ങാൻ നിർബന്ധിക്കുന്ന രീതിയാണതിലൊന്ന്. സാധാരണ തട്ടിപ്പിന്റെ ഭാഗമാണ് ഇത്തരം ആവശ്യങ്ങൾ. മാന്യതയുള്ള തൊഴിൽദാതാക്കൾ ആവശ്യമായ പണം നൽകുമെന്ന വിശ്വാസമാണിതിന് ആധാരം. ഫ്രീലാൻസ് പ്ലാറ്റ്ഫോമുകളിൽ തങ്ങളുടെ പാസ്‌വേഡ് അല്ലെങ്കിൽ ഐ.ഡി നൽകുന്നതിലൂടെ വ്യക്തിഗത ഡാറ്റ ദുരുപയോഗം ചെയ്യുക, വാഗ്ദാനം ചെയ്ത ജോലി പൂർത്തിയായ ശേഷവും കുടിശ്ശിക നൽകാതിരിക്കുക തുടങ്ങിയ രീതികളും വ്യാപകമാണ്. പേഴ്സണൽ ലോഗിൻ ഡീറ്റെയിൽസുകൾ ആവശ്യപ്പെടുന്ന വ്യാജ ലിങ്കുകൾ നൽകുന്നതും ഫ്രീലാൻസർമാരെ കബളിപ്പിക്കാൻ ഉപയോഗിക്കുന്നു.

***കണ്ടെത്താൻ ശ്രമകരമായ തട്ടിപ്പുകളുടെ ചില ഉദാഹരണങ്ങൾ ഫ്രീലാൻസ് ഇൻഫോർമറിൽ നിന്ന് ഉദ്ധരിക്കാം:***

1. ശമ്പളമില്ലാത്ത ജോലി: ജോലി ലഭിച്ചതിനു ശേഷം തൊഴിൽദാതാക്കൾ അപ്രത്യക്ഷമാകുക, കരാറുകൾ ഉണ്ടായിട്ടും പണം നൽകാൻ വിസമ്മതിക്കുക, ന്യായീകരണമില്ലാതെ അതൃപ്തി അവകാശപ്പെടുക.

2. വ്യാജ പ്രോജക്റ്റുകൾ: വ്യക്തിഗത വിവരങ്ങളോ ക്രിയാത്മക ആശയങ്ങളോ മോഷ്ടിക്കാൻ നിലവിലില്ലാത്ത പ്രോജക്റ്റുകൾക്കുള്ള ഓഫറുകൾ നൽകുന്നു.

3. മുൻകൂർ പേയ്മെന്റ് തട്ടിപ്പുകൾ: ജോലി ആരംഭിക്കുന്നതിനു മുമ്പ് മുൻകൂർ പേയ്മെന്റ് ആവശ്യപ്പെട്ടു വാങ്ങി പണവുമായി അപ്രത്യക്ഷമാവുകയാണിതിന്റെ പതിവ്.

4. സ്കോപ്പ് ക്രീപ്പ്: പ്രതിഫലം ക്രമീകരിക്കാതെ സമ്മതിച്ച പരിധിക്കപ്പുറം അധികജോലി ആവശ്യപ്പെടുന്നു.

5. ബെയ്റ്റ് ആൻഡ് സ്വിച്ച്: ഉയർന്ന ശമ്പളമുള്ള പ്രോജക്റ്റ് വാഗ്ദാനം ചെയ്യുകയും പ്രാരംഭ വേതനം സ്വീകരിച്ചതിനു ശേഷം കുറഞ്ഞ ശമ്പളമുള്ള ജോലിയിലേക്ക് മാറ്റുകയും ചെയ്യുന്നു.

ഫ്രീലാൻസ് എഡിറ്റർമാർക്കും കോപ്പിറൈറ്റർമാർക്കും പ്രൂഫ്റീഡർമാർക്കും കോഴ്സുകൾ വാഗ്ദാനം ചെയ്യുന്ന വെബ്സൈറ്റായ നൗഡേയ്സ്.കോം ഫ്രീലാൻസ് തട്ടിപ്പുകളുടെ കുതന്ത്രങ്ങൾ തുറന്നുകാട്ടുന്ന ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലിങ്ങനെ പറയുന്നു: 'എത്രമാത്രം തന്ത്രപരവും വിപുലവുമായാണ് തട്ടിപ്പ് ആസൂത്രണം ചെയ്യുന്നത് എന്നതിനെ ആശ്രയിച്ച് ഏതൊരു ഫ്രീലാൻസറും കുരുക്കിലായേക്കാം. ചില തട്ടിപ്പുകൾ വളരെ ദുരൂഹമാണ്. അത് പലപ്പോഴും തിരിച്ചറിയാൻ വളരെ പ്രയാസമാണ്.'

## ഫേക്ക് ലോൺ തട്ടിപ്പ്

ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷന്റെ 2022 ലെ കണക്ക് പ്രകാരം 2.5 ബില്യൺ ഡോളറിന്റെ വ്യാജ ലോൺ തട്ടിപ്പുകൾ വർഷംതോറും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ചൈനീസ്, ഇന്ത്യൻ പൗരന്മാർ ചേർന്ന് നടത്തിയ ഒരു പ്രധാന ഫേക്ക് ലോൺ തട്ടിപ്പിന്റെ ഉദാഹരണം 2023 ൽ റിപ്പോർട്ട് ചെയ്തിരുന്നു. ഇരകളെ ഓൺലൈൻ ലോൺ അപ്ലിക്കേഷനുകൾ വഴി വലയിലകപ്പെടുത്തുകയും പിന്നീട് അവരിൽ നിന്ന് പണം പിരിക്കാൻ മോർഫ് ചെയ്ത ഫോട്ടോകൾ ഉപയോഗിച്ച് ഭീഷണിപ്പെടുത്തുകയും ചെയ്തു. ചണ്ഡീഗഡ് പൊലീസിന്റെ അന്വേഷണത്തെ തുടർന്ന് നാലുപേർ ഈ കേസിൽ അറസ്റ്റിലായത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അയൽ രാജ്യങ്ങളിൽ പ്രവർത്തിച്ചിരുന്ന തട്ടിപ്പുസംഘത്തെ പിടിക്കാൻ ശ്രമം നടന്നതും റിപ്പോർട്ടുകളിൽ കാണാം. ബാങ്ക് അക്കൗണ്ടുകളിലെയും ഷെൽ കമ്പനികളിലെയും പണം തിരിച്ചെടുത്ത് ക്രിപ്റ്റോകറൻസിയാക്കി മാറ്റുകയായിരുന്നു അവരുടെ രീതി. ഈ തട്ടിപ്പിന്റെ ഫലമായി മാനസിക സമ്മർദ്ദം താങ്ങാനാകാതെ 60 ഓളം പേർ ആത്മഹത്യ ചെയ്തെന്നാണ് റിപ്പോർട്ട്. കേരളത്തിലും ഇത്തരത്തിലുള്ള ഫേക്ക്‌ലോണിലകപ്പെട്ട സംഭവങ്ങൾ നിരവധിയുണ്ട്. വ്യാജ ആപ്പുകൾ വഴിയാണ് പലതും.

ഓൺലൈൻ ബിസിനസ് തട്ടിപ്പുകളിൽ അകപ്പെടുന്നവരെ സംബന്ധിച്ച വിവരങ്ങൾ വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വായിക്കാം.

## മുതിർന്നവരും യുവാക്കളും

മികച്ച നിക്ഷേപങ്ങൾ കൊതിക്കുകയും ശാന്തമായ ജീവിതം ആഗ്രഹിക്കുകയും ചെയ്യുന്ന 60 നു മുകളിൽ പ്രായമുള്ളവരും ഫ്രീലാൻസ് ജോലികൾ, ഇ-കോമേഴ്സ്, ക്രിപ്റ്റോകറൻസി നിക്ഷേപങ്ങൾ എന്നിവയിൽ

> മികച്ച നിക്ഷേപങ്ങൾ കൊതിക്കുകയും ശാന്തമായ ജീവിതം ആഗ്രഹിക്കുകയും ചെയ്യുന്ന 60 നു മുകളിൽ പ്രായമുള്ളവരും ഫ്രീലാൻസ് ജോലികൾ, ഇ-കോമേഴ്സ്, ക്രിപ്റ്റോകറൻസി നിക്ഷേപങ്ങൾ എന്നിവയിൽ അധികം ഇടപെടുന്ന 18-30 വരെ പ്രായമുള്ളവരുമാണ് കൂടുതലായി തട്ടിപ്പുകളിലകപ്പെടുന്നത്. 2021ലെ റിപ്പോർട്ട് പ്രകാരം, അമേരിക്കയിൽ മൊത്തം ജനസംഖ്യയിൽ 60 ശതമാനം വൃദ്ധരും ഓൺലൈൻ തട്ടിപ്പുകളിലകപ്പെട്ടിട്ടുണ്ട്.

## തട്ടിപ്പുരീതികൾ തിരിച്ചറിയാം

വ്യാജവെബ്സൈറ്റുകൾ, മെയിലുകൾ, ആപ്പുകൾ, സോഷ്യൽമീഡിയ ഐഡികൾ എന്നിവയാണ് തട്ടിപ്പുകൾക്ക് പ്രധാനമായും ഉപയോഗപ്പെടുത്തുന്നത്. പലപ്പോഴും, നിയമാനുസൃതമായ ബിസിനസ്സുകളുടെ ഇമെയിലുകൾ മോഷ്ടിച്ചുകൊണ്ടോ അല്ലെങ്കിൽ ഏതാണ്ട് സമാനമായവ സൃഷ്ടിച്ചോ തട്ടിപ്പുകാർ ആധികാരികത വരുത്താൻ ശ്രമിക്കുന്നു. കമ്പനി ബ്രാന്റ് നെയിമുകൾ, ലോഗോകൾ എന്നിവ ദുരുപയോഗം ചെയ്തും ചെറിയ മാറ്റങ്ങൾ വരുത്തിയും ഇങ്ങനെ ചെയ്യാറുണ്ട്.



ആശയവിനിമയം നടത്തുന്നവരുടെ ഇമെയിൽ വിലാസങ്ങളും ഒപ്പുകളും ശ്രദ്ധാപൂർവ്വം പരിശോധിക്കലും അവ യഥാർത്ഥമാണെന്ന് ഉറപ്പാക്കലുമാണ് ഇതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗം. കബളിപ്പിക്കാനുള്ള ശ്രമം പരിഗണിക്കാതെ തന്നെ, മിക്ക സ്കാമുകളിലും ചുവന്ന പതാകകൾ പോപ്പ്അപ്പ് ചെയ്യാറുണ്ട്. ഈ മുന്നറിയിപ്പടയാളം കാണിക്കുന്ന പുതിയ തൊഴിൽ ദാതാവുമായി കണക്റ്റ് ചെയ്യുകയാണെങ്കിൽ, ജാഗ്രത പാലിക്കുക.

പിഗ്ബുച്ചറിംഗ് എന്ന രീതിയാണ് തട്ടിപ്പിനായി സ്വീകരിക്കുന്ന മറ്റൊരു മാർഗം. ഉപഭോക്താക്കളുടെ വിശ്വാസം നേടിയെടുക്കുകയും അവരെ കൂടുതൽ നിക്ഷേപിക്കാൻ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും ഒടുവിൽ അക്കൗണ്ട് അപ്രത്യക്ഷമാവുകയുമാണ് ഈ രീതിയുടെ പതിവ്.

കമ്പനിയെക്കുറിച്ചോ അതിന്റെ സ്റ്റാഫിനെക്കുറിച്ചോ ഓൺലൈനിൽ വിവരങ്ങൾ ലഭ്യമാവും. സെർച്ചിംഗിൽ വിവരങ്ങൾ ലഭ്യമല്ലെങ്കിൽ, അല്ലെങ്കിൽ നിങ്ങൾ കാണുന്ന വിശദാംശങ്ങൾ അവർ നിങ്ങൾക്ക് നൽകിയതുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ (വ്യത്യസ്ത ഇമെയിലുകളോ ജീവനക്കാരുടെ പേരുകളോ പോലുള്ളവ), ബന്ധപ്പെടുന്ന വ്യക്തി/സ്ഥാപനം നമ്മെ കെണിയിലകപ്പെടുത്തുമെന്ന് തിരിച്ചറിയാനാവണം. അതിനുപുറമെ, ഇത്തരം തട്ടിപ്പുകൾ നേരിടാൻ അധികാരികൾ ചട്ടങ്ങൾ ശക്തമാക്കുകയും ഫിനാൻഷ്യൽ, സൈബർ സാക്ഷരത പ്രോത്സാഹിപ്പിക്കുകയും വേണം.

അധികം ഇടപെടുന്ന 18-30 വരെ പ്രായമുള്ളവരുമാണ് കൂടുതലായി തട്ടിപ്പുകളിലകപ്പെടുന്നത്. ഫെഡറൽ ട്രേഡ് കമ്മീഷന്റെ 2021ലെ റിപ്പോർട്ട് പ്രകാരം, അമേരിക്കയിൽ മൊത്തം ജനസംഖ്യയിൽ 60 ശതമാനം വൃദ്ധരും ഓൺലൈൻ തട്ടിപ്പുകളിലകപ്പെട്ടിട്ടുണ്ട്. 18-24 വയസ്സുള്ളവർ ക്രിപ്റ്റോ തട്ടിപ്പുകളിലാണ് ഏറ്റവും കൂടുതൽ അകപ്പെട്ടത്.

### പുതിയ നിക്ഷേപകർ

പുതിയ നിക്ഷേപകരും വലിയ തോതിൽ തട്ടിപ്പുകൾക്കിരയാകുന്നുണ്ട്. വ്യക്തിഗത സമ്പാദ്യത്തിലൂടെ എളുപ്പത്തിൽ ലാഭം പ്രതീക്ഷിക്കുന്നതാണ് തട്ടിപ്പിനിരയാവാനുള്ള കാരണം. 2022 ലെ എഫ്.ബി.ഐ ഇന്റർനെറ്റ് ക്രൈം റിപ്പോർട്ട് പ്രകാരം നിക്ഷേപത്തട്ടിപ്പുകൾ കാരണം 3.31 ബില്യൺ ഡോളറിന്റെ നഷ്ടമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### ഫ്രീലാൻസർമാർ

ഫ്രീലാൻസർമാർ/വർക്ക് ഫ്രം ഹോം ജോലി അന്വേഷിക്കുന്നവർ, ഇ കൊമേഴ്സ് ഉപഭോക്താക്കൾ എന്നിവരാണ് തട്ടിപ്പുകളിലകപ്പെടുന്ന മറ്റൊരു വിഭാഗം. അപ്‌വർക്ക് ഫ്രീലാൻസ് സ്കാം റിപ്പോർട്ട് അനുസരിച്ച്, 2021 ൽ മാത്രം അരലക്ഷത്തിലധികം ഫ്രീലാൻസർമാർ തട്ടിപ്പുകൾക്കിരയായി. ബെറ്റർ ബിസിനസ് ബ്യൂറോയുടെ കണക്ക് പ്രകാരം, 2020 ലെ കോവിഡ് കാലത്ത് 80,000 ലധികം ഇ കൊമേഴ്സ് ഉപഭോക്താക്കളാണ് തട്ടിപ്പിനിരയായത്.

### പരിചയക്കുറവുള്ളവർ

ടെക്നോളജിയിൽ പരിചയക്കുറവുള്ളവരും തട്ടിപ്പുകൾക്കിരയാവുന്നു. ഫിഷിങ്, മാൽവെയർ, വ്യാജ ഇമെയിൽ എന്നിവ വഴി പേഴ്സണൽ വിവരങ്ങൾ ചോർത്തപ്പെടുന്നവരും സാമ്പത്തിക നഷ്ടം സംഭവിക്കുന്നവരും ധാരാളമുണ്ട്. ടെക്നോളജിയിലെ പരിചയക്കുറവാണിതിന് കാരണം.

### പ്രവാസികളും ചെറുകിട സംരംഭകരും

വിദേശ നിക്ഷേപപദ്ധതികളിൽ പങ്കാളികളാകുന്ന പ്രവാസികളും ചെറുകിട സംരംഭകരും വലയിലാവുന്നുണ്ട്. 2021 ലെ ഇന്റർപോൾ എകണോമിക് ക്രൈം റിപ്പോർട്ട് പ്രകാരം പ്രവാസികളിൽ 50% പേർ ഫേക്ക് ഇൻവെസ്റ്റ്മെന്റിന് ഇരയാവുന്നു.

### ഉന്നതർ, ഉദ്യോഗസ്ഥർ

55 ലോൺ ആപ്പുകളിൽ നിന്നായി കടം വാങ്ങി കെണിയിൽ പെട്ട ഇരുപത്തിനാലുകാരിയായ കിർണി മൗനിക ഒരു സിവിൽ സർവീസ് ഉദ്യോഗസ്ഥയായിരുന്നു. നടേ പരാമർശിച്ച ബി.എസ്.എൻ.എൽ നിക്ഷേപത്തട്ടിപ്പിൽ കൂടുതലും ബി.എസ്.എൻ.എല്ലിൽ നിന്ന് വിരമിച്ച ജീവനക്കാരാണകപ്പെട്ടത്. ഉയർന്ന തലങ്ങളിലുള്ളവർ പോലും ഇത്തരം വലകളിലകപ്പെടുന്നത് വ്യാപകമാണെന്ന് ചുരുക്കം.

കവർസ്റ്റോറി

അബ്ദുല്ല ചെമ്പ്ര

# പാരന്റിംഗ് എന്ന മഹത്തായ കല



ഈയടുത്ത് ഒരു പ്രമുഖ മലയാളചാനൽ അവതാരകൻ പാരന്റിംഗിനെക്കുറിച്ച് പാലക്കാട് മേഴ്സികോളേജിലെ ഒരു വിദ്യാർത്ഥിനിയോട് ചോദിച്ച ചോദ്യവും അതിന് ആ കുട്ടി നൽകിയ മറുപടിയും സോഷ്യൽ മീഡിയയിൽ വൈറലായിരുന്നു. രക്ഷിതാക്കൾ രണ്ടു പേരും ഉദ്യോഗസ്ഥരായതിനാൽ, ജോലിത്തിരക്കു കാരണം അമ്മയിൽ നിന്നും അച്ഛനിൽ നിന്നും ചെറുപ്രായത്തിൽ തനിക്ക് അനുഭവിക്കാൻ കഴിയാതെ പോയ സ്നേഹവാത്സ്യത്തെക്കുറിച്ചോർത്ത് ആ പെൺകുട്ടി വിതുമ്പുന്നുണ്ട്.

പ്രിയപ്പെട്ടവർ കൂടെയില്ലാതിരുന്ന ആ നാളുകളെക്കുറിച്ച് ഓർത്തെടുത്തു പറയുമ്പോൾ അവളുടെ വാക്കുകൾ മുറിഞ്ഞുപോകുന്നു. ഇന്ന്, വലിയ തിരക്കുകൾക്കിടയിലും അവർ ഊഷ്മളമായി ബന്ധം പുലർത്തുന്നതെങ്ങനെയെന്നും പെൺകുട്ടി സംസാരത്തിന്റെ അവസാന ഭാഗത്ത് വിശദീകരിക്കുന്നുണ്ട്. അവളിന്ന് പഠനത്തിന്റെയും രക്ഷിതാക്കൾ ജോലിയുടെയും നൂറുകൂട്ടം തിരക്കുകളിലാണ്. എങ്കിലും, വീണുകിട്ടുന്ന ഓരോ ഒഴിവുനേരത്തും അവർ ഒരുമിച്ചിരിക്കുന്നു. മൊബൈൽ ഫോണുകൾ മാറ്റിവച്ച് ഒരു മേശക്ക് ചുറ്റുമിരുന്ന് പരസ്പരം മിണ്ടിപ്പറയുന്നു. ഓരോ കാര്യവും തുറന്നു സംസാരിക്കുന്നു.

ഭാവിയിൽ ഒരു കുഞ്ഞുണ്ടായാൽ ആ കുട്ടിയോടുള്ള സമീപനം എങ്ങനെയായിരിക്കുമെന്ന അവതാരകന്റെ ചോദ്യത്തിന് പെൺകുട്ടിയുടെ മറുപടിയിങ്ങനെ: 'രാവുംപകലുമില്ലാതെ കൈമെയ് മറന്ന് അധ്വാനിച്ച് മക്കളെ ഉന്നത കലാലയങ്ങളിൽ പഠിപ്പിച്ച് വലിയ ജോലി നേടിക്കൊടുക്കുക എന്നതിലപ്പുറം ഒരു നല്ല പേരന്റാവാൻ കഴിയുക, അവരോടുകൂടെ കൂടുതൽ സമയം ചെലവഴിക്കാൻ കഴിയുക എന്നതെല്ലാം വലിയ കാര്യമാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.'

ഡിഗ്രിക്കു പഠിച്ചുകൊണ്ടിരിക്കുന്ന ഒരു പെൺകുട്ടി പതിനഞ്ചോ ഇരുപതോ വർഷങ്ങൾക്കു മുമ്പ് നേരിട്ട അനുഭവമാണ് മുകളിൽ വിശദീകരിച്ചത്. പുതിയ കാലത്ത് സാഹചര്യം കൂടുതൽ

ചെറിയ മക്കളെ വല്യുപ്പയെയും വല്യുമ്മയെയും ഏൽപ്പിച്ച് ലണ്ടനിലും യു.കെയിലും ഗൾഫ് രാജ്യങ്ങളിലും താമസിക്കുന്ന രക്ഷിതാക്കൾ ഏറെയാണ്. കുട്ടികൾക്ക് നൽകേണ്ട സ്നേഹവും പരിലാളനയും ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ പലരും മറന്നുപോകുന്നു. അതിന്റെ ദുരന്തഫലം അനുഭവിക്കാതിരിക്കില്ലെന്നോർക്കണം. കുട്ടികളുമായി നല്ല നിലയിൽ ആശയവിനിമയം നടത്താനും മികച്ച ബന്ധം കാത്തുസൂക്ഷിക്കാനും പല വഴികളുമുണ്ട്.

വഷളായിരിക്കുന്നു. ഇന്നേറെ സ്ത്രീകളും ജോലിയെടുക്കുന്നവരാണ്. നല്ലതുതന്നെ. എന്നാൽ സമ്പത്ത് സ്വരുക്കൂട്ടാനും മികച്ച ജീവിതനിലവാരം കൈവരിക്കാനുമുള്ള ഓട്ടത്തിനിടയിൽ നമ്മുടെ പ്രിയപ്പെട്ട മക്കളെ കാണാനും സംസാരിക്കാനും അവർക്കു വേണ്ട പരിഗണന നൽകാനും മറന്നുപോകരുത്.

ചെറിയ മക്കളെ വല്യുപ്പയെയും വല്യുമ്മയെയും ഏൽപ്പിച്ച് ലണ്ടനിലും യു.കെയിലും ഗൾഫ് രാജ്യങ്ങളിലും താമസിക്കുന്ന രക്ഷിതാക്കൾ ഏറെയാണ്. കുട്ടികൾക്ക് നൽകേണ്ട സ്നേഹവും പരിലാളനയും ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ പലരും മറന്നുപോകുന്നു. അതിന്റെ ദുരന്തഫലം അനുഭവിക്കാതിരിക്കില്ലെന്നോർക്കണം. കുട്ടികളുമായി നല്ല നിലയിൽ ആശയവിനിമയം നടത്താനും മികച്ച ബന്ധം കാത്തുസൂക്ഷിക്കാനും പല വഴികളുമുണ്ട്. അവ പരിചയപ്പെടാം.

## പരസ്പരം പങ്കുവെക്കുക

കുട്ടികൾ സ്കൂൾവിട്ടെത്തിയാൽ അവരോട് അന്നത്തെ സ്കൂൾ അനുഭവങ്ങളെക്കുറിച്ച് ചോദിക്കാം. വൈവിധ്യമാർന്ന അനുഭവങ്ങളാകും അവർക്ക് ഓരോ ദിവസവും പറയാനുണ്ടാവുക. അവരുടെ നല്ല ദിവസങ്ങൾക്ക് അഭിനന്ദനങ്ങളർപ്പിക്കുകയും പ്രതിസന്ധി നിറഞ്ഞ ദിവസങ്ങളെ എങ്ങനെ തരണം ചെയ്യണമെന്ന പാഠം പകർന്നു നൽകുകയും ചെയ്യണം. കുട്ടികളുടെ ഭാഷയിലായിരിക്കണം ചോദ്യങ്ങൾ. എന്തെങ്കിലുമൊക്കെ ചോദിച്ചു എന്ന് വരുത്തുന്നതിലപ്പുറം അവരെ പൂർണമായി കേൾക്കാൻ സന്മനസ്സുള്ള പ്രായപ്പെട്ടവരുടെ ചോദ്യമാണുണ്ടാകേണ്ടത്. അലസമായി ചോദിക്കുമ്പോൾ കുട്ടികൾ അലസമായേ മറുപടി പറയൂ. രാത്രി ഭക്ഷണം കഴിക്കുമ്പോഴോ ഉറങ്ങാൻ കിടക്കുന്ന വേളയിലോ സ്കൂളിലെ കാര്യങ്ങൾ ചോദിച്ചാൽ അവർ നന്നായി മറുപടി പറയാൻ സാധ്യതയുണ്ട്.

കുട്ടികളിലെ ചിന്താശേഷിയെ ഉത്തേജിപ്പിക്കാനായി മനപ്പൂർവ്വം ചില ചോദ്യങ്ങൾ കുട്ടികളോട് ചോദിക്കാം. ഇന്ന് ക്ലാസിൽ പഠിച്ച ഏറ്റവും ഇഷ്ടപ്പെട്ട കാര്യമെന്തായിരുന്നു? നന്നായി ഭക്ഷണം കഴിച്ചില്ലേ? ഒഴിവുസമയങ്ങളിൽ എന്താണ് ചെയ്യാറുള്ളത്? ആരോടൊപ്പമാണ് കളിക്കാറുള്ളത്? എന്തെല്ലാം കളികളിലേർപ്പെടാറുണ്ട്? നീ സ്കൂൾ ഹെഡ്മാസ്റ്ററോ പ്രിൻസിപ്പലോ ആയാൽ സ്കൂളിൽ എന്തു മാറ്റമാണ് വരുത്തുക? ഇത്തരം ചോദ്യങ്ങളിൽ തുടങ്ങി കുട്ടികളുമായി നന്നായി സംസാരിക്കാം. സംസാരിച്ചു തുടങ്ങിയാൽ അവർ തന്നിലേക്കും ചുറ്റുമുള്ളവരിലേക്കും ചിന്തകൾ പായിക്കും. കുഞ്ഞുപ്രായത്തിൽ തന്നെ അവരുടെ മനസ്സിൽ മുളപൊട്ടുന്ന ചിന്തകൾ അറിയാനും പ്രോത്സാഹിപ്പിക്കേണ്ടവ പ്രോത്സാഹിപ്പിക്കാനും തിരുത്തേണ്ടവ തിരുത്താനും ഇതുവഴി സാധിക്കുന്നു. കുട്ടികളുടെ മാനസിക തലം അറിയാൻ കഴിയാത്തതാണ് പുതിയ കാലത്ത് രക്ഷിതാക്കൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന്.

## നല്ല ശീലങ്ങൾ

ജീവിതത്തിൽ ചില ചിട്ടകളും ശീലങ്ങളുമുണ്ടാകണം. മികച്ച ഭാവി കെട്ടിപ്പടുക്കുന്നതിൽ ജീവിതത്തിലെ നിഷ്ഠകൾക്കും ശീലങ്ങൾക്കും വലിയ പങ്കുണ്ട്. ദിവസവും ചെയ്യേണ്ട അനിവാര്യ കാര്യങ്ങളെക്കുറിച്ച് കുട്ടികളെ ഇത് ബോധവാന്മാരാക്കും. സ്കൂളിൽ പോകുന്നതിനു മുമ്പും സ്കൂൾ വിട്ടു വന്നതിനുശേഷവും ചെയ്യേണ്ട ഒത്തിരി കാര്യങ്ങളുണ്ടാകും, ലളിതമായ കാര്യങ്ങൾ. കുട്ടികൾക്ക് വേണ്ടി നീക്കിവെക്കുന്ന ഈ സമയങ്ങൾ കുറച്ചുകൂടി സർഗാത്മകമായി ക്രമീകരിച്ചാൽ അവരുമായുള്ള ബന്ധം ഊഷ്മളമാക്കാൻ പ്രയാസമുണ്ടാവില്ല.

ഉദാഹരണത്തിന്, സ്കൂളിൽ പോകുന്നതിനു മുമ്പ് കുളിക്കുന്ന സമയം നേരത്തെ നിശ്ചയിക്കാം. എന്നും ആ സമയത്ത് കുട്ടിയോട് കുളിക്കാനാവശ്യപ്പെടണം. ഇതൊരു ശീലമായിക്കഴിഞ്ഞാൽ കുട്ടികൾ ആ സമയമാകുമ്പോൾ താനെ കുളിമുറിയിലെത്തും.

ഉറങ്ങാൻ കിടക്കുന്ന സമയവും ശീലങ്ങൾ രൂപപ്പെടുത്താൻ മികച്ച അവസരമാണ്. ഉറങ്ങാൻ കിടക്കുമ്പോൾ നല്ല കഥകൾ പറഞ്ഞുകൊടുക്കാം. കുട്ടികൾ കഥകൾ വായിച്ചു കേൾപ്പിക്കുന്ന രീതിയും പ്രയോഗിക്കാം. കഥകൾ കുട്ടികളുടെ ഭാവനയെ മെച്ചപ്പെടുത്താനും ഗുണപാഠങ്ങൾ നൽകാനും സഹായിക്കും. രക്ഷിതാക്കളുമായുള്ള കുട്ടിയുടെ വൈകാരിക ബന്ധം കഥപറച്ചിലിലൂടെ കൂടുതൽ മനോഹരമാവുകയും ചെയ്യും.


വായിക്കാൻ കഴിയുന്നതോ ചിത്രങ്ങൾ കണ്ട് മനസ്സിലാക്കാൻ കഴിയുന്നതോ ആയ ബാലപ്രസിദ്ധീകരണങ്ങൾ കുട്ടികൾക്ക് വാങ്ങിക്കൊടുക്കണം. ചില കഥകൾ എത്ര തവണ വായിച്ചാലും മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്താലും മടുപ്പനുഭവപ്പെടുകയില്ല. പുസ്തകങ്ങൾ കുട്ടികളുടെ പ്രിയപ്പെട്ട കൂട്ടുകാരാക്കി മാറ്റണം. സ്ക്രീനുകളുടെ അടിമത്തത്തിൽ നിന്ന് രക്ഷപ്പെടാൻ ഇതവരെ സഹായിക്കും.

## നേട്ടങ്ങളെ ആഘോഷിക്കാം

കുട്ടികളുടെ ഓരോ ചെറിയ നേട്ടവും വലിയ ആഘോഷമാക്കുക. ആ വിജയം തന്റെ രക്ഷിതാക്കൾക്ക് വലിയ സന്തോഷമായെന്നും അഭിമാനമായെന്നും കുട്ടിയുടെ മനസ്സിൽ തോന്നണം. പരീക്ഷയിൽ ഉന്നത റാങ്ക് ലഭിക്കുമ്പോഴും മികച്ച കലാപ്രകനങ്ങൾ കാഴ്ചവെക്കുമ്പോഴും മാത്രമല്ല പോസിറ്റീവായ ഏതു കാര്യം ചെയ്യുമ്പോഴും അതിന് പ്രോത്സാഹനം നൽകണം, അതെത്ര ചെറിയ കാര്യമായാലും. ചെറിയ സാമ്പത്തികമാർഗങ്ങൾ കണ്ടെത്താൻ കുട്ടികൾ ശ്രമിക്കുമ്പോൾ പഠനത്തെ ബാധിക്കാത്ത വിധത്തിൽ അതിനെ ക്രമീകരിക്കാൻ രക്ഷിതാക്കൾ സഹായിക്കണം. കുട്ടികളുടെ അഭിരുചികൾ കണ്ടെത്താനും അവരുടെ ഭാവിക്കനുഗുണമാകുന്നവയെ പ്രോത്സാഹിപ്പിക്കാനും രക്ഷിതാക്കൾക്ക് കഴിയണം. കുട്ടികൾ സ്വന്തമായി ഒരു നന്മ ചെയ്യുമ്പോൾ അവരെ അഭിനന്ദിക്കണം. ആ നിമിഷം അനേകായിരം വിജയങ്ങൾ കൊയ്തെടുക്കാനുള്ള ഊർജ്ജം അവർക്ക് നൽകും.

## അവർ തീരുമാനിക്കട്ടെ

തീർത്താൽ തീരാത്തത്ര ജോലിഭാരങ്ങളുണ്ടെങ്കിലും അല്പ സമയം മനപ്പൂർവ്വം കുട്ടികൾക്ക് വേണ്ടി മാറ്റിവയ്ക്കാൻ രക്ഷിതാക്കൾ തയ്യാറാകണം. ഒരു പുതിയ കാര്യം ചെയ്യുമ്പോൾ കുട്ടികളോട് അഭിപ്രായം തേടാം.



പരീക്ഷയിൽ ഉന്നത റാങ്ക് ലഭിക്കുമ്പോഴും മികച്ച കലാപ്രകനങ്ങൾ കാഴ്ചവെക്കുമ്പോഴും മാത്രമല്ല പോസിറ്റീവായ ഏതു കാര്യം ചെയ്യുമ്പോഴും അതിന് പ്രോത്സാഹനം നൽകണം, അതെത്ര ചെറിയ കാര്യമായാലും. ചെറിയ സാമ്പത്തികമാർഗങ്ങൾ കണ്ടെത്താൻ കുട്ടികൾ ശ്രമിക്കുമ്പോൾ പഠനത്തെ ബാധിക്കാത്ത വിധത്തിൽ അതിനെ ക്രമീകരിക്കാൻ രക്ഷിതാക്കൾ സഹായിക്കണം.

**കുഞ്ഞുങ്ങളുമൊത്ത് ലൈബ്രറിയിലോ ഉദ്യാനങ്ങളിലോ പോകാം. അവർക്ക് പുസ്തകങ്ങളുടെയും വായനയുടെയും വലിയ ലോകം പരിചയപ്പെടുത്താം. അനുയോജ്യമായ കുഞ്ഞുപുസ്തകങ്ങളെ നിർദ്ദേശിക്കാം. വായിക്കാൻ പ്രേരിപ്പിക്കാം. ഓരോ യാത്രകളിലും നമ്മൾ എത്ര സമയം ചെലവഴിച്ചു എന്നതല്ല, എത്ര മനോഹരമായ ഓർമ്മകൾ സമ്മാനിച്ചു എന്നതാണ് ആലോചിക്കേണ്ടത്.**

'നമുക്കൊരുമിച്ചു ചെയ്യാം' എന്ന വിധത്തിലാണ് ഓരോ കാര്യവും ആരംഭിക്കേണ്ടത്. കുട്ടികളുടെ തിരഞ്ഞെടുപ്പിന് മുൻഗണന നൽകുമ്പോൾ അവർക്കു രക്ഷിതാവിനോടുള്ള അടുപ്പവും ആത്മവിശ്വാസവും വർധിക്കും. മാത്രമല്ല, സ്വന്തം മക്കളെക്കുറിച്ചും അവന്റെ അഭിരുചികളെക്കുറിച്ചും കൂടുതൽ അറിയാനും സാധിക്കും.

## നേരിട്ട് സംസാരിക്കാം

മൊബൈൽ ഫോണും സ്ക്രീനും പാടെ ഒഴിവാക്കിയുള്ള ജീവിതം പുതിയതലമുറയിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം ദുഷ്കരമായിരിക്കും. സ്കൂളിലും വീട്ടിലും ജോലി സ്ഥലത്തുമൊക്കെ സ്ക്രീൻ അനിവാര്യ ഘടകമായി മാറിയിരിക്കുന്നു. എങ്കിലും ഇടയ്ക്കിടെ എല്ലാം മാറ്റിവച്ച് അവരോടൊപ്പം പുറത്തേക്കിറങ്ങുന്നത് മികച്ച അനുഭവമാകും.

സാമൂഹ്യജീവിയായ മനുഷ്യൻ ഇന്ന് സമൂഹമാധ്യമജീവി കൂടിയാണ്. കുറഞ്ഞ നേരത്തേക്കെങ്കിലും സമൂഹമാധ്യമങ്ങളിൽ നിന്ന് മാറിനിൽക്കുന്നത് വലിയ പ്രയാസം സൃഷ്ടിക്കും. മക്കൾ നാട്ടിലും രക്ഷിതാക്കൾ വിദേശത്തുമുള്ള സാഹചര്യങ്ങളുണ്ട്. അതുകാരണം ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വലുതാണ്. എന്നാൽ അതിനെക്കാൾ സങ്കീർണമാണ് രക്ഷിതാക്കളും കുട്ടികളും വീട്ടിലുണ്ടായിരുന്നിട്ടും രണ്ടുപേരും രണ്ടു ലോകത്തിരിക്കുന്നത്. കുഞ്ഞിന് മൊബൈൽ ഫോൺ നൽകി സമാധാനത്തോടെ പണിയെടുക്കുന്ന ധാരാളം രക്ഷിതാക്കൾ നമുക്കിടയിലുണ്ട്. ഇതൊക്കെ ഏറെ അപകടസാധ്യതയുള്ള താണെന്ന കാര്യം മറക്കരുത്.

എല്ലാ സ്ക്രീനുകളും മനപ്പൂർവം ഒഴിവാക്കി ഒരുമിച്ചിരിക്കാനും ഒന്നിച്ച് കാര്യങ്ങൾ ചെയ്യാനും സമയം കണ്ടെത്തുക എന്നതാണ് പ്രധാനം. കുറഞ്ഞ നേരമാണെങ്കിലും ക്വാളിറ്റിയുള്ളതാകാൻ ശ്രദ്ധിക്കണം. ഇങ്ങനെയുള്ള നേരങ്ങളെയും നന്നായി പ്ലാൻ ചെയ്യണം. കുട്ടികളുടെ കൂടി സഹായത്തോടെ വീട്ടിൽ എന്തെങ്കിലും പ്രത്യേക വിഭവങ്ങൾ തയ്യാറാക്കാം. കുട്ടികളുടെ കൂടെയിരുന്ന് ഒരു പുസ്തകം വായിക്കാം, അല്ലെങ്കിൽ ഒരുമിച്ച് പുറത്തേക്കിറങ്ങിയുള്ള ഒരു നടത്തമോ അയൽവാസികളോടുള്ള സംസാരമോ ആവാം. വീടിനരികിൽ പ്രകൃതിയുടെ പച്ചപ്പുണ്ടെങ്കിൽ കുഞ്ഞുങ്ങളുടെ കൈ പിടിച്ച് അതിലൂടെ നടന്നു സംസാരിക്കാം. ഇതെല്ലാം കുട്ടികൾക്ക് നവ്യാനുഭവമായിരിക്കും.

## അവർക്കായി ഒരു ദിനം

സോഷ്യൽമീഡിയ ഒഴിവാക്കി കുട്ടികളോട് സംവദിക്കാൻ സമയം കണ്ടെത്തുന്നതു പോലെ പ്രധാനമാണ് അവരോടൊപ്പമുള്ള ചെറിയ യാത്രകൾ. ചെറിയ കുഞ്ഞുങ്ങളുമൊത്ത് ലൈബ്രറിയിലോ ഉദ്യാനങ്ങളിലോ പോകാം. അവർക്ക് പുസ്തകങ്ങളുടെയും വായനയുടെയും വലിയ ലോകം പരിചയപ്പെടുത്താം. അനുയോജ്യമായ കുഞ്ഞുപുസ്തകങ്ങളെ നിർദ്ദേശിക്കാം. വായിക്കാൻ പ്രേരിപ്പിക്കാം. ഓരോ യാത്രകളിലും നമ്മൾ എത്ര സമയം ചെലവഴിച്ചു എന്നതല്ല, എത്ര മനോഹരമായ ഓർമ്മകൾ സമ്മാനിച്ചു എന്നതാണ് ആലോചിക്കേണ്ടത്. മനുഷ്യമനസ്സുകളെ പരസ്പരം അടുപ്പിക്കാനും വേർപിരിക്കാനുമുള്ള സവിശേഷമായ ശേഷി യാത്രകൾക്കുണ്ട്. ഒരു മനുഷ്യനെക്കുറിച്ച് നന്നായി അറിയണമെങ്കിൽ അയാളോട് കൂടെ യാത്ര ചെയ്താൽ മതിയെന്ന് പറയാറുണ്ടല്ലോ. മനം കുളിർപ്പിക്കുന്ന മനോഹരമായ ഓർമകൾ സമ്മാനിച്ചാകണം ഓരോ യാത്രയും അവസാനിക്കേണ്ടത്.

## പാചകം ഒരുമിച്ച്

സ്കൂളിലേക്ക് ഏതു തരം ഭക്ഷണമാണ് വേണ്ടത് എന്ന കാര്യം കുട്ടികളുമായി കൂടിയാലോചിക്കാം. കൂടിയാലോചനയിൽ മാത്രമല്ല പാചകവേളയിലും അവരെ ഉൾപ്പെടുത്തുക. ഭക്ഷണത്തിൽ അവരുടെ ഇഷ്ടങ്ങളും താൽപര്യങ്ങളും ചോദിച്ചറിയുക. വീട്ടിൽ ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തി തന്നെ ഏറ്റവും രുചികരമായ ഭക്ഷണവും സ്നാക്സുകളും തയ്യാറാക്കാം. ഇത്തരം വേളകളിൽ കുട്ടികളുമായി കാര്യങ്ങൾ തുറന്ന് സംസാരിക്കാനും ചർച്ച ചെയ്യാനും സാധിക്കും. രക്ഷിതാക്കളുടെ അവസ്ഥകളെക്കുറിച്ച് ഒന്നുമറിയാതെ കാണുന്നതിനെല്ലാം വാശിപിടിക്കുന്ന കുട്ടികളെ ഇത്തരം പരിശീലനങ്ങളിലൂടെ പക്വതയുള്ളവരാക്കി മാറ്റാൻ സാധിക്കും. എത്ര സമ്പത്ത് ചെലവഴിച്ചാലും, വിഭവങ്ങൾ നൽകിയാലും അതൊന്നും ഉമ്മയുടെ സ്നേഹത്തിനും ഉപ്പയുടെ ലാളനക്കുമൊപ്പമെത്തില്ലല്ലോ. അതുകൊണ്ട് എത്ര തിരക്കുകൾക്കിടയിലും മക്കൾക്കായി സമയം കണ്ടെത്തുക.

ലൈഫ്സ്റ്റൈൽ

സൈനുദ്ദീൻ ശാമിൽ ഇർഫാനി മാണൂർ

# റീലുകളിൽ വളരുന്ന മക്കൾ

മാധ്യമങ്ങളുടെ മാസ്മരിക ശക്തിയിലും സ്വാധീനവലയത്തിലും ലോകം അമർന്നിരിക്കുകയാണിന്ന്. അനുഭവങ്ങൾ പങ്കുവെക്കാനും മറ്റുള്ളവരുമായി ഇടപഴകാനും കഴിയുന്നതിലപ്പുറം സമൂഹമാധ്യമങ്ങളുടെ സ്വാധീനം പുതുതലമുറയിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്. പേരിനും പ്രശസ്തിക്കും വേണ്ടി ഏതു സാഹസപ്രകടനവും ചെയ്യാൻ മടിയില്ലാത്ത വിഭാഗമായി പുതുതലമുറ മാറിക്കഴിഞ്ഞിട്ടുണ്ട്.



## വൈറലാകാൻ എന്തും

റീൽസ് തരംഗത്തിന്റെ കാലമാണിത്. വൈറലാകാൻ എന്തു തരം റീൽസുകളും ചെയ്യുന്നവരെയാണ് നാം നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത്. റീൽസ് എടുക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങളും സ്ഥിരമായി വാർത്തയാകാറുണ്ട്. ഒരു യുവതിയുടെ വീഡിയോ ഈയിടെ ഏറെ വൈറലായിരുന്നു. റോഡിൽ അപകടം നടന്നതു പോലും കണക്കാക്കാതെ യുവതി തന്റെ റീൽസിനായുള്ള നൃത്തം തുടരുന്ന ദൃശ്യമായിരുന്നു അതിൽ. സമൂഹത്തിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന കാഴ്ചകളിൽ ഒന്നു മാത്രമാണിത്.

സമൂഹമാധ്യമങ്ങളിൽ വൈറലാകാൻ വേണ്ടി ഏതു നിയമവിരുദ്ധ പ്രവർത്തനത്തിനും പുതുതലമുറ സന്നദ്ധരാണ്. ഈയിടെ റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങളിൽ പലതും 'വൈറൽ' ജ്വരം ബാധിച്ചതിന്റെ ഫലമായി ഉണ്ടായതാണ്. റീൽ ചിത്രീകരിക്കാൻ വേണ്ടി റെയിൽവേട്രാക്കിലൂടെ വാഹനമോടിച്ച സംഭവത്തിൽ രാജസ്ഥാനിലെ ജയ്പൂരിൽ ഒരാൾ പിടിയിലായ വാർത്ത അതിലൊന്നാണ്. പാളത്തിലൂടെ വന്ന ഒരു ചരക്കുതീവണ്ടിയിൽ നിന്ന് അയാൾ കഷ്ടിച്ച് രക്ഷപ്പെടുകയായിരുന്നു.

ഡ്രൈവിങ് അറിയാതെ കാർ ഓടിച്ച് ഇൻസ്റ്റഗ്രാം റീൽ എടുക്കാനുള്ള ശ്രമത്തിനിടെ ഇരുപത്തിമൂന്നുകാരി മരിച്ചത് മുബൈയിലാണ്. മഹാരാഷ്ട്രയിലെ ഔറംഗാബാദിലുള്ള ഛത്രപതി സംഭാജിനഗർ സ്വദേശിനിയാണ് കാർ താഴ്ചയിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചത്.

റീൽ ഷൂട്ട് ചെയ്യുന്നതിനിടെ ബൈക്കും കാറും കൂട്ടിയിടിച്ച് രാജസ്ഥാനിലെ അൽവാറിൽ രണ്ട് യുവാക്കൾ മരിച്ചിരുന്നു. ബൈക്ക് സ്റ്റണ്ടിന്റെ റീൽ ഷൂട്ട് ചെയ്യുന്നതിനിടെയാണ് അപകടമുണ്ടായത്. ബംഗ്ലാദേശിൽ റെയിൽവേ ട്രാക്കിനോട് ചേർന്നു നിന്ന് വീഡിയോ പകർത്താൻ ശ്രമിച്ച ഒരു കൗമാരക്കാരനെ ചീറിപ്പാഞ്ഞുവന്ന

ട്രെയിൻ ഇടിച്ചു തെറിപ്പിക്കുന്ന രംഗവും വാർത്തയിൽ നിറഞ്ഞിരുന്നു. മൊബൈൽഫോണിൽ റീൽ ചിത്രീകരിക്കവെ വിദ്യാർത്ഥികൾ ട്രെയിൻ തട്ടി മരിച്ച വാർത്ത മഹാരാഷ്ട്രയിൽ നിന്നും ഈയിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു.

ശ്രീനഗറിൽ നാലു യുവാക്കൾ കാറിൽ സഞ്ചരിക്കവേ മുൻസീറ്റിലിരുന്നയാൾ ഫെയ്സ്ബുക്ക് ലൈവ് തുടങ്ങിയതും ആ വാഹനം പിന്നീട് അപകടത്തിൽപ്പെട്ടതും മറ്റൊരു വാർത്ത. രാജ്യത്തെ ആദ്യത്തെ ഫെയ്സ്ബുക്ക് ലൈവ് ആക്സിഡന്റ് എന്ന പേരിലാണ് പ്രസ്തുത വീഡിയോ പ്രചരിച്ചത്. സോഷ്യൽ മീഡിയയിലെ ലൈക്കിനും കമന്റിനും വേണ്ടി 'ജീവൻ ത്യജിക്കാൻ' പോലും മടിയില്ലാത്ത തലമുറയാണ് ഇന്നുള്ളത് എന്നു ചുരുക്കം.

## സാംസ്കാരിക മൂല്യച്യുതി

റീൽസുകൾ വരുത്തുന്ന ഇത്തരത്തിലുള്ള ശാരീരികമായ അപകടങ്ങളെക്കാൾ മാരകമാണ് അവ മനുഷ്യമനസ്സുകളിൽ സൃഷ്ടിക്കുന്ന സാംസ്കാരിക ജീർണ്ണതകൾ; കുരുന്നുമനസ്സുകളിൽ വിശേഷിച്ചും. റീൽസുകളിൽ പലതും അധമസംസ്കാരത്തെയാണ് പ്രകാശിപ്പിക്കുന്നത്.

നവമാധ്യമങ്ങൾ ഏറ്റവുമധികം സ്വാധീനിക്കുന്നത് കുഞ്ഞുങ്ങളെയും കൗമാരക്കാരെയുമാണ്. സ്ഥിരമായി റീലുകൾ കാണുന്ന കുട്ടികളിൽ അവ വലിയ സ്വാധീനമാണ് ചെലുത്തുന്നത്.

മൊബൈൽ എടുക്കരുതെന്നോ ഇന്റർനെറ്റ് ഉപയോഗിക്കരുതെന്നോ കുട്ടികളോട് പറയാൻ സാധ്യമല്ലാത്ത കാലമാണിത്. പഠനത്തിനും ആശയവിനിമയത്തിനുമുള്ള അനിവാര്യ മാർഗമായി മാറിക്കഴിഞ്ഞിട്ടുണ്ടത്. മാധ്യമങ്ങളെ ശരിയായി കൈകാര്യം ചെയ്യുകയാണെങ്കിൽ കുട്ടികളുടെ വൈജ്ഞാനികവളർച്ചക്കും ബുദ്ധിവികാസത്തിനും ഏറെ സഹായകമാണ് താനും. വാർത്തകൾ വേഗം എത്തിക്കുവാൻ മാ

**മൊബൈൽ എടുക്കരുതെന്നോ ഇന്റർനെറ്റ് ഉപയോഗിക്കരുതെന്നോ കുട്ടികളോട് പറയാൻ സാധ്യമല്ലാത്ത കാലമാണിത്. പഠനത്തിനും ആശയവിനിമയത്തിനുമുള്ള അനിവാര്യ മാർഗമായി മാറിക്കഴിഞ്ഞിട്ടുണ്ടത്. ശരിയായി കൈകാര്യം ചെയ്യുകയാണെങ്കിൽ കുട്ടികളുടെ വൈജ്ഞാനികവളർച്ചക്കും ബുദ്ധിവികാസത്തിനും ഏറെ സഹായകമാണ് താനും.**



ത്രമല്ല, സാമൂഹ്യ സാംസ്കാരിക പുരോഗതികളിൽ മനുഷ്യനെ പങ്കുകാരാക്കുവാനും മാധ്യങ്ങൾ സഹായിക്കുന്നുണ്ട്. ലോകത്തിന്റെ മുക്കുമൂലകളിൽ നടക്കുന്ന സംഭവങ്ങൾ അനുനിമിഷം നമ്മുടെ വിരൽ തുമ്പിലെത്തുന്നത് ഇത്തരം മാധ്യമങ്ങൾ വഴിയാണല്ലോ. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വിദ്യാഭ്യാസ പുരോഗതിക്കും ധാർമ്മിക വളർച്ചയ്ക്കുമെല്ലാം ഉപകാരപ്രദമാണ്.

## സമൂഹത്തിന്റെ കണ്ണാടി

സമൂഹത്തിലെ നന്മകളും തിന്മകളും ഒരുപോലെ പ്രതിഫലിക്കുന്ന കണ്ണാടിയാണ് മാധ്യമങ്ങൾ. നമ്മുടെ സ്വഭാവം, പെരുമാറ്റം, ഇഷ്ടാനിഷ്ടങ്ങൾ, ആഘോഷങ്ങൾ എന്നിവയുടെയെല്ലാം മാർഗ്ഗരേഖയായി മാധ്യമങ്ങൾ മാറുന്നുണ്ട്. അതുകൊണ്ടുതന്നെ പഠനാവശ്യങ്ങളില്ലാത്ത കുട്ടികളെ ഇത്തരം ഉപകരണങ്ങളിൽ നിന്ന് തന്ത്രപൂർവം മാറ്റി നിർത്താൻ മാതാപിതാക്കൾക്ക് കഴിയണം. പിഞ്ചു പൈതങ്ങൾ മൊബൈലിന് അടിമയാകുന്നത് വലിയ വിപത്തുകൾക്ക് കാരണമാകും. എല്ലാം മനസ്സിനകത്ത് കൊത്തിവയ്ക്കുന്ന ഒരു പ്രായത്തിൽ കിട്ടുന്ന സ്രോതസ്സുകൾ ശരിയായിട്ടില്ലെങ്കിൽ കുട്ടിയുടെ

സ്വഭാവരൂപീകരണത്തിൽ അവ വിപരീതഫലങ്ങളാണുണ്ടാക്കുക. ഗുണപാഠങ്ങളുള്ള കഥകളും കുട്ടികളുടെ മനസ്സുകളിൽ പരിവർത്തനമുണ്ടാക്കുന്ന സംസാരങ്ങളും നടത്തി അവരെ ശരിയായ രൂപത്തിൽ വളർത്തുന്നതിനു പകരം മാതാപിതാക്കൾ സൗകര്യത്തിനു വേണ്ടി മൊബൈൽഫോണും മറ്റു ഡിജിറ്റൽ ഉപകരണങ്ങളും കയ്യിൽ കൊടുത്ത് അവരുടെ ഭാഗത്തേക്ക് ശ്രദ്ധിക്കാതിരിക്കുന്നത് ഭാവിയിൽ തീരാദുഃഖത്തിന് കാരണമാകും.

സംസാരവും പെരുമാറ്റവും ചിന്താഗതിയുമെല്ലാം ഇഷ്ടതാരങ്ങളുടെയും കഥാപാത്രങ്ങളുടേതുമായി മാറുന്നുണ്ടിന്ന്. എന്തു ധരിക്കണം, എന്തു കഴിക്കണം, എങ്ങനെ നടക്കണം എന്നെല്ലാം പറയുന്നത് മൊബൈൽ തന്നെയാണ്. പലരും അഭിനയത്തെ യഥാർത്ഥ ജീവിതമെന്ന് ധരിച്ച് അവ അനുകരിക്കാൻ ശ്രമിക്കുന്നതിന്റെ ദുരന്തങ്ങളും നാം കാണുന്നുണ്ട്.

## രക്ഷിതാക്കളറിയാൻ

കുട്ടികളുടെ ആനന്ദവും ഉല്ലാസവും മാതാപിതാക്കളാവണം. പഠിക്കുന്ന മക്കൾക്ക് പുസ്തകങ്ങളിലും മാധ്യമങ്ങളിലും ഇന്റർനെറ്റിലുമെല്ലാം നല്ലതും ചീത്തയുമുണ്ടെന്ന തിരിച്ചറിവ് നൽകാനും രക്ഷിതാക്കൾക്ക് കഴിയണം.

മുമ്പ് അദ്ധ്യാപകരും, ആത്മീയ നേതാക്കളും മാതാപിതാക്കളും മറ്റും പങ്കുവച്ചിരുന്ന മൂല്യങ്ങളുടെയും സാരോപദേശങ്ങളുടെയും സ്ഥാനം സ്മാർട്ട് ഫോണുകളാണിന്ന് കൈക്കലാക്കിയിരിക്കുന്നത്. സംസാരവും പെരുമാറ്റവും ചിന്താഗതിയുമെല്ലാം ഇഷ്ടതാരങ്ങളുടെയും കഥാപാത്രങ്ങളുടേതുമായി മാറുന്നുണ്ടിന്ന്. എന്തു ധരിക്കണം, എന്തു കഴിക്കണം, എങ്ങനെ നടക്കണം എന്നെല്ലാം പറയുന്നത് മൊബൈൽ തന്നെയാണ്. പലരും അഭിനയത്തെ യഥാർത്ഥ ജീവിതമെന്ന് ധരിച്ച് അവ അനുകരിക്കാൻ ശ്രമിക്കുന്നതിന്റെ ദുരന്തങ്ങളും നാം കാണുന്നുണ്ട്.

റിയാലിറ്റിഷോകൾ കുട്ടികളുടെ നിഷ്കളങ്കത നഷ്ടമാക്കുന്നതാണ്. പത്തുവയസ്സുള്ള കുട്ടിക്കു പോലും സെക്സിയാകണമെന്ന ആഗ്രഹം വരുന്നതിന് ഇത്തരം പ്രോഗ്രാമുകളാണ് പ്രചോദനമാകുന്നത്. മാത്രമല്ല, മാനസിക സംഘർഷമാണ് കുട്ടികളിൽ ഇത്തരം മത്സരപരിപാടികൾ സന്നിവേശിപ്പിക്കുന്നത്.

കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിൽ അനുദിനം വളർന്നു വരുന്ന അക്രമങ്ങളും കൊലപാതകങ്ങളും നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. കുട്ടികൾ കൊലപാതകത്തിലും ക്രൂരകൃത്യങ്ങളിലും ഏർപ്പെടുന്ന സംഭവങ്ങൾ പൂർവ്വോപരി വർദ്ധിച്ചു വരുന്നുണ്ട്. നിരന്തരം കാണുന്ന ക്രൂരതയുടെ ദൃശ്യങ്ങൾ കുട്ടികളെ ക്രൂരതകൾക്കു പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്.

സിനിമകൾ, സീലിയലുകൾ, റീലുകൾ, പരസ്യങ്ങൾ തുടങ്ങിയവയിൽ കണ്ടുവരുന്ന വികലവും അധാർമ്മികവുമായ രംഗങ്ങളെല്ലാം അക്രമപ്രവണതയ്ക്കും തിന്മകൾക്കും കാരണമാകുന്നുണ്ട്.

സാക്ഷരതയുടെയും ആരോഗ്യപരിപാലനത്തിന്റെയും കാര്യത്തിൽ ഊറ്റംകൊള്ളുന്ന കേരളത്തിന് കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ തലകുനിക്കേണ്ടി വരുന്ന കണക്കുകളാണ് പുറത്തു വരുന്നതെല്ലാം.

കേരളം കുറ്റവാളികളുടെ കേന്ദ്രമായിത്തീരുന്നുവെന്ന് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ സ്ഥിതി വിവരക്കണക്കുകൾ വെളിപ്പെടുത്തുന്നുണ്ട്.

കേരളം ഇന്ന് ആത്മഹത്യയുടെ നാടായിതിനു പിന്നിലുള്ള പ്രധാന കാരണം കടക്കെണിയാണ്. അതാവട്ടെ, ഉപഭോഗ സംസ്ക്കാരം വരുത്തിവെക്കുന്ന വിനയാണ്. ആഡംബരവും ആർഭാട വിവാഹങ്ങളും മാത്സര്യബുദ്ധിയോടെയുള്ള വിദ്യാഭ്യാസ സമ്പ്രദായവുമെല്ലാം മാധ്യമങ്ങളുടെ ശക്തമായ സ്വാധീനം മൂലമുണ്ടായ കാര്യങ്ങൾ തന്നെയാണ്.

മാധ്യമങ്ങൾക്ക് അടിയറവ് പറയുകയല്ല, പകരം ഉത്തരവാദിത്തത്തോടെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിക്കുമായി അവ ഉപയോഗിക്കുകയാണു വേണ്ടത്. മാധ്യമങ്ങളുടെ വിപരീത സ്വാധീനത്തിൽനിന്ന് കുട്ടികളെ സ്വതന്ത്രരാക്കുന്നതിലും നിയന്ത്രിക്കുന്നതിലും വലിയൊരു പങ്ക് മുതിർന്നവർക്കാണുള്ളത്. കുട്ടികളെ മാധ്യമാവബോധമുള്ളവരാക്കാൻ സഹായകമാവുന്ന കാര്യങ്ങൾ എല്ലാവരും ഒരുപോലെ നിർവഹിക്കണം.

കുട്ടികളെ നിഷ്ഠയുള്ള ജീവിതക്രമത്തിലേയ്ക്ക് നയിക്കാൻ സഹായകമാകുന്നൊരു ടൈം ടേബിൾ തയ്യാറാക്കി നൽകുകയും അതു പാലിക്കാൻ അവരെ സഹായിക്കുകയും ചെയ്യുക. പഠനത്തിനു നൽകുന്ന പോലെ മൊബൈൽ ഉപയോഗത്തിനും ഉല്ലാസത്തിനും സമയം നൽകുക, കുട്ടികൾക്ക് പഠനാർഹമായതോ പുരോഗതിക്കാവശ്യമുള്ളതോ ആയ പരിപാടികൾ കാണുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുക, സമപ്രായക്കാരായ നല്ല സുഹൃത്തുക്കളുമായി ഇടപഴകാൻ അവസരമൊരുക്കുക. വൈയക്തികമായി ഓരോ കുട്ടിക്കുമുള്ള സവിശേഷ കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കുന്നതിന് സഹായിക്കുക, കുട്ടികൾ കാണുന്ന പരിപാടികൾ അവർക്കൊപ്പം മുതിർന്നവർ കൂടി കാണുക, കുട്ടികളെ പരമാവധി വിജ്ഞാനപ്രദമായ പരിപാടികളിൽ തല്പരരാക്കുക തുടങ്ങിയവയാണ് നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

ലൈഫ്സ്റ്റൈൽ

ജാശിർ കുന്നളം

# സന്തുഷ്ട കുടുംബം: സ്നേഹമാണ് അടിത്തറ

സ്നേഹബന്ധം സമൂഹജീവിതത്തിന്റെ അഭിവാജ്യ ഘടകമാണ്. ബന്ധത്തെ അളക്കുന്ന അളവുകോലാണ് സ്നേഹം. സ്നേഹം വർധിക്കുക വഴി ബന്ധങ്ങൾ ഊഷ്മളമാക്കാനും നന്മകൾ വർധിപ്പിക്കാനും സാധിക്കും. കാപട്യമില്ലാത്ത നിഷ്കളങ്കമായ സ്നേഹമാണ് എല്ലാവരും ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും.

സാമൂഹിക സ്ഥാപനങ്ങളിൽ പ്രഥമവും പ്രധാനവുമാണ് കുടുംബം. കുടുംബത്തിൽ നിന്നാണ് ഓരോ വ്യക്തിയും ശീലങ്ങളും നിലപാടുകളും വളർത്തിയെടുക്കാനാരംഭിക്കുന്നത്. അതുകൊണ്ടുതന്നെ ഏറ്റവും കൂടുതൽ സ്നേഹം പകരേണ്ടത് കുടുംബത്തിൽ നിന്നാണ്. അത്തരത്തിലുള്ള ഉത്തമകുടുംബങ്ങളായി നമ്മുടെ വീടകങ്ങൾ മാറേണ്ടതുണ്ട്. കൂടുമ്പോൾ ഇമ്പമുള്ളത് എന്നാണല്ലോ കുടുംബമെന്ന വാക്കിനെ വിശദീകരിക്കാറുള്ളത്. പരസ്പരം ഐക്യത്തോടെയും കെട്ടുറപ്പോടെയും വിശ്വാസത്തോടെയുമായിരിക്കണം ഓരോ കുടുംബവും കഴിയേണ്ടത്. നമ്മുടെ ദൈനംദിന സമീപനത്തിൽ ചില ക്രമീകരണങ്ങൾ വരുത്തിയാൽ വലിയ സന്തോഷം കാത്തുസൂക്ഷിക്കാൻ നമുക്ക് സാധിക്കും. അത്തരത്തിലുള്ള ചില മാർഗങ്ങളാണ് ചുവടെ.

## ഒരുമിച്ചിരുന്ന് ഭക്ഷിക്കൽ

ഭക്ഷണം ഒരു തളികയിൽ വിളമ്പി ഒരുമിച്ചിരുന്ന് ഭക്ഷിക്കുമ്പോൾ ആ ഭക്ഷണത്തിൽ ബറകത്ത് ലഭിക്കും. തിരുനബി(സ) പറഞ്ഞു: 'നിങ്ങൾ കൂട്ടമായിരുന്ന് ഭക്ഷിക്കുക, തനിച്ചിരുന്നു ഭക്ഷിക്കരുത്. തീർച്ചയായായും ഒന്നിച്ചിരുന്ന് ഭക്ഷിക്കുന്നതിലാണ് ബറകത്തുണ്ടാവുക.' (ഇബ്നുമാജ)

ഒരിക്കൽ സ്വഹാബികൾ തിരുനബി(സ)യോട് ചോദിച്ചു: 'പ്രവാചകരേ, ഞങ്ങൾ ഭക്ഷിക്കുന്നു. വിശപ്പകലു



ന്നില്ല.' നബി(സ) ചോദിച്ചു: 'നിങ്ങൾ ഒറ്റയ്ക്കിരുന്നാണോ ഭക്ഷിക്കാറുള്ളത്?' അവർ പറഞ്ഞു: 'അതേ.' നബി(സ) പറഞ്ഞു: 'നിങ്ങൾ ഒന്നിച്ചിരിക്കുകയും, ബിസ്മി ചൊല്ലുകയും ചെയ്യുക. എന്നാൽ നിങ്ങൾക്കതിൽ ബറകത്ത് ലഭിക്കും.' (ഇബ്നുമാജ)

മാതാപിതാക്കളും മക്കളും സഹോദരങ്ങളും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്ന രീതി വീടിനകത്തുണ്ടാകണം.

ഇത്തരത്തിൽ കൂട്ടായിരുന്നുള്ള ഭക്ഷണരീതി കുടുംബാംഗങ്ങൾക്കിടയിൽ മനസ്സുകൊണ്ടുള്ള അകലം കുറയ്ക്കാനും അടുപ്പം വർധിപ്പിക്കാനും സഹായിക്കും.

## കൂടിയാലോചന

കൂടിയാലോചനക്ക് ഇസ്ലാമിൽ വലിയ പ്രാധാന്യമുണ്ട്. വിശുദ്ധഖുർആനിലെ നിരവധി വചനങ്ങളിലൂടെ കാര്യങ്ങളിൽ കൂടിയാലോചന നടത്താൻ അല്ലാഹു കൽപ്പിച്ചിട്ടുണ്ട്. ഭൂമിയിലേക്ക് തന്റെ പ്രതിനിധിയായി മനുഷ്യനെ സൃഷ്ടിക്കാൻ ഒരുങ്ങിയ സന്ദർഭത്തിൽ അല്ലാഹു മലക്കുകളോട് ആലോചന നടത്തിയതായി വിശുദ്ധ ഖുർആൻ രണ്ടാം അധ്യായത്തിൽ വിവരിച്ചിട്ടുണ്ട്.

നിരാശ്രയനായ അല്ലാഹു മലക്കുകളോട് കൂടിയാലോചന നടത്തിയത് കൂടിയാലോചനയുടെ പ്രാധാന്യം ബോധ്യപ്പെടുത്താൻ വേണ്ടി



യാണെന്ന് തഫ്സീറുകളിൽ കാണാം. തിരുജീവിതത്തിലും ഇത്തരത്തിൽ ധാരാളം സംഭവങ്ങൾ കാണാൻ കഴിയും. പരസ്പരമുള്ള ആശയക്കൈമാറ്റവും കൂടിയാലോചനയും പരസ്പര സ്നേഹബന്ധം ഊട്ടിയുറപ്പിക്കാൻ സഹായകമാണ്. ചെറിയ മക്കളടക്കം എല്ലാവരുടെയും അഭിപ്രായങ്ങൾ പരിഗണിക്കുകയും ഉചിതമായ തീരുമാനം കൈകൊള്ളുന്ന സ്വഭാവം വളരെ മനോഹരമാണ്. ചില പ്രത്യേക വിഷയങ്ങളിലുള്ള അന്തിമതീരുമാനം നമ്മുടെതാണെങ്കിൽ പോലും ഭാര്യമാരോടും മക്കളോടും അഭിപ്രായം ചോദിക്കുന്നതിൽ വലിയ പുണ്യമുണ്ട്. മുതിർന്നവരായ മക്കൾ തീരുമാനമെടുക്കുമ്പോൾ വൃദ്ധരായ മാതാപിതാക്കളെ സമീപിക്കുകയും അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് കാര്യങ്ങൾ ക്രമീകരിക്കാൻ ശ്രദ്ധിക്കുകയും വേണം.

## വിശ്വാസം, ബഹുമാനം

അംഗങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസം കുടുംബത്തിന്റെ നിലനിൽപിന് അത്യാവശ്യമാണ്. കാര്യങ്ങൾ പങ്കുവെക്കുന്നതിലൂടെയും പിന്തുണ നൽകുന്നതിലൂടെയുമൊക്കെയാണ് പരസ്പര വിശ്വാസം ഉണ്ടാവുന്നത്. അംഗങ്ങൾ തമ്മിലുള്ള പരസ്പര ബഹുമാനവും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഏറ്റവും നല്ല പെരുമാറ്റമായിരിക്കണം വീട്ടുകാരോട് ഉണ്ടാവേണ്ടത്. പുറമെ മാന്യനും നാട്ടുകാർക്കിടയിൽ സ്വീകാര്യനുമായാൽ മാത്രം പോരാ; വീട്ടിൽ എല്ലാവരും ഇഷ്ടപ്പെടുകയും സമ്മതിക്കുകയും ചെയ്യുന്നവരാകണം. നബി(സ) പഠിപ്പിക്കുന്നു: 'നിങ്ങളിൽ ഏറ്റവും ഉത്തമർ കുടുംബങ്ങളിൽ സൗമ്യമായി പെരുമാറുന്നവരാണ്.' (തിർമുദി)

എടുത്തുചാട്ടമോ ക്രോധമോ ഇല്ലാതെ നൈർമല്യത്തോടെ ഇടപെടുമ്പോഴാണ് എല്ലാവരുടെയും സ്നേഹം സമ്പാദിക്കാൻ സാധിക്കുക.

'അല്ലാഹു സൃഷ്ടികളോട് വലിയ ദയാവായ്പ്പുള്ളവനാണ്. ദയ കാണിക്കുന്നവരെ അവൻ കൂടുതൽ ഇഷ്ടപ്പെടുന്നു.' (രിയാളുസ്സ്വാലിഹീൻ) തിരുനബി(സ) ഏറ്റവും ഉൽകൃഷ്ടമായ സ്വഭാവത്തിനുടമയാണെന്ന് ഖുർആൻ പരിചയപ്പെടുത്തിയിട്ടുണ്ടല്ലോ.

**കൂടുമ്പോൾ ഇമ്പമുള്ളത് എന്നാണല്ലോ കുടുംബമെന്ന വാക്കിനെ വിശദീകരിക്കാറുള്ളത്. പരസ്പരം ഐക്യത്തോടെയും കെട്ടുറപ്പോടെയും വിശ്വാസത്തോടെയുമായിരിക്കണം ഓരോ കുടുംബവും കഴിയേണ്ടത്.**

## സാമ്പത്തിക അച്ചടക്കം

ഓരോ കുടുംബത്തിന്റെയും സാമ്പത്തികസ്ഥിതി വ്യത്യസ്തമാണ്. കുടുംബത്തിലെ എല്ലാവരും സാമ്പത്തികാവസ്ഥ മനസ്സിലാക്കി പെരുമാറിയില്ലെങ്കിൽ കാര്യങ്ങൾ അവതാളത്തിലാകും. കൊച്ചുകുട്ടികൾ ഉൾപ്പെടെ എല്ലാവരും കുടുംബ



ത്തിന്റെ വരുമാനവും ചെലവും മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

സാമ്പത്തിക അച്ചടക്കം പാലിക്കാനും അനാവശ്യ ചെലവുകൾ ഒഴിവാക്കാനും കുട്ടികളെ ശീലിപ്പിക്കണം. സാമ്പത്തിക ബുദ്ധിമുട്ടുകൾ മറച്ചുവെക്കുന്നത് നല്ലതല്ല.

## നല്ല വിചാരം

നബി(സ) പറഞ്ഞു: 'ഊഹത്തെ നിങ്ങൾ സൂക്ഷിക്കുക. നിശ്ചയം, ഊഹം വർത്തമാനങ്ങളിൽ ഏറ്റവും വ്യാജം നിറഞ്ഞതാണ്.' (ബുഖാരി)

മഹാനായ ഉമറുബ്നു അബ്ദുൽ അസീസ്(റ) പറഞ്ഞു: 'ഒരു വിശ്വാസിയുടെ വാക്കിനെ നന്മകൊണ്ട് വ്യാഖ്യാനിക്കാൻ പഴുതുണ്ടെങ്കിൽ തിന്മയുടെമേൽ അതിനെ ചുമത്തരുത്.'

തെറ്റിദ്ധാരണകളിൽ നിന്ന് മാറിനിൽക്കുകയും തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ ഒഴിവാക്കുകയും വേണം. ഭാര്യഭർത്താക്കൾ പരസ്പരം തെറ്റിദ്ധരിക്കാൻ സാധ്യതയുള്ള എല്ലാ ഇടങ്ങളിലും സൂക്ഷ്മത പാലിക്കണം.

**പരസ്പരമുള്ള ആശയക്കൈമാറ്റവും കൂടിയാലോചനയും പരസ്പര സ്നേഹബന്ധം ഊട്ടിയുറപ്പിക്കാൻ സഹായകമാണ്. ചെറിയ മക്കളടക്കം എല്ലാവരുടെയും അഭിപ്രായങ്ങൾ പരിഗണിക്കുകയും ഉചിതമായ തീരുമാനം കൈകൊള്ളുന്ന സ്വഭാവം വളരെ മനോഹരമാണ്.**

## ഇഷ്ടമുള്ള പേര് വിളിക്കുക

യഥാർത്ഥ പേര് വിളിക്കുന്നതിനു പകരം വീടുകളിലൊക്കെ പരസ്പരം ഓമനപ്പേരുകൾ വിളിക്കാറുണ്ടല്ലോ. മനസ്സിൽ സ്നേഹം രൂപപ്പെടാനുള്ള കാരണങ്ങളിലൊന്നാണിത്. പരസ്പരം പിണങ്ങി നിൽക്കുന്ന സമയത്താണെങ്കിൽ പോലും ഇത്തരത്തിലുള്ള പേരുകൾ വിളിക്കുന്നത് പിണക്കം മാറ്റാൻ സഹായകമാവും. തിരുനബി(സ) പത്നിമാരെ ഇങ്ങനെ വിളിച്ചിരുന്നതായി ഹദീസിലുണ്ട്.



## നേരിട്ട് സംസാരിക്കുക

പരസ്പരം കണ്ണുകളിൽ നോക്കി സംസാരിക്കുന്നത് ശ്രോതാവിനെ തൃപ്തിപ്പെടുത്താനും മനസ്സിൽ ഇടം പിടിക്കാനും സഹായകമാണ്. പരസ്പരം കണ്ണുകളിൽ നോക്കുമ്പോൾ നാഡീവ്യൂഹങ്ങൾക്ക് ഉത്തേജനം നൽകുന്ന ഫെനൈലിതൈലാമൈൻ എന്ന രാസവസ്തു ഉൽപാദിപ്പിക്കുകയും ഇത് മനസ്സിൽ സ്നേഹം വർധിപ്പിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

## പുഞ്ചിരിക്കുക

നബി(സ) പറഞ്ഞു: 'സഹോദരന്റെ മുഖത്തു നോക്കി പുഞ്ചിരിക്കുന്നത് നിനക്ക് സ്വദഖയാണ്.' (ഇമാം തിർമുദി) പുഞ്ചിരി ഒരു ദിവ്യൗഷധമാണ്. ആത്യന്തികമായി അത് മനുഷ്യനെ ഉന്മേഷവാനാക്കും. മടിയും അലസതയും മനഃപ്രയാസങ്ങളും അകറ്റാൻ പുഞ്ചിരി സഹായിക്കും. 'പൂക്കൾക്ക് സൂര്യപ്രകാശമെന്ന പോലെയാണ് മനുഷ്യന് പുഞ്ചിരി' എന്ന ജോസഫ് ആഡിസന്റെ പരാമർശം ശ്രദ്ധേയമാണ്.

പുഞ്ചിരിക്കു വലിയ മഹത്വം കൽപ്പിക്കുന്ന മതമാണ് ഇസ്‌ലാം. എല്ലാവരോടും പുഞ്ചിരിക്കുകയും മുഖപ്രസന്നതയോടെ സമീപിക്കുകയും ചെയ്യുന്ന രീതിയാണ് മുത്തുനബി(സ)യുടെ ജീവിതത്തിലും അവിടുത്തെ അധ്യാപനങ്ങളിലും നമുക്ക് കാണാനാവുക. മല പോലെയുള്ള വലിയ പ്രശ്നങ്ങൾ മഞ്ഞുപോലെ ഉരുകിത്തീരാൻ ഒരു പുഞ്ചിരി മതിയാകും. മനുഷ്യസൗന്ദര്യം ഏറ്റവും കൂടുതൽ പ്രകടമാകുന്ന ചേഷ്ടയാണ് പുഞ്ചിരി. മറ്റുള്ളവരെ ആകർഷിക്കാനുള്ള ഏറ്റവും വലിയ മരുന്നാണത്. തേനീച്ചകൾ പൂവിലേക്കടുക്കുന്നതു പോലെ പുഞ്ചിരിക്കുന്നവരിലേക്ക് ജനങ്ങൾ അടുക്കുന്നുവെന്നതാണ് വാസ്തവം.

## അടുപ്പം സൂക്ഷിക്കുക

കുടുംബത്തിൽ എവിടെയും വിള്ളലുണ്ടാവാൻ പാടില്ല. എല്ലാവരോടും നല്ല അടുപ്പത്തിലായിരിക്കണം. ഭാര്യയും ഭർത്താവും തമ്മിൽ, മരുമക്കളും അമ്മായുമ്മയും തമ്മിൽ, സഹോദരന്മാർ തമ്മിൽ... എന്തു പ്രശ്നവും അവതരിപ്പിക്കാനുള്ള, ഏതു സന്തോഷവും പങ്കിടാനുള്ള, അഭിലാഷങ്ങളും ആഗ്രഹങ്ങളും പങ്കുവെക്കാനുള്ള ഒരിടമായിരിക്കണം കുടുംബം. ഭാര്യഭർത്താക്കന്മാർ മടിയിൽ തല വെച്ച് കിടക്കുക, ഒരു പുതപ്പിൽ ഒന്നിച്ചുറങ്ങുക, വീടുവെച്ചു മാറിത്താമസിച്ചവർ ഇടയ്ക്കിടെ മാതാപിതാക്കളോടൊപ്പം താമസിച്ച് ജീവിതകാര്യങ്ങൾ ചർച്ച ചെയ്യുക, മാതാപിതാക്കൾ മക്കൾക്ക് പുതപ്പിച്ചുകൊടുക്കുക ഇവയയെല്ലാം സ്നേഹം വളർത്താൻ സഹായകമാണ്.

## സമ്മാനം നൽകൽ

തിരുനബി പറയുന്നു: 'ഹദ്‌യകൾ സ്നേഹം വർധിപ്പിക്കുകയും സൗഹൃദം പുതുക്കുകയും ചെയ്യുന്നു.' (ഇബ്നുഹിബ്ബാൻ) സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും പ്രകടനമാണ് സമ്മാനം. നന്മകൾ ചെയ്യുമ്പോഴും നേട്ടങ്ങൾ കൈവരിക്കുമ്പോഴുമെല്ലാം പരസ്പരം പ്രോത്സാഹനം നൽകുക, സമ്മാനങ്ങൾ നൽകുക തുടങ്ങിയവ പരസ്പരം സ്നേഹം വർധിപ്പിക്കുന്നു.



## സലാം പറയൽ

നബി(സ) പറഞ്ഞു: 'നിങ്ങൾ സത്യവിശ്വാസികളായാൽ മാത്രമേ സ്വർഗത്തിൽ പ്രവേശിക്കൂ. നിങ്ങൾ പരസ്പരം സ്നേഹിച്ചാലേ സത്യവിശ്വാസികളാകൂ. ഒരു കാര്യം ഞാൻ പറഞ്ഞുതരാം. അത് ചെയ്താൽ നിങ്ങൾ പരസ്പരം സ്നേഹമുള്ളവരാകും. നിങ്ങൾ സലാം പറയുന്നത് വർധിപ്പിക്കുക.' (സ്വഹീഹു മുസ്‌ലിം)

## യാത്രകൾ

വീട്ടിലെ അംഗങ്ങളോടൊപ്പം ചെറിയ വിനോദങ്ങളിലേർപ്പെടുന്നത് സ്നേഹം വർധിപ്പിക്കും. തിരുനബി(സ)യും പത്നി ആഇശബീവി(റ)യും ഓട്ടമത്സരം നടത്തിയ സംഭവം ഹദീസിൽ കാണാം. കുടുംബാംഗങ്ങളോടൊത്ത്



ചെറിയ യാത്രകൾ പോകുന്നതും പരസ്പര സ്നേഹം വർദ്ധിപ്പിക്കും. ബന്ധു വീടുകളിലേക്കുള്ള യാത്രകൾക്ക് കുടുംബബന്ധം ചേർത്തതിന്റെ പ്രതിഫലവും ലഭിക്കും. ഇത്തരം യാത്രകളിൽ മതനിയമങ്ങൾ പാലിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആസ്വാദനങ്ങളും വിനോദങ്ങളും മതനിയമങ്ങളുടെ അകത്തു നിന്നുകൊണ്ടാവണം.

കവർസ്റ്റോറി

സിയാദ് സഖാഫി പാറന്നൂർ

# ഖാളിസ്ഥാനം യോഗ്യതകളും പദവികളും



ഇസ്‌ലാമിക രാഷ്ട്രങ്ങളിലും മഹല്ലുകളിലും ഉന്നതമായ ഒരു തസ്തികയാണ് ഖാളി സ്ഥാനം. മതകാര്യങ്ങളിലും പ്രശ്നപരിഹാരങ്ങളിലും നികാഹ്, മാസപ്പിറവി പോലുള്ളവയിലും ആധികാരിക ശബ്ദമാണ് ഖാളിയുടേത്. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ വിധി കൽപ്പിക്കാനും മതവിധി പുറപ്പെടുവിക്കാനും നേതൃപരമായ പങ്കുവഹിക്കുന്നവരാണവർ.

സുന്നത്ത് ജമാഅത്തിന്റെ ആദർശപ്രചാരണത്തിലും പാരമ്പര്യ വിശ്വാസവും ആദർശവും സംരക്ഷിക്കുന്നതിലും നാളിതുവരെ ഉണ്ടായിട്ടുള്ള ഖാളിമാരും പണ്ഡിതന്മാരും വഹിച്ച നിസ്തുലമായ സേവനം വളരെ വലുതാണ്. ഖാളിമാർക്ക് ജനങ്ങൾ നൽകുന്ന അംഗീകാരവും സ്വീകാര്യതയും വിശുദ്ധ ഇസ്‌ലാമിന്റെ ഉന്നമനത്തിനും പാരമ്പര്യത്തിലധിഷ്ഠിതമായ യഥാർത്ഥ വിശ്വാസവും കർമ്മവും ജനങ്ങളിലേക്കെത്തിക്കുന്നതിലും ആക്കം കൂട്ടിയിട്ടുണ്ട്.

ഇസ്‌ലാം വളരെയേറെ പ്രാധാന്യം നൽകിയ സ്ഥാനമായതുകൊണ്ട്, ആര് ഖാളി ആവണമെന്നതും അതിന്റെ യോഗ്യതയെന്താണെന്നതും ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഈ ചുമതല യോഗ്യരായവരെ ഏൽപ്പിക്കാൻ ഉത്തരവാദപ്പെട്ടവർ ആരാണെന്നതും പ്രധാനമാണ്. പ്രസ്തുത വിഷയങ്ങളെല്ലാം കർമശാസ്ത്ര പണ്ഡിതന്മാർ വസ്തുനിഷ്ഠമായി വിശദീകരിച്ചിട്ടുണ്ട്.

ജനങ്ങൾക്കിടയിൽ ആധികാരികമായ ന്യായവിധി കല്പിക്കുന്ന വിധികർത്താവാണ് ശറഇൽ ഖാളി എന്നറിയപ്പെടുന്നത്. ഖാളി എന്ന പദത്തിന്റെ ഭാഷാർത്ഥം ന്യായാധിപൻ, തീരുമാനങ്ങളെടുക്കുന്നവൻ, വിധികർത്താവ് എന്നൊക്കെയാണ്.

മുസ്‌ലിംസമൂഹത്തിന്റെ ഏകോപനം വരുന്നതിനു മുമ്പ് ഇതിലുള്ള അടിസ്ഥാനം സൂറത്തുമാഇദയിലെ 49-ാം വചനമാണ്: 'അല്ലാഹു അവതരിപ്പിച്ചതു പ്രകാരം അവർക്കിടയിൽ താങ്കൾ തീർപ്പു കൽപ്പിക്കുക' എന്നാണതിന്റെ സാരം. സൂറത്തുമാഇദയിലെ 42-ാം സൂക്തവും ഇതിന്റെ അടിസ്ഥാനയി പണ്ഡിതർ രേഖപ്പെടുത്തിയിട്ടുണ്ട്. 'അവർക്കിടയിൽ നീതിപൂർവ്വം വിധിക്കുക' എന്നാണതിന്റെ സാരം. (ഫത്ഹുൽമുഈൻ)

എല്ലാ സ്ഥാനമാനങ്ങളെയും പോലെ ഈ പദവിയും ആവശ്യപ്പെട്ടു നേടുന്നതിൽ ബറകത്തുണ്ടാവില്ല.

അനസ്(റ) നിവേദനം ചെയ്ത ഹദീസിൽ കാണാം: 'ആരെങ്കിലും ഖാളിസ്ഥാനം ആവശ്യപ്പെടുകയോ അതിനുവേണ്ടി ശിപാർശകരെ ഉപയോഗിക്കുകയോ

ചെയ്താൽ അവന് അല്ലാഹുവിൽ നിന്ന് സഹായം ഉണ്ടാവുകയില്ല. എന്നാൽ, ആവശ്യപ്പെടാതെയും സഹായം തേടാതെയും ആർക്കെങ്കിലും അത് ഏറ്റെടുക്കേണ്ടി വന്നാൽ അല്ലാഹു ഒരു മലകിനെ ഇറക്കിക്കൊടുക്കുകയും നേരായ ദിശയിലേക്ക് മലക് അവരെ വഴി നടത്തുകയും ചെയ്യുന്നതാണ്.' (അബൂദാവൂദ്: 3107)

അർഹരും യോഗ്യരുമായ ആളുകൾ മാത്രമേ ഖാളിസ്ഥാനം ഏറ്റെടുക്കാൻ പാടുള്ളൂ. ഖാളിയായി നിയമിക്കുമ്പോൾ അർഹരായ ആളുകളെ മാത്രമേ നിയമിക്കാനും പാടുള്ളൂ. അനർഹരും അയോഗ്യരുമായ ആളുകൾ ഈ പദവി ഏറ്റെടുക്കുമ്പോഴും അത്തരം ആളുകളെ ഏൽപ്പിക്കുമ്പോഴും സമുദായത്തിനുണ്ടാകുന്ന ഭവിഷ്യത്ത് ഭയാനകമാണ്.

**ഇസ്‌ലാം വളരെയേറെ പ്രാധാന്യം നൽകിയ സ്ഥാനമായതുകൊണ്ട്, ആര് ഖാളി ആവണമെന്നതും അതിന്റെ യോഗ്യതയെന്താണെന്നതും ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഈ ചുമതല യോഗ്യരായവരെ ഏൽപ്പിക്കാൻ ഉത്തരവാദപ്പെട്ടവർ ആരാണെന്നതും പ്രധാനമാണ്. പ്രസ്തുത വിഷയങ്ങളെല്ലാം കർമശാസ്ത്ര പണ്ഡിതന്മാർ വസ്തുനിഷ്ഠമായി വിശദീകരിച്ചിട്ടുണ്ട്.**



ഇമാം ബൈഹഖി, ഇമാം ഹാകിം എന്നിവർ ഉദ്ധരിച്ച ഒരു ഹദീസ് ഇതിന്റെ ഗൗരവം തെര്യപ്പെടുത്തുന്നതാണ്.

നബി(സ) പറഞ്ഞു: 'ഖാളിമാർ മൂന്നു തരമുണ്ട്. അതിലൊരു തരക്കാർ സ്വർഗ്ഗത്തിലും രണ്ടു തരക്കാർ നരകത്തിലുമാണ്. സ്വർഗ്ഗത്തിലുള്ളവർ സത്യം മനസ്സിലാക്കി അറിവോടുകൂടെ വിധിക്കുന്നവരാണ്. നരകത്തിലുള്ള രണ്ട് വിഭാഗം സത്യം അറിഞ്ഞിട്ടും അന്യായമായി വിധി പുറപ്പെടുവിക്കുന്നവരും വിവരമില്ലാതെ ജനങ്ങൾക്കിടയിൽ വിധി പ്രഖ്യാപിക്കുന്നവരുമാണ്.'

മറ്റൊരു ഹദീസിൽ കാണാം: 'ഒരാൾ ന്യായാധിപനായി അവരോധിതനായാൽ കത്തി കൂടാതെ അറുക്കപ്പെട്ട നിലയിലായി.'

ഈ തിരുവചനങ്ങളെല്ലാം ഖാളിസ്ഥാത്തിന്റെ ഗൗരവം അറിയിക്കാനും കറാഹതോ ഹറാമോ ആയവർ പദവിയിലിരിക്കുന്നതിനെ സംബന്ധിച്ചുമാണ്. (ഫത്ഹുൽമുഈൻ )

## ഖാളിസ്ഥാനം സ്വീകരിക്കൽ

ഓരോ പ്രദേശത്തും ഒരു ഖാളിയുണ്ടായിരിക്കൽ അനിവാര്യമാണ്. 'ഒരു പകലറുതിക്കുള്ളിൽ പോയി വരാവുന്ന ദൂരപരിധിക്കകം ഒരു ഖാളി ഉണ്ടായേ പറ്റൂ.' (ഫത്ഹുൽമുഈൻ) ഖാളിയായാൽ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായി നിറവേറ്റാൻ കഴിയുമോ എന്ന ഭയംകൊണ്ട് എല്ലാവരും അതിൽനിന്ന് മാറിനിന്നാൽ അതും വലിയ അപകടമാണ്. അതിനാൽ, ഒരു പ്രദേശത്ത് ഖാളിയാവാൻ യോഗ്യനായ ഒരാൾ മാത്രമേയുള്ളൂ എങ്കിൽ അദ്ദേഹം ആ സ്ഥാനം ഏറ്റെടുക്കൽ നിർബന്ധമാണ്. (ഫർള് ഐൻ) എന്നാൽ യോഗ്യരായ ഒന്നിലധികം വ്യക്തികളുണ്ടെങ്കിൽ അവർക്ക് സാമൂഹ്യബാധ്യത (ഫർള് കിഫായ) യാണ്.

സൈനുദ്ദീൻ മഖ്ദൂം(റ) പറയുന്നു: 'ഒരു പ്രദേശത്ത് ഖാളിയാവാൻ യോഗ്യനായ ഒരാൾ മാത്രമേയുള്ളൂ എങ്കിൽ ആ സ്ഥാനം ഏറ്റെടുക്കലും അദ്ദേഹത്തോട് അതിന് ആവശ്യപ്പെടലും നിർബന്ധമാണ്; അത് പണം നൽകിയാണെങ്കിലും ശരി. (ഫത്ഹുൽമുഈൻ)

യോഗ്യരായ ഒന്നിലധികം ആളുകൾ ഉണ്ടായിരിക്കുകയും ഒരാളും ഏറ്റെടുക്കാൻ തയ്യാറാവാതിരിക്കുകയും ചെയ്താൽ എല്ലാവരും കുറ്റക്കാരാകും. യോഗ്യരിൽ ഏറ്റവും ഉത്തമനായ വ്യക്തിക്ക് ഏറ്റെടുക്കൽ സുന്നത്തും അദ്ദേഹം അതിനു തയ്യാറാവുന്ന അവസരത്തിൽ അത്രതന്നെ ശ്രേഷ്ഠതയില്ലാത്തവർ സ്വീകരിക്കൽ കറാഹത്തുമാണ്. (തുഹ്ഫ 10/102)

## ഖാളിയുടെ യോഗ്യതകൾ

ഖാളി സർവ്വവിധ സാക്ഷിത്വത്തിനും അർഹതയുള്ള ആളായിരിക്കണം. (ഫത്ഹുൽമുഈൻ) സാക്ഷിയാവാനുള്ള യോഗ്യതയുണ്ടാവണമെങ്കിൽ പല ഗുണങ്ങൾ ഒരുമിച്ചു കൂടിയിരിക്കണം.

1. മുസ്‌ലിമായിരിക്കുക. അമുസ്‌ലിംകൾക്ക് ഖാളിയാവാനുള്ള അർഹതയില്ല.
2. മുകല്ലഫ് ആയിരിക്കുക.



(പ്രായപൂർത്തിയും ബുദ്ധിയും ഉണ്ടായിരിക്കണം) അല്ലാത്തവർ പരിപൂർണ്ണരല്ല.

3. പൂർണ്ണമായും സ്വതന്ത്രനായിരിക്കുക.

4. ഉറപ്പായും പുരുഷനായിരിക്കുക. സ്ത്രീകൾക്കോ ന്യൂട്രൽജെൻഡറുകൾക്കോ ഖാളിയാവാനുള്ള യോഗ്യതയില്ല. ന്യൂട്രൽജെൻഡറിന് ഈ വിഷയത്തിൽ സ്ത്രീയുടെ വിധിയാണുള്ളത്. ഇമാം ബുഖാരി(റ) ഉദ്ധരിച്ച ഹദീസിൽ കാണാം: 'സ്ത്രീയെ അധികാരമേൽപ്പിച്ചവർ വിജയിക്കില്ല.' മറ്റൊരു ഹദീസിൽ കാണാം: 'സ്ത്രീയെ ഭരണം ഏൽപ്പിച്ച ജനത നശിച്ചിരിക്കുന്നു.' (തുഹ്ഫ 10/106)

5. നീതിമാനായിരിക്കുക. ഫാസിഖിനെ ഖാളിയായി നിയമിക്കാൻ പറ്റില്ല. അവരുടെ വാക്ക് സ്വീകരിക്കാൻ പറ്റില്ലെന്നതാണ് കാരണം. പൂർണ്ണമായും മതചിട്ടയിൽ ജീവിക്കുന്ന സൂക്ഷ്മശാലികളായവർക്ക് മാത്രമേ ഖാളിയാവാൻ യോഗ്യതയുള്ളൂ.

6. കാഴ്ചയുള്ളവനായിരിക്കുക. അന്ധൻ ഖാളിയാവാൻ പറ്റില്ല. രൂപം തിരിച്ചറിയാത്ത വിധം അടുത്തെത്തിയാൽ മാത്രം ആളെ അവ്യക്തമായി കാണുന്ന കാഴ്ചശക്തി കുറഞ്ഞവരെ പറ്റില്ല. അടുത്തെത്തിയ ആളുടെ രൂപം വളരെ പ്രയാസപ്പെട്ടും ആലോചിച്ചും വ്യക്തമായി തിരിച്ചറിയുന്നയാൾ യോഗ്യനാണ്, ഈ വ്യക്തി എഴുത്ത് വായിക്കാൻ കഴിയാത്തയാളാണെങ്കിലും ശരി. (ഫത്ഹുൽ മുഈൻ) എന്നാൽ കണ്ണു കാണാത്തവരെ ഖാളിയായി നിയമിക്കാൻ പറ്റുമെന്ന അഭിപ്രായം ചില പണ്ഡിതർ പ്രബലമാക്കിയിട്ടുണ്ട്. അന്ധനായിരുന്ന പ്രഗൽഭ സ്വഹാബിവര്യൻ അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം(റ)വിനെ മദീനയിൽ നിസ്കാരത്തിനും മറ്റും നബി(സ) ചുമതലപ്പെടുത്തിയിട്ടുണ്ടല്ലോ എന്നതാണ് അതിനവർ കാരണം പറഞ്ഞത്. (ത്വബ്റാനി)

7. കേൾവിശക്തിയുള്ളവരായിരിക്കണം. കാരണം, ചെവി കേൾക്കാത്തവൻ ഇഖ്റാർ, ഇൻകാർ, ഇൻശാഅ്, ഇഖ്ബാർ എന്നിവയ്ക്ക് പറ്റില്ല. (ഇആനത്തുത്വാലിബീൻ) വലിയ ശബ്ദത്തിൽ അട്ടഹസിച്ചാൽ മാത്രം കേൾക്കുന്നവരായാൽ മതിയാകും. (ഫത്ഹുൽ മുഈൻ)

8. സംസാരശേഷിയുള്ളവനാകണം. സംസാരിക്കാൻ കഴിയാത്തവർക്ക് നിയമങ്ങൾ നടപ്പാക്കാനും ഖാളി നിർവഹിക്കേണ്ട മറ്റു കാര്യങ്ങൾ നിറവേറ്റാനും പറ്റില്ലല്ലോ.

9. സ്ഥാനത്തിനൊത്ത കാര്യക്ഷമതയുണ്ടായിരിക്കണം. രോഗമോ വാർദ്ധക്യമോ മൂലം ചിന്താശക്തിക്ക് തകരാറോ അശ്രദ്ധയോ ഉള്ളവർ ഖാളിയാവാൻ യോഗ്യരല്ല. സത്യം നടപ്പാക്കാനുള്ള ശക്തിയും ഉണർവും ഉണ്ടായിരിക്കണം.

10. മുജ്തഹിദായിരിക്കുക. (ഗവേഷണ പാടവം)

## ആരാണ് മുജ്തഹിദ്?

മുജ്തഹിദിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ പണ്ഡിതന്മാർ വളരെ വിശദമായി വിവരിച്ചിട്ടുണ്ട്. ഏതാനും കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു:

1. വിശുദ്ധ ഖുർആൻ അറിയുക. ഖുർആനിക നിയമങ്ങളായ ആമ്മ്, ഖാസ്സ്, മുജ്മൽ, മുബയ്യൻ, മുത്‌ലഖ്, മുഖയ്യദ്, നസ്സ്, ളാഹിർ, നാസിഖ്, മൻസൂഖ് എന്നിവയെക്കുറിച്ച് അഗാധജ്ഞാനം ആവശ്യമാണ്.

2. ഹദീസിന്റെ വിധികൾ അറിയുക. മുതവാത്തിർ, ആഹാദ്, മർഫൂഅ്, മൗഖൂഫ്, മുർസൽ തുടങ്ങിയ കാര്യങ്ങൾ അറിഞ്ഞിരിക്കണം.

3. ഹദീസ് നിവേദകരുടെ അവസ്ഥയറിയുന്നവരാകണം.

4. അറബി ഭാഷ, വ്യാകരണ ശാസ്ത്രം, നിദാനശാസ്ത്രം, അറബിസാഹിത്യം തുടങ്ങിയവ അറിയണം.

5. സ്വഹാബത്തിന്റെയും അവർക്കു ശേഷമുള്ള പണ്ഡിതന്മാരുടെയും വാക്കുകളും ഓരോ കാര്യത്തിലും അവരുടെ യോജിപ്പും വിയോജിപ്പും അറിയണം. എങ്കിലേ ഗവേഷണം ഇജ്മാഇന് വിരുദ്ധമാവാതിരിക്കുകയുള്ളൂ.

വിവരമില്ലാത്തവർ, മുഖല്ലിദ് (മുജ്തഹിദായ ഇമാമിനെ അനുകരിച്ച് പ്രവർത്തിക്കുന്നവർ) എന്നിവർ പറ്റില്ല. സ്വന്തം ഇമാമിന്റെ മദ്ഹബ് മനപ്പാഠമാണെങ്കിൽ പോലും അതിന്റെ അഗാധ തത്വങ്ങൾ കണ്ടെത്തുവാൻ ഇവർക്ക് കഴിയില്ലെന്നതാണ് കാരണം. (ഫത്ഹുൽമുഈൻ)

എന്നാൽ, ഈ നിബന്ധനകളെല്ലാം ഒത്തവർ വർത്തമാന കാലത്ത് ഇല്ലാത്തതുകൊണ്ട് അനിവാര്യത കണക്കിലെടുത്ത് പ്രസ്തുത നിയമങ്ങൾ ഒത്തിണങ്ങാത്തവരെയും ഖാളിയായി നിയമിക്കാറുണ്ട്. മുജ്തഹിദ് എന്ന നിബന്ധന ഒത്തില്ലെങ്കിലും മറ്റു നിബന്ധനകൾ പരിഗണിക്കേണ്ടതാണ്. അവയെല്ലാം ഒത്തിണങ്ങിയവർ ഇന്ന് ധാരാളമുണ്ടല്ലോ. അത്തരം ഖാളിമാർക്ക് ളറൂറത്തിന്റെ ഖാളി (അനിവാര്യ സാഹചര്യത്തിൽ നിയമിക്കപ്പെട്ട ഖാളി) എന്നാണ് പറയുക. പ്രമാണങ്ങളിൽ നിന്ന് വിധി നിർദ്ധാരണം ചെയ്ത് പറയാൻ കഴിയാത്തവരാണെങ്കിൽ ഏറ്റവും ചുരുങ്ങിയത് താൻ അംഗീകരിക്കുന്ന മദ്ഹബിലെ പ്രബലാഭിപ്രായമെങ്കിലും കൃത്യമായി കണ്ടെത്തി പറയാൻ സാധിക്കുന്നവരായിരിക്കണം ഖാളി. യോഗ്യരെയാണോ ഖാളിയാക്കുന്നതെന്ന് ഖാളിയെ നിയമിക്കുന്നവർ ചിന്തിക്കുന്നതിലുപരി താൻ അതിന് യോഗ്യനാണോ എന്ന് ഏറ്റെടുക്കുന്നവരാണ് ചിന്തിക്കേണ്ടത്. അധികാരം ലഭിക്കാൻ അത്യാഗ്രഹം കാണിക്കുന്നവർ പാരത്രിക ലോകത്ത് വലിയ ഖേദത്തിനും ശിക്ഷക്കും വിധേയരാവേണ്ടിവരും.

ഖാളിയാവാൻ 100 ശതമാനവും യോഗ്യരായ പണ്ഡിത മഹത്തുക്കൾ പലരും നിർബന്ധിച്ചിട്ടും ഈ സ്ഥാനം ഏറ്റെടുക്കാതിരുന്ന ചരിത്രങ്ങൾ ധാരാളമുണ്ട്. മദ്ഹബിന്റെ ഇമാമുകളിൽ പ്രധാനിയായിരുന്ന അബൂഹനീഫ(റ)വിന്റെ ചരിത്രം ശ്രദ്ധേയമാണ്.

യഹ്‌യബ്നു അക്സം(റ) പറഞ്ഞു: 'കൂഫയിൽ ഖാളി സ്ഥാനം ഏറ്റെടുക്കാൻ ഇബ്നുഹുബൈറ ഇമാം അബൂഹനീഫ(റ) വിനോട് ആവശ്യപ്പെട്ടു. മഹാൻ അതിന് തയ്യാറായില്ല. ഇതിൽ കുപിതനായ ഇബ്നുഹുബൈറ മഹാനവർകളെ ചാട്ടവാർ കൊണ്ടടിക്കുമെന്ന് പ്രഖ്യാപിച്ചു. ഈ വിവരമറിഞ്ഞ മഹാനവർകൾ പറഞ്ഞു: 'പാരത്രിക ലോകത്ത് എനിക്കു ലഭിക്കുന്ന ശിക്ഷയെക്കാൾ ദുനിയാവിൽ വെച്ച് ഈ ശിക്ഷ ഏറ്റുവാങ്ങലാണ് നല്ലത്.'

മറ്റൊരു സംഭവമിങ്ങനെയാണ്: മുഖീസുബ്നു ബുദൈൽ(റ) പറഞ്ഞു: 'ഖലീഫ അബൂജഅ്ഫറുൽമൻസൂർ ഇമാം അബൂഹനീഫ(റ)വിനെ വിളിച്ചുവരുത്തി ഖാളിയായി ചുമതലയേൽക്കാൻ ആവശ്യപ്പെട്ടു. മഹാനവർകൾ അതിനു തയ്യാറായില്ല. അബൂജഅ്ഫർ ചോദിച്ചു: 'ഞങ്ങൾ തീരുമാനിച്ച ഒരു കാര്യത്തിന് നിങ്ങൾ എതിരു നിൽക്കുകയാണോ?'

അവിടുന്ന് പറഞ്ഞു: 'ഞാൻ ഈ സ്ഥാനത്തിന് യോഗ്യനല്ല.'

അപ്പോൾ ഖലീഫ പറഞ്ഞു: 'നിങ്ങൾ കളവു പറയുകയാണ്.'

ഇതുകേട്ട് മഹാൻ പ്രതിവചിച്ചു: 'ഖലീഫ തന്നെ ഞാൻ ഇതിന് യോഗ്യനല്ലെന്ന് സമ്മതിച്ചിരിക്കുന്നു. കാരണം, ഖലീഫ പറഞ്ഞതുപോലെ ഞാൻ കളവു പറയുന്നവനാണെങ്കിൽ ഖാളിയാവാൻ പറ്റില്ലല്ലോ. ഇനി ഞാൻ സത്യമാണ് പറയുന്നതെങ്കിൽ ഞാൻ പറഞ്ഞല്ലോ, ഞാനതിന് യോഗ്യനല്ലെന്ന്.'

> **യോഗ്യരെയാണോ ഖാളിയാക്കുന്നതെന്ന് ഖാളിയെ നിയമിക്കുന്നവർ ചിന്തിക്കുന്നതിലുപരി താൻ അതിന് യോഗ്യനാണോ എന്ന് ഏറ്റെടുക്കുന്നവരാണ് ചിന്തിക്കേണ്ടത്. അധികാരം ലഭിക്കാൻ അത്യാഗ്രഹം കാണിക്കുന്നവർ പാരത്രിക ലോകത്ത് വലിയ ഖേദത്തിനും ശിക്ഷക്കും വിധേയരാവേണ്ടിവരും. ഖാളിയാവാൻ യോഗ്യരായ പണ്ഡിത മഹത്തുക്കൾ പലരും നിർബന്ധിച്ചിട്ടും ഈ സ്ഥാനം ഏറ്റെടുക്കാതിരുന്ന ചരിത്രങ്ങൾ ധാരാളമുണ്ട്.**

## ഖാളിയെ നിയമിക്കേണ്ടതാര്?

ഖാളി ആരാവണമെന്നതുപോലെ പ്രധാനമാണ് ഖാളിയെ നിയമിക്കാനുള്ള അവകാശം ആർക്കാണെന്നതും. ഖാളിനിയമനം ലാഘവത്തോടുകൂടി

നിർദ്ദേശങ്ങളും സ്വീകരിക്കുകയും വേണം.

നാടിന്റെ ഒരു ഭാഗത്തുള്ളവർ ഒരാളെ നിയമിച്ചാൽ അവിടെ മാത്രമേ അതിന് പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. മറ്റിടങ്ങളിൽ അതുണ്ടാവില്ല. (ഫത്ഹുൽമുഈൻ)

നിയമനം നടത്തപ്പെടേണ്ട നാട്ടിലുള്ള കൈകാര്യകർത്താക്കളോ അവരുടെ പ്രതിനിധികളോ ഇല്ലാതെ ഒരാളെയും ഖാളിയായി ചുമതലയേൽപ്പിക്കാൻ പറ്റില്ല. നിയമിക്കുന്നവർക്ക് അധികാരമുള്ള പ്രദേശങ്ങളിൽ മാത്രമേ ഇവർ ഖാളിയാവുകയുള്ളൂ. പല നാടുകളിൽ അധികാരമുള്ള ഒരു വിഭാഗം ഒരാളെ ഖാളിയായി നിയമിച്ചാൽ ആ നാടുകളിലെല്ലാം ഇദ്ദേഹം ഖാളിയായിരിക്കും.

## നിയമനം നടത്തുമ്പോൾ പറയേണ്ടത്

മേൽ പറയപ്പെട്ടവർ ഒരു ഖാളിയെ നിയമിക്കുമ്പോൾ പ്രത്യേക വചനം പറയൽ നിർബന്ധമാണ്. അതിൽ സ്പഷ്ട വചനങ്ങളും സൂചനാ വചനങ്ങളുമുണ്ട്. സൂചനാ വചനങ്ങൾ പറയുമ്പോൾ നിയ്യത്ത് (ഉദ്ദേശ്യം) അനിവാര്യമാകും. 'വല്ലയ്തുകൽ ഖളാഅ' (താങ്കളെ ഞാൻ ഖാളിയായി നിയമിച്ചു), 'വല്ലദ്തുകൽ ഖളാഅ' (ഖാളി സ്ഥാനം താങ്കളിൽ ഞാൻ അർപ്പിച്ചു), 'വല്ലയ്തുക ഖാളിയൻ ലി ഹാദിഹിൽ മഹല്ല' (ഈ മഹല്ലിൽ ഖാളിയായി ഞാൻ താങ്കളെ ചുമതലപ്പെടുത്തി) എന്നതെല്ലാം സ്പഷ്ടവചനങ്ങളിൽ പെടുന്നതാണ്.

'അവ്വൽതു അലൈക്ക ഫിൽ ഖളാഇ' (വിധിന്യായ ഭാരം താങ്കളിൽ ഞാൻ ചുമത്തുന്നു) 'ഇഅ്തമദ്തു അലൈക ഫിൽ ഖളാഇ' (വിധിന്യായത്തിൽ താങ്കളെ ഞാൻ ആശ്രയിക്കുന്നു) തുടങ്ങിയവ സൂചനാവാക്യങ്ങളാണ്.

നിയമനത്തിനർഹതയുള്ളവർ പ്രസ്തുത വചനങ്ങൾ പറയുമ്പോൾ ഖാളി സദസ്സിലുണ്ടെങ്കിൽ പെട്ടെന്നു തന്നെ വാചികമായി സ്വീകരിക്കേണ്ടതാണ്. സ്ഥലത്തില്ലാത്തവരാണെങ്കിൽ വിവരം ലഭിക്കുമ്പോൾ വാക്കാൽ അത് സ്വീകരിക്കണം. (ഇആനത്തു താലിബീൻ 4/325)

മഹല്ല് കമ്മറ്റികൾക്കാണ് ഖാളിയെ നിയമിക്കാനുള്ള അവകാശമെന്ന ധാരണ തിരുത്തപ്പെടേണ്ടതാണെന്ന് ഈ നിർവചനത്തിൽ നിന്നു മനസ്സിലാക്കാം. കാരണം, ഇന്ന് നിലവിലുള്ള പല കമ്മിറ്റികളിലും മേൽ പറയപ്പെട്ട യോഗ്യതയുള്ളവർ ഉണ്ടായിക്കൊള്ളണമെന്നില്ല. പള്ളിയും മഹല്ല് കാര്യങ്ങളും നല്ല നിലക്ക് നടത്തിക്കൊണ്ടുപോകാൻ പ്രാപ്തരായ ഒരു വിഭാഗമാണ് പല മഹല്ല് കമ്മിറ്റിയുടെയും ഭാരവാഹികൾ.

കാണാവുന്നതല്ല. ഖാളിയെ നിയമിക്കാനുള്ള ചുമതല കർമശാസ്ത്രപണ്ഡിതർ മൂന്നു വിഭാഗത്തിനാണ് നൽകുന്നത്. ഒന്നാം വിഭാഗമില്ലെങ്കിൽ രണ്ടാം വിഭാഗത്തിനും അവരുമില്ലെങ്കിൽ മൂന്നാം വിഭാഗത്തിനുമാണ് അതിന്റെ ഉത്തരവാദിത്തം.

ജമൽ 5/335 ൽ പറയുന്നു:

1. ഇസ്‌ലാമിക ഭരണമുള്ള സ്ഥലങ്ങളിൽ ഇമാമുൽ അഅ്ളം (ഇസ്‌ലാമിക രാഷ്ട്രത്തലവൻ) ആണ് ഖാളിയെ നിയമിക്കേണ്ടത്. അല്ലെങ്കിൽ അവരുടെ പ്രതിനിധിയാണ് ഇക്കാര്യം ചെയ്യേണ്ടത്.

2. ഇവരില്ലാതെ വരുമ്പോൾ ആ നാട്ടിൽ അധികാര സ്വാധീനമുള്ള, കാര്യങ്ങളിൽ അംഗീകരിക്കപ്പെടുന്ന, സുസമ്മതനായ വ്യക്തി (ദുശ്ശൗക്കത്ത്) ഖാളിനിയമനം നടത്തണം. ഇവർ ഖാളിയായി വാഴിക്കാതെ ഖാളിയാവാൻ പൂർണ്ണയോഗ്യതയുള്ള വ്യക്തിക്കുപോലും അർഹതയില്ല.

3. മേൽപറഞ്ഞ രണ്ടു വിഭാഗവും ഇല്ലാതിരിക്കുമ്പോൾ ഇതിനധികാരമുള്ള വ്യക്തികൾ അഹ്‌ലുൽ ഹല്ലി വൽ അഖ്ദ് (നാട്ടിലെ കൈകാര്യകർത്താക്കൾ) ആണ്. ഒന്നുകിൽ ഇവരെല്ലാവരും കൂടി ഒരുമിച്ചുകൊണ്ട് നടപ്പാക്കണം. അല്ലെങ്കിൽ മറ്റുള്ളവരുടെ സമ്മതപ്രകാരം ഇവരിൽ ചിലർ ഈ നിയമനം നടത്തണം. മറ്റുള്ളവരുടെ തൃപ്തിയോടെയാണെങ്കിൽ ഏൽപ്പിക്കുന്നത് ഒരാളാണെങ്കിലും മതിയാവുന്നതാണ്. (ഇആനത്തു ത്വാലിബിൻ)

## അഹ്‌ലുൽഹല്ലി വൽഅഖ്ദ്

നാട്ടിലെ കൈകാര്യകർത്താക്കളായ അഹ്‌ലുൽഹല്ലി വൽഅഖ്ദിന് പണ്ഡിതന്മാർ കൃത്യമായ നിർവചനം നൽകിയിട്ടുണ്ട്. ഇമാം ഇബ്നുഹജർ(റ) പറയുന്നു: 'നാട്ടിലെ പണ്ഡിതരും ഉമറാക്കളും പ്രമുഖരും അടങ്ങിയ, തീരുമാനങ്ങൾ മറ്റുള്ളവർ അംഗീകരിക്കുന്ന ഒരു സമിതിയാണ് അഹ്‌ലുൽഹല്ലി വൽഅഖ്ദ്.' (തുഹ്ഫ 10/105)

മഹല്ല് കമ്മറ്റികൾക്കാണ് ഖാളിയെ നിയമിക്കാനുള്ള അവകാശമെന്ന ധാരണ തിരുത്തപ്പെടേണ്ടതാണെന്ന് ഈ നിർവചനത്തിൽ നിന്നു മനസ്സിലാക്കാം. കാരണം, ഇന്ന് നിലവിലുള്ള പല കമ്മിറ്റികളിലും മേൽ പറയപ്പെട്ട യോഗ്യതയുള്ളവർ ഉണ്ടായിക്കൊള്ളണമെന്നില്ല. പള്ളിയും മഹല്ല് കാര്യങ്ങളും നല്ല നിലക്ക് നടത്തിക്കൊണ്ടുപോകാൻ പ്രാപ്തരായ ഒരു വിഭാഗമാണ് പല മഹല്ല് കമ്മിറ്റിയുടെയും ഭാരവാഹികൾ. നാട്ടിലുള്ള പണ്ഡിതരും മറ്റു പ്രമുഖരും തിരക്കുകൾ കാരണമോ മറ്റോ ഒരുപക്ഷേ മഹല്ല് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടുണ്ടാവില്ല. ആയതിനാൽ, ഖാളിയെ നിയമിക്കുന്നതിൽ ഇത്തരം ആളുകളെ കൂടെക്കൂട്ടുകയും അവരുടെ അംഗീകാരവും അഭിപ്രായവും

ലൈഫ്സ്റ്റൈൽ

മനാസിർ പട്‌ല

# മലയാളിയെ തിന്നുതീർക്കുന്ന മരുന്നുകൾ

ട്രെൻഡുകളുടെ പിറകെ പോകുന്നതിൽ മുന്നിലാണ് മലയാളികൾ. പുതിയ രീതികളും ഭക്ഷണക്രമങ്ങളും പരീക്ഷിക്കുന്നതിൽ മലയാളികളുടെ മികവ് ചെറുതല്ല. ഈ സമീപനരീതി മലയാളികളുടെ ആരോഗ്യകാര്യത്തിലും ജീവിതത്തിലും വലിയ മാറ്റങ്ങൾക്കിടയാക്കിയിട്ടുണ്ട്. ഇന്ന് മലയാളികൾ നുണയാത്ത മരുന്നുകളില്ല. മരുന്ന് കഴിക്കാത്ത ദിവസങ്ങളും വിരളമായിരിക്കും. പ്രമേഹം മുതൽ കിടപ്പുരോഗം വരെ സാർവത്രികം. പരിഹാരത്തിനായി മിക്ക മലയാളികളും തെരഞ്ഞെടുക്കുന്നത് മരുന്നുകളായിരിക്കും. ഡോക്ടറെ കാണിച്ചും അല്ലാതെയും കഴിക്കുന്ന മരുന്നുകൾക്ക് കണക്കില്ല. ഒരുപക്ഷേ ഭാവിയിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി മരുന്നിന്റെ അമിത ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങളായിരിക്കും.

ആരോഗ്യത്തെക്കുറിച്ച് പൊതുവിലുള്ള ജനങ്ങളുടെ കാഴ്ചപ്പാട് രോഗം വന്നാലുടൻ മരുന്നു കഴിക്കണമെന്നാണ്. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ സൈക്യാട്രി മരുന്നുകൾ വിറ്റഴിക്കുന്നത് ദക്ഷിണേന്ത്യയിലാണ്, പ്രത്യേകിച്ച് കേരളത്തിൽ. ആംങ്സൈറ്റി ഡ്രഗ്സ്, സെഡക്ടീവ്സ്, ആന്റി ഡിപ്രഷൻസ് തുടങ്ങിയവയുടെ വിൽപനയും വളരെ നന്നായി ഇവിടെ നടക്കുന്നുണ്ട്.

മറ്റൊരു പ്രത്യേകത മലയാളികളുടെ മരുന്നുതീറ്റയുടെ രീതികളാണ്. രണ്ടു തരം രീതികൾ ഇവിടെ കാണാം. ഡോക്ടറുടെ കുറിപ്പിലെഴുതുന്ന മരുന്ന് വാങ്ങിക്കഴിക്കുന്ന രീതിയാണൊന്ന്. മറ്റൊന്ന് പ്രിസ്ക്രിപ്ഷനില്ലാതെ സ്വയം ഡോക്ടറായി മരുന്നു വാങ്ങി കഴിക്കുന്ന രീതിയാണ്. ഡോക്ടർമാർ ശ്രദ്ധിച്ചു മരുന്നെഴുതിയാൽ 35% മുതൽ 40% വരെ മരുന്നുകളുടെ ഉപയോഗം കുറയ്ക്കാൻ കഴിയുമെന്നാണ് പ്രമുഖ ഡോക്ടർമാർ വിലയിരുത്തുന്നത്.

2022 ആഗസ്റ്റിലെ റിപ്പോർട്ട് പ്രകാരം ആരോഗ്യപ്രശ്നങ്ങളുടെ പേരിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ മരുന്നു കഴിക്കുന്ന സംസ്ഥാനം കേരളമാണ്. ലോക്സഭയിലെ ചോദ്യത്തിന് ആരോഗ്യമന്ത്രാലയം തയാറാക്കിയ മറുപടി പ്രകാരം, കേരളത്തിൽ പ്രതിവർഷമുള്ള ആളോഹരി മരുന്നു ചെലവ് 2567 രൂപയാണ്. ഇതിൽ, 88.43% ഡോക്ടർമാർ





കുറിച്ചു നൽകുന്നതാണെന്നും മറുപടിയിലുണ്ട്. 11.57% മരുന്ന് ഡോക്ടറുടെ കുറിപ്പടിയില്ലാതെ വാങ്ങുന്നതാണ്. ഏറ്റവും കുറച്ചു മരുന്നു കഴിക്കുന്നതു ബീഹാറിലാണ്. അവിടെ, ആളോഹരി മരുന്നു ചെലവ് 298 രൂപ മാത്രം. ഡോക്ടർമാർ ഏറ്റവും കൂടുതൽ മരുന്നുകൾ കുറിച്ചു നൽകുന്നത് ഹിമാചൽപ്രദേശ്, ബംഗാൾ, ഹരിയാന, പഞ്ചാബ്, യുപി, കേരളം എന്നിവിടങ്ങളിലാണ്. ഡോക്ടറുടെ കുറിപ്പടിയില്ലാതെയുള്ള മരുന്നുവിൽപന കൂടുതൽ അസം, ഉത്തരാഖണ്ഡ്, ബീഹാർ, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലുമാണ്.

## മാറിയ രീതികളും മാറാത്ത രോഗങ്ങളും

മലയാളികളെ മരുന്ന് ഭക്ഷിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് ഭക്ഷണരീതിയാണ്. പഴയകാലത്തെ നാട്ടുമാങ്ങയും തേങ്ങയും അരച്ച ചമ്മന്തിയും കുത്തരിച്ചോറുമെല്ലാം മലയാളിയുടെ മെനുവിൽ നിന്ന് എന്നോ അപ്രത്യക്ഷമായിക്കഴിഞ്ഞു. വീട്ടിൽ തന്നെ വിളയിച്ചെടുത്ത പച്ചക്കറികളും ഫലങ്ങളും കിഴങ്ങുവർഗങ്ങളും ഉപയോഗിച്ചുണ്ടാക്കുന്ന ഭക്ഷണമായിരുന്നു ഒരുകാലത്ത് കേരളീയരുടെ കരുത്ത്. ഇത്തരം ഭക്ഷണങ്ങൾ കഴിക്കുന്നതു വഴി പ്രതിരോധശേഷി വർദ്ധിക്കുമായിരുന്നു. അതിനാൽ, പുതിയ കാലത്ത് കാണപ്പെടുന്ന പല രോഗങ്ങളും അന്നില്ലായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറിയിരിക്കുന്നു. അമ്മിക്കല്ലിലും ആട്ടുകല്ലിലുമരച്ച നാടൻ രുചിക്കൂട്ടുകളിൽ നിന്ന് മലയാളി റെഡിമെയ്ഡ് ഭക്ഷണരീതികളിലേക്ക് മാറിയിരിക്കുന്നു. ബ്രോയിലർ സ്വഭാവം മനുഷ്യരിലും കടന്നു കയറിയിട്ടുണ്ട്. വിറകുവെട്ടിയും ചുമടേറ്റിയും മെയ്യനങ്ങി അധ്വാനിച്ചിരുന്നവർ ഇന്ന് ചൂലുപോലും എടുക്കാനാവാതെ കഷ്ടപ്പെടേണ്ടി വരികയാണ്. ജീവിതത്തിന്റെ കാൽഭാഗം പിന്നിടുമ്പോൾ തന്നെ പ്രമേഹം പോലുള്ള രോഗങ്ങൾ പിടികൂടും. മുക്കാൽ ഭാഗമാവുമ്പോഴേക്കും കിടപ്പിലാകും. അമിതമായ മരുന്നുകളുടെ ഉപയോഗം മൂലം രോഗങ്ങൾക്കുള്ള സാധ്യത കൂടും.

മലയാളിയുടെ ഭോജനസമയമാണ് മറ്റൊരു കാരണം. രാവിലെ നന്നായി ഭക്ഷണം കഴിക്കുക, രാത്രി കുറച്ചു മാത്രം ഭക്ഷിക്കുക, രാത്രിയിലെ ഭക്ഷണം നേരത്തെ കഴിക്കുക തുടങ്ങിയ ജീവിതശൈലികൾ മലയാളികൾ മറന്നിട്ടുണ്ട്. ഇന്ന് നന്നായി ഭക്ഷണം കഴിക്കുന്നത് രാത്രിയായിരിക്കും. പലരും പത്തുമണിയും കഴിഞ്ഞാണ് രാത്രി ഭക്ഷണം കഴിക്കുക. അതു തന്നെ ദഹനപ്രക്രിയയ്ക്ക് അത്ര സുഖകരമല്ലാത്ത വിധമുള്ള ഭക്ഷണമായിരിക്കും. കഴിച്ചയുടനെ ഉറക്കം വന്നാൽ പെട്ടെന്ന് കിടന്നുറങ്ങുകയും ചെയ്യും. രാത്രിയിലെ ഉറക്കം ഒഴിവാക്കുന്നവരുമുണ്ട്. ഇത് പുതിയ രോഗങ്ങളെ വിളിച്ചുവരുത്തിയിട്ടുണ്ടാവും. സമയമോ ഭക്ഷണമോ നോക്കാതെ കിട്ടുന്നതെന്തും വേണ്ടുവോളം തിന്നാൻ കേരളീയർ മടികാണിക്കാറില്ല.

മൺകലവും അരകല്ലും പാളപ്പാത്രങ്ങളും ഉറിയുമെല്ലാം മലയാളിയുടെ അടുക്കള ഓർമ്മകൾ മാത്രമായി ചുരുങ്ങിയിട്ട് കാലമേറെയായി. ആരോഗ്യത്തെ പ്രതിസന്ധിയിലാക്കുന്ന എണ്ണകളിൽ പൊരിച്ചെടുത്ത വിഭവങ്ങളാണ് ഏറെ പ്രിയം. ഇതുവഴി കൊഴുപ്പും അജിനാമോട്ടോയും കൃത്രിമ

പൊടിക്കൂട്ടുകളും നിറഞ്ഞ ഭക്ഷണങ്ങൾ നിരവധി ആരോഗ്യപ്രശ്നങ്ങളാണ് മലയാളിക്ക് സമ്മാനിച്ചത്.

വീട്ടുവളപ്പിലെ പച്ചക്കറികൃഷിയെ അവഗണിച്ച് മലയാളികൾ മറ്റു സംസ്ഥാനങ്ങളായ കർണാടകയെയും ആന്ധ്രയെയും ആശ്രയിക്കാൻ തുടങ്ങിയതും രോഗങ്ങളെ വിളിച്ചുവരുത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ഇത്തരം സാധനങ്ങൾ മനുഷ്യന്റെ ജീവനെ പോലും ബാധിക്കുന്ന രൂപത്തിലുള്ള വിഷാംശങ്ങൾ ചേർത്ത് വളർത്തിയെടുത്തതാണ്. ഇത് മലയാളിയെ നിത്യരോഗിയാക്കുന്നു.

വ്യായാമക്കുറവാണ് മറ്റൊരു വില്ലൻ. കേരളം ഇന്ത്യയിലെ ഏറ്റവും ഉയർന്ന ജീവിതനിലവാരമുള്ള സംസ്ഥാനമാണെങ്കിലും, വ്യായാമക്കുറവ് ഒരു പ്രധാന ആശങ്കയായി മാറിയിരിക്കുന്നു. ആധുനിക ജീവിതശൈലിയും മറ്റുമാണ് ഇതിന്റെ കാരണം. മുമ്പ് ശരീരത്തിനാവശ്യമായ വ്യായാമം ദൈനംദിന ജോലികൾ വഴി ലഭിച്ചിരുന്നു. ശാരീരികാധ്വാനം ഇല്ലാതാവുകയും വൈറ്റ്കോളർ ജോലികൾ കൂടുതലാവുകയും ചെയ്തത് മലയാളിയുടെ വ്യായാമത്തെ ഗണ്യമായി കുറച്ചിട്ടുണ്ട്. ഒപ്പം സ്മാർട്ട്ഫോൺ, ടിവി, സോഷ്യൽ മീഡിയ, വീഡിയോ ഗെയിമുകൾ തുടങ്ങിയവയുടെ അതിപ്രസരവും. ഇത് പൊണ്ണത്തടി, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്ക് കാരണമാവുകയും മരുന്നുകളുടെ അമിതോപയോഗത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

## രോഗം വേണ്ട, ആരോഗ്യം മതി

ഒരു ചൊല്ലുണ്ട്: 'രോഗിയായി സ്വർണ്ണപ്പായയിൽ കിടക്കുന്നതിനെക്കാൾ നല്ലത് ആരോഗ്യവാനായി പുൽപ്പായയിൽ കിടക്കുന്നതാണ്.' മലയാളികൾ ഹൃദയം കൊണ്ട് ഉൾക്കൊള്ളേണ്ട ഒന്നാണിത്. നല്ല നാടൻ ഭക്ഷണങ്ങൾ കഴിച്ചാൽ തന്നെ ആരോഗ്യത്തോടെ ജീവിക്കാം. ഫാസ്റ്റ്ഫുഡിനോടുള്ള ആശ്രയത്വം രോഗകാരണമാണെന്നതിൽ സംശയമില്ല. നാടൻ ഭക്ഷണങ്ങൾ മാത്രം കഴിച്ച് അറുപതാം വയസ്സിലും ആരോഗ്യത്തോടെ ജീവിക്കുന്ന പഴയകാല മനുഷ്യർ നമുക്ക് മാതൃകയാണ്. അവരുടെ ജീവിതത്തിനാവശ്യമായ പ്രതിരോധശേഷി ഭക്ഷണങ്ങൾ തന്നെ നൽകുന്നുവെന്നതാണ് കാരണം.

എല്ലാം കഴിഞ്ഞ് രോഗത്തിനടിമപ്പെടുമ്പോൾ മൂന്നു നേരവും കണക്കില്ലാതെ ഗുളികകൾ കഴിക്കുന്നതു വഴി രോഗങ്ങളിൽ നിന്ന് തൽക്കാലം രക്ഷ നേടാമെങ്കിലും പേടിക്കേണ്ട ഒരു ദൂഷ്യവശം കൂടിയുണ്ട്. പ്രത്യേകിച്ചും ഓരോ തവണയും രോഗങ്ങൾ ഉണ്ടാകുമ്പോൾ വീര്യമേറിയ മരുന്നുകൾ കഴിക്കുന്നതുവഴി ശരീരത്തിന് ദോഷകരമായ പല വിപരീത ഫലങ്ങളും ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ഇത് ശരീരത്തിന്റെ സ്വാഭാവികമായ പ്രതിരോധശേഷിയെ പതിയെപ്പതിയെ നശിപ്പിച്ചു കളയുന്നതിന് കാരണമാവുന്നു. ഇതോടുകൂടി പല രോഗങ്ങളും ശരീരത്തിലേക്ക് വന്നുചേരും. ശരീരത്തിനവയെ പ്രതിരോധിക്കാൻ സാധിക്കാതെ വരും. ഇത്തരം ഘട്ടങ്ങളിലാണ് തിരിച്ചുവരാനാകാത്ത വിധം രോഗശയ്യയിലാകുന്നതെന്ന് ഓർക്കുക.

പ്ലസ്പോയിന്റ്

## പാരയാകുന്ന സ്വയം ചികിത്സ

പുതിയ കാലത്ത് കാണപ്പെടുന്ന ഒരു ദുഷിച്ച പ്രവണതയാണ് സ്വയം ചികിത്സ. ജലദോഷം, പനി, ശരീരവേദന, ചുമ, കഫക്കെട്ട്, വയറുവേദന തുടങ്ങിയ രോഗങ്ങൾക്ക് അടുത്തുള്ള മെഡിക്കൽഷോപ്പിൽ നിന്ന് ഗുളിക വാങ്ങിക്കഴിച്ച് പരിഹാരം കാണാനാണ് മിക്ക മലയാളികളും ശ്രമിക്കാറുള്ളത്. ഇത് ഗുണത്തേക്കാളേറെ ദോഷം വരുത്തുകയാണ് ചെയ്യുക. ഇങ്ങനെ മരുന്നുകൾ വാങ്ങിക്കഴിക്കുക വഴി ശരീരത്തിൽ മറ്റേതെങ്കിലും രോഗത്തിന്റെ വിത്താണ് വിതയ്ക്കുന്നതെന്നറിയുന്നവർ വിരളമാണ്. സ്വന്തം ഇഷ്ടപ്രകാരം വാങ്ങിക്കഴിക്കുന്ന ചില മരുന്നുകളുടെ സ്ഥിരമായ ഉപയോഗം കരൾരോഗത്തി



നിടയാകും. രോഗലക്ഷണമായുണ്ടാകുന്ന പനിക്ക് ഡോക്ടറെ കാണാതെ സ്വയം ചികിത്സിച്ച് മരുന്നു കണ്ടെത്തുമ്പോൾ കൂടുതൽ സങ്കീർണ്ണമായ രോഗാവസ്ഥയിലേക്കെത്തുകയാണ് ചെയ്യുക. വേദനസംഹാരി അമിതമായി ഉപയോഗിക്കുന്നത് അൾസറിന് കാരണമാകും. നിലവിൽ വേദനസംഹാരികളുടെ സ്വയം തിരഞ്ഞെടുപ്പാണ് ഏറ്റവുമധികം അപകടങ്ങളിലേക്ക് നയിക്കുന്നത്. ഇതുമൂലം ആമാശയ തകരാറുകളും വൃക്കരോഗങ്ങളും വരെ ഉണ്ടായേക്കാം.

പൊതുവെ, ചെറിയ അസുഖങ്ങൾക്കു പോലും കണക്കില്ലാതെ മരുന്ന് കഴിക്കുന്ന ശീലം നമുക്കിടയിലുണ്ട്. വലിയ അപകടമാണിത്. രോഗലക്ഷണം നീണ്ടു നിന്നാൽ ഡോക്ടറെ കാണിച്ച് രോഗം നിർണയിക്കുകയാണ് വേണ്ടത്. ഒരേ അസുഖത്തിന് എല്ലാവർക്കും ഒരേ മരുന്നല്ല. അലർജി പോലുള്ള രോഗങ്ങളുള്ളവർക്ക് മരുന്നുകൾക്ക് മാറ്റമുണ്ടാകും. കേരളീയരെ ഇത്രമാത്രം രോഗം വിഴുങ്ങാനുള്ള പ്രധാന കാരണം സ്വയം ചികിത്സ തന്നെയാണ്.

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# സമ്മതമില്ലാതെ പുറത്തുപോകൽ

***ചോദ്യം:** വർഷങ്ങൾക്കു മുമ്പ് ഒരാൾക്ക് പത്തു ലക്ഷം രൂപ കടമായി നൽകിയിരുന്നു. പിന്നീട് പലപ്പോഴും ചോദിച്ചെങ്കിലും തിരിച്ചു കിട്ടിയില്ല. ആ പണം തിരിച്ചു ലഭിക്കാത്തതിനാൽ സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി സ്വർണ്ണം വിൽക്കേണ്ടതായി വന്നിട്ടുണ്ട്. കടം കൊടുത്ത സമയത്തെക്കാൾ സ്വർണത്തിന് വിലവർധന ഉണ്ടായിട്ടുണ്ട്. ഞാൻ വിറ്റ സ്വർണം തിരിച്ചു വാങ്ങണമെങ്കിൽ കൂടുതൽ പണം നൽകേണ്ടി വരുമല്ലോ. അതിനാൽ എന്നിൽ നിന്ന് കടം വാങ്ങിയ വ്യക്തിയോട് പത്തുലക്ഷത്തിനു പകരം ഇന്നത്തെ സ്വർണ്ണവിലക്കനുസരിച്ച് സംഖ്യ കൂട്ടിത്തരണമെന്ന് ആവശ്യപ്പെട്ടു കൂടേ? അതെന്റെ അവകാശമല്ലേ? അതിൽ എന്തെങ്കിലും തെറ്റുണ്ടോ?*

***അലി ഹാജി***

**ഉത്തരം:** താങ്കൾ കടം കൊടുത്ത സംഖ്യ മാത്രമാണ് താങ്കൾക്ക് തിരിച്ചു കിട്ടാൻ അവകാശമുള്ളത്. സ്വർണ്ണവിലക്കനുസരിച്ച് കൂടുതൽ സംഖ്യക്ക് അവകാശമില്ല. അതാവശ്യപ്പെടുന്നത് തെറ്റാണ്. കടം വീട്ടാനുള്ള സാമ്പത്തികശേഷിയുണ്ടായിരിക്കെ കടം വീട്ടാതെ കാലതാമസം വരുത്തിയതാണെങ്കിൽ അദ്ദേഹം ചെയ്തത് കുറ്റകരമായ കാര്യമാണ്. എന്നാലും അദ്ദേഹം ഇഷ്ടപ്പെട്ടു തരികയാണെങ്കിൽ കൂടുതൽ സ്വീകരിക്കാം എന്നല്ലാതെ താങ്കൾക്ക് കൂടുതൽ സംഖ്യക്ക് അവകാശമില്ല. പ്രമുഖ ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ നിന്നെല്ലാം ഇക്കാര്യം വ്യക്തമാണ്.

***ചോദ്യം:** വലിയ ദേഷ്യക്കാരനാണ് ഭർത്താവ്. ബന്ധുവീട്ടിലേക്കോ മറ്റോ പോകാൻ സമ്മതം ചോദിച്ചാൽ സമ്മതം തരില്ലെന്നറിയാം. എങ്കിൽ സമ്മതം ചോദിക്കാതെ പോകുന്നതിൽ തെറ്റുണ്ടോ?*

***റുബീന വേങ്ങര***

**ഉത്തരം:** അതിൽ തെറ്റുണ്ട്. ഭർത്താവിന്റെ സമ്മതമോ സമ്മതമുണ്ടെന്ന് മികച്ച ധാരണയോ ഇല്ലാതെ പോകുന്നത് കുറ്റകരമാണ്. നിങ്ങളുടെ പോക്ക് സാധാരണഗതിയിൽ അദ്ദേഹത്തെപ്പോലുള്ളവർ തൃപ്തിപ്പെടുന്ന പതിവുണ്ടെങ്കിൽ അതനുസരിച്ച് ചെയ്യാവുന്നതാണ്. പക്ഷേ, അപ്പോഴും മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായ ഗീറ: അദ്ദേഹത്തിനുണ്ടെങ്കിൽ പൊതുവെയുള്ള പതിവുരീതി മതിയാകുന്നതല്ല. അദ്ദേഹത്തിന് സമ്മതമാണെന്ന മികച്ച ധാരണയെങ്കിലും നിർബന്ധമാണ്.

ഭർത്താവ് നാട്ടിലില്ലെങ്കിൽ സാധാരണഗതിയിൽ പിണക്കമായി കണക്കാക്കപ്പെടാത്ത വിധം അടുത്ത ബന്ധുക്കളെ സന്ദർശിക്കാൻ സമ്മതമില്ലാതെ പുറപ്പെടൽ അനുവദനീയമാണെന്നുണ്ട്. പക്ഷേ, അതും അദ്ദേഹം വിലക്കിയിട്ടില്ലെങ്കിലാണ് എന്നെല്ലാം ഫത്ഹുൽ മുഈൻ 421, 422, തുഹ്ഫ 8/327, 330 പേജുകളിൽ വിശദീകരിച്ചിട്ടുണ്ട്. ഭർത്താവിന് സമ്മതമുണ്ടാവുകയില്ലെന്നു മനസ്സിലാക്കി സമ്മതം ചോദിക്കാതെ പോകുന്നത് തെറ്റാണെന്ന് ഇതിൽനിന്ന് വ്യക്തമാണ്.

***ചോദ്യം:** എന്റെ ഒരു പാവപ്പെട്ട സുഹൃത്തിന് ഉംറ ചെയ്യാൻ വലിയ ആശയുണ്ടായിരുന്നു. സാമ്പത്തികശേഷിയില്ലെങ്കിലും അദ്ദേഹം അതിന്നായി പണം സൂക്ഷിച്ചുവെക്കാറുണ്ടായിരുന്നു. പക്ഷേ, ഉംറ ചെയ്യാൻ കഴിയാതെ അദ്ദേഹം മരണപ്പെട്ടു. അദ്ദേഹത്തിന് ഉംറ നിർബന്ധബാധ്യതയായിട്ടുണ്ടാവുകയില്ലെന്നാണ് എന്റെ വിശ്വാസം. ഉംറയുടെ കാര്യം പലപ്പോഴും എന്നോട് പറയുമായിരുന്നു. ഞാൻ ഉംറക്ക് പോകുമ്പോൾ എന്റെ ഉംറ ചെയ്തതിനുശേഷം അദ്ദേഹത്തിനു വേണ്ടി ഒരു ഉംറ ചെയ്യാമോ? അദ്ദേഹം ഉംറ ചെയ്യാൻ എന്നെ ഏൽപ്പിച്ചിട്ടൊന്നുമില്ല. അതുകൊണ്ട് പ്രശ്നമുണ്ടോ? ഇങ്ങനെ ഉംറ ചെയ്യാൻ അദ്ദേഹത്തിന്റെ ബന്ധുക്കളുടെ സമ്മതം ചോദിക്കേണ്ടതുണ്ടോ?*

***മൻസൂർ മാട്ടൂൽ***

**ഉത്തരം:** ഉംറ നിർബന്ധമായിട്ടില്ലെങ്കിലും ജീവിതത്തിൽ ഒറ്റ ഉംറയും നിർവഹിച്ചിട്ടില്ലാത്ത അദ്ദേഹത്തിന് വേണ്ടി താങ്കൾക്ക് ഒരു ഉംറ ചെയ്യാവുന്നതാണ്. അദ്ദേഹം നിങ്ങളെ ഏൽപ്പിച്ചിട്ടില്ലെങ്കിലും അനുവദനീയമാണ്. അതിന് അദ്ദേഹത്തിന്റെ ബന്ധുക്കളുടെ സമ്മതം വേണമെന്നില്ല. തുഹ്ഫ 4/28 ൽ നിന്ന് ഇക്കാര്യം വ്യക്തമാണ്.

***ചോദ്യം:** ഇരുന്ന് നിസ്കരിക്കുന്നവരുടെ റുകൂഇന്റെ രൂപം ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ വിശദീ*

***കരിച്ചിട്ടുണ്ടല്ലോ. എന്നാൽ അവരുടെ സുജൂദിനെക്കുറിച്ച് പറഞ്ഞതായി കാണുന്നില്ല. അതെന്തുകൊണ്ടാണ്? ഇരുന്നു നിസ്കരിക്കുന്നവരുടെ സുജൂദിന്റെ രൂപം എങ്ങനെയാണ്? ഫിഖ്ഹ് ഗ്രന്ഥങ്ങളുടെ ഉദ്ധരണി സഹിതം ഉത്തരം പ്രതീക്ഷിക്കുന്നു.***

*ഒരു മുതഅല്ലിം*

**ഉത്തരം:** ഇരുന്ന് നിസ്കരിക്കുന്നവരുടെയും നിന്നു നിസ്കരിക്കുന്നവരുടെയും റുകൂഉകളുടെ രൂപങ്ങൾ വ്യത്യസ്തമാണ്. അതുകൊണ്ടാണ് ഇരുന്നു നിസ്കരിക്കുന്നവരുടെ റുകൂഇന്റെ രൂപം പ്രത്യേകമായി ഫിഖ്ഹ് ഗ്രന്ഥങ്ങളിൽ വിശദീകരിച്ചത്. എന്നാൽ അവരുടെ സുജൂദ് ഒരേ രൂപത്തിൽ തന്നെയാണ് വേണ്ടത്. വ്യത്യാസമില്ല. അതുകൊണ്ടാണ് ഇരുന്നു നിസ്കരിക്കുന്നവരുടെ സുജൂദ് പ്രത്യേകമായി പറയാതിരുന്നത്. വ്യത്യാസം ഉണ്ടാകുമ്പോഴാണല്ലോ പ്രത്യേകം എടുത്തുപറയേണ്ടത്.

ഇമാം നവവി(റ) എഴുതുന്നു: ഇരുന്ന് നിസ്കരിക്കുന്നവരുടെ സുജൂദ് നിന്ന് നിസ്കരിക്കുന്നവരുടെ സുജൂദ് പോലെ തന്നെയാണ്. അതിനാലാണത് പ്രത്യേകം പറയാതിരുന്നത്. (റൗള 1/235, ശറഹുൽ മുഹദ്ദബ് 4/311)

***ചോദ്യം: യാത്രയിൽ വാഹനത്തിൽ വച്ച് സുന്നത്ത് നിസ്കരിക്കാമല്ലോ. ഇങ്ങനെ വാഹനത്തിലിരുന്നുകൊണ്ട് സുന്നത്ത് നിസ്കരിക്കുമ്പോൾ റുകൂഉം സുജൂദും ചെയ്യേണ്ടത് എങ്ങനെയാണ്? സാധാരണ രൂപത്തിൽ തന്നെ റുകൂഉം സുജൂദും ചെയ്യണമെന്നുണ്ടോ? അതല്ലെങ്കിൽ തല കുനിച്ചുകൊണ്ട് സുജൂദും ചെയ്താൽ മതിയാകുമോ?***

**ഉത്തരം:** യാത്രയിൽ വാഹനത്തിൽ സുന്നത്ത് നിസ്കാരം നിർവഹിക്കുമ്പോൾ സാധാരണ രൂപത്തിൽ തന്നെ റുകൂഉം സുജൂദും നിർവഹിക്കണമെന്ന് നിർബന്ധമില്ല. തല കുനിച്ചുകൊണ്ട് റുകൂഉം സുജൂദും ചെയ്താൽ മതിയാകുന്നതാണ്. സൗകര്യപ്പെടുമെങ്കിൽ സുജൂദിന് റുകൂഇനെക്കാൾ കുനിയണം. നെറ്റി വെക്കലോ പരമാവധി കുനിയലോ നിർബന്ധമില്ല. നബി(സ) ഒട്ടകപ്പുറത്ത് സുന്നത്ത് നിസ്കരിച്ചിരുന്നുവെന്നും 'ഈമാഅ്' - ആംഗ്യം കാണിക്കൽ - കൊണ്ട് റുകൂഉം സുജൂദും നിർവഹിക്കുമായിരുന്നുവെന്നും സ്വഹീഹായ ഹദീസിലുണ്ട്. (തുഹ്ഫ 1/491, നിഹായ 1/432, ഫത്ഹുൽമുഈൻ 38)

**ലൈഫ്സ്റ്റൈൽ**

അനസ്. പി

# തണുപ്പുകാല ഭക്ഷണങ്ങൾ

തണുപ്പുകാലത്ത് ഭക്ഷണത്തിലും ജീവിതക്രമങ്ങളിലും കൃത്യമായ അടുക്കും ചിട്ടയും ആവശ്യമാണ്. ശരീരത്തിലെ ഊർജ്ജോല്പാദനം ഗണ്യമായി കുറയുന്ന സമയമായതിനാൽ ആരോഗ്യസംരക്ഷണത്തിനു മുൻകരുതലെടുത്തിട്ടില്ലെങ്കിൽ രോഗങ്ങളും ശാരീരികപ്രശ്നങ്ങളുമുണ്ടാവാനിടയുണ്ട്. ചില തണുപ്പുകാല ഭക്ഷണങ്ങൾ:

### സൂപ്പിന്റെ കരുത്ത്

മികച്ച ശൈത്യകാല ഭക്ഷണങ്ങളിലൊന്നാണ് സൂപ്പ്. ധാരാളം കൊഴുപ്പും കൃത്രിമ ക്രീമുകളുമടങ്ങിയ സൂപ്പുകൾക്കു പകരം പച്ചക്കറികൾ ഉൾപ്പെടുന്ന സൂപ്പുകളാണ് കഴിക്കേണ്ടത്. മാംസവും പച്ചക്കറികളുമടങ്ങിയ ചൂടുള്ള സൂപ്പ് ആരോഗ്യത്തെ ഉത്തേജിപ്പിക്കും.

### ചൂടുള്ള പാൽ

പാലും മറ്റു ഉപോൽപ്പന്നങ്ങളായ തൈര്, ചീസ് മുതലായവയും ശൈത്യകാലത്തെ മികച്ച ഭക്ഷണമാണ്. അവയിൽ വിറ്റാമിൻ ബി 12, വിറ്റാമിൻ എ, പ്രോട്ടീനുകൾ, കാൽസ്യം എന്നിവ ധാരാളമായി അടങ്ങിയിട്ടുണ്ട്. ചൂടുള്ള പാൽ ഇടയ്ക്കിടെ കുടിക്കുന്നത് ജലദോഷം വരാതിരിക്കാൻ സഹായിക്കും. പാലിലും മുട്ടയിലും നിരവധി വിറ്റാമിനുകൾ അടങ്ങിയിട്ടുണ്ടെന്നാണ് പഠനങ്ങൾ പറയുന്നത്. ആപേക്ഷികമായി കൊഴുപ്പ് കുറവായതിനാൽ മുട്ടയെക്കാൾ നല്ലത് പാലാണെന്നും പറയപ്പെടുന്നു.

### ദിനാരംഭത്തിൽ കഞ്ഞി

പ്രഭാതസമയത്ത് ചൂടുള്ള കഞ്ഞി കുടിക്കുകയാണെങ്കിൽ ഉച്ചസമയം വരെ ഊർജസ്വലരായിരിക്കാൻ കഴിയും. ധാന്യങ്ങളും പരിപ്പുകളും ചേർത്ത് കഞ്ഞി കൂടുതൽ രുചികരമാക്കാം. ഈത്തപ്പഴം, ആപ്പിൾ തുടങ്ങിയ ചില ശൈത്യകാല ഫലങ്ങൾ കൂടി ചേർത്താൽ കഞ്ഞിയുടെ ആരോഗ്യഗുണം വർധിക്കും.

### വാഴപ്പഴം

കാർബോഹൈഡ്രേറ്റിന്റെ സ്രോതസ്സായതിനാൽ വാഴപ്പഴം ഊർജ്ജനില മെച്ചപ്പെടുത്താൻ ഏറെ ഉപകാരപ്രദമാണ്. വ്യായാമത്തിനു മുമ്പ് ഊർജനില വർധിപ്പിക്കാൻ വാഴപ്പഴം കഴിക്കുന്നത് നല്ലതാണ്. വാഴപ്പഴം വിറ്റാമിൻ ബി 6 നാൽ സമ്പന്നമാണ്. അവയുടെ പ്രീബയോട്ടിക് സ്വഭാവം കുടലിന്റെ ആരോഗ്യവും രോഗപ്രതിരോധശേഷിയും വർധിപ്പിക്കും.

ആത്മയാനം – 4


അലി സഖാഫി പുൽപ്പറ്റ

# കറാമതല്ല; ഇസ്തിഖാമതാണ് മുഖ്യം

തിന്മയെക്കുറിച്ച് വിവരിക്കാൻ ഒരാൾ തിരുദൂതരോട് ആവശ്യപ്പെട്ടപ്പോൾ ''നിങ്ങൾ എന്നോട് തിന്മയെക്കുറിച്ചല്ല, നന്മയെക്കുറിച്ചാണ് ചോദിക്കേണ്ടത്'' എന്നായിരുന്നു അവിടുത്തെ പ്രതികരണം. മൂന്നു പ്രാവശ്യം ഇങ്ങനെ ഉപദേശിച്ച ശേഷം തിരുനബി(സ) പറഞ്ഞു: ''ദുഷ്ട പണ്ഡിതന്മാരാണ് ഏറ്റവും ഉപദ്രവം പിടിച്ച തിന്മ. ശ്രേഷ്ഠ പണ്ഡിതന്മാരാണ് അത്യുത്തമ നന്മ.'' (അദ്ദാരിമി)

സമുദായത്തിന്റെ വഴികാട്ടികളും ദീനിന്റെ തൂണുകളുമാണ് പണ്ഡിതന്മാർ. വിളക്കു കൊളുത്തി ഇരുട്ടകറ്റുന്നവരും ഇസ്‌ലാമിക ശരീഅത്തിന്റെ പ്രസരണ സ്രോതസ്സുകളും ആത്മീയ വൈദ്യന്മാരുമാണവർ. ഏറ്റവും കൂടുതൽ അല്ലാഹുവിനെ ഭയക്കുകയും ഭൗതികതയിൽ വിരക്തി കാണിക്കുകയും ചെയ്യേണ്ടവരാണവർ. അവർ ദുഷിച്ചാൽ അവരെ അനുകരിക്കുന്നവരും ദുഷിക്കും. അവർ നന്നായാൽ അനുയായികളും നന്നാകും.

സുഫ്‌യാനുബ്നു ഉയൈന(റ) പറയുന്നു: ''പഠിച്ച കർമ്മങ്ങൾ ഉപേക്ഷിക്കുന്നവനാണ് ഏറ്റവും വലിയ അജ്ഞൻ. പഠിച്ചതനുസരിച്ച് പ്രവർത്തിക്കുന്നവരാണ് ഏറ്റവും വലിയ വിജ്ഞൻ. അവരിൽ അല്ലാഹുവിനെ കൂടുതൽ ഭയക്കുന്നവനാണ് ഏറ്റവും ഉത്തമൻ.''



സംവാദരംഗത്തെ സാമർത്ഥ്യവും വാദപ്രതിവാദങ്ങളിലെ മികവുമല്ല ഒരാളുടെ മഹിമ. കർമ്മങ്ങളനുഷ്ഠിക്കുന്നില്ലെങ്കിൽ അവൻ അജ്ഞനാണ്. ഇൽമിന്റെ ബറകത്തു കൊണ്ട് അല്ലാഹു പശ്ചാതാപം സ്വീകരിച്ചാൽ മാത്രമേ അത്തരക്കാർക്ക് രക്ഷപ്പെടാനാവൂ. ദീനീവിജ്ഞാനം തന്റെ വാഹകരെ പൊതുവിൽ കൈവിടാറില്ല. ഇൽമിന്റെ ബറകത്തു കൊണ്ട് അവൻ ആലിമായി മാറിയേക്കാമെന്നു മാത്രം.

അറിവ് രണ്ടിനമുണ്ട്; ഫരീളത്, ഫളീലത്. നിർബന്ധ ബാധ്യതകൾ നിറവേറ്റുന്നതിന് ഒഴിച്ചുകൂടാൻ പറ്റാത്ത അനിവാര്യ വിജ്ഞാനമാണ് ഫരീളത്. ആവശ്യമായ അളവിലും അധികമുള്ളതും എന്നാൽ ഖുർആനോടും സുന്നത്തിനോടും ആശയപരമായി യോജിക്കുന്നതുമായ ഇൽമാണ് ഫളീലത്. അവയോട് യോജിക്കാത്തവ നിന്ദ്യവും നിസ്സാരവുമാണ്.

ഓരോ വിശ്വാസിയും നിർബ ന്ധമായും ആർജ്ജിച്ചെടുക്കേണ്ട ഇൽമ് അല്ലാഹുവിന്റെ കൽപ്പനകളും നിരോധനങ്ങളുമാണ്. സത്യസരണിയിൽ ചാഞ്ചല്യമില്ലാതെ നിവർന്നു നിൽക്കാൻ (ഇസ്തിഖാമത്) അത്യാവശ്യമാണ്. ഭൗതികമോഹങ്ങളില്ലാത്ത ഉഖ്റവിയ്യായ (പാരത്രികവിജയം ലക്ഷ്യം വെച്ച) പണ്ഡിതന്മാരും സൂഫീഗുരുക്കന്മാരും അവ സ്വായത്തമാക്കാൻ കഠിനപ്രയത്നം നടത്തിയിരുന്നു.

''താങ്കളോട് കല്പിക്കപ്പെട്ടതുപോലെ താങ്കൾ നേർമാർഗത്തിൽ നിലയുറപ്പിക്കുക'' (ഹൂദ് 113) എന്ന വചനത്തിന്റെ പൊരുൾ ഉൾക്കൊണ്ട മഹാന്മാർ തിരുദൂതരെ പിന്തുടർന്ന് നേർവഴിയിൽ



നിൽപ്പുറപ്പിച്ചപ്പോൾ അല്ലാഹു അവർക്ക് വിവിധ വിജ്ഞാനങ്ങളുടെ കവാടങ്ങൾ തുറന്നുകൊടുത്തു.

കർമ്മങ്ങളിൽ ഏറ്റവും ഉൽകൃഷ്ടം ഏതാണെന്ന് അബൂഹഫ്സി(റ)നോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'അൽഇസ്തിഖാമ' -ചൊവ്വായി നിൽക്കുക- എന്നാണ്. നന്മകൾ ചെയ്തും തിന്മകൾ വർജ്ജിച്ചും നേർവഴിയിൽ നിലകൊള്ളലാണ് ഇസ്തിഖാമത്. ''നിങ്ങൾ സന്മാർഗത്തിൽ അടിയുറച്ചു നിൽക്കുക, അത് എണ്ണിക്കണക്കാക്കാനും പരിധി നിശ്ചയിക്കാനും നിങ്ങൾക്ക് കഴിയില്ല'' (ഇബ്നുമാജ) എന്നാണ് പ്രവാചകാധ്യാപനം.

**സംവാദരംഗത്തെ സാമർത്ഥ്യവും വാദപ്രതിവാദങ്ങളിലെ മികവുമല്ല ഒരാളുടെ മഹിമ. കർമ്മങ്ങളനുഷ്ഠിക്കുന്നില്ലെങ്കിൽ അവൻ അജ്ഞനാണ്. ഇൽമിന്റെ ബറകത്തു കൊണ്ട് അല്ലാഹു പശ്ചാതാപം സ്വീകരിച്ചാൽ മാത്രമേ അത്തരക്കാർക്ക് രക്ഷപ്പെടാനാവൂ. ദീനീവിജ്ഞാനം തന്റെ വാഹകരെ പൊതുവിൽ കൈവിടാറില്ല. ഇൽമിന്റെ ബറകത്തു കൊണ്ട് അവൻ ആലിമായി മാറിയേക്കാമെന്നു മാത്രം.**

ഒരു മഹാൻ തിരുനബി(സ)യെ സ്വപ്നത്തിൽ ദർശിച്ചപ്പോൾ ചോദിച്ചു: ''തിരുദൂതരേ, ഹൂദ് സൂറയും സഹോദരിമാരും എന്നെ നരപ്പിച്ചിരിക്കുന്നു എന്ന് താങ്കൾ പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ടല്ലോ?''

അവിടുന്ന്: ''അതേ''

അദ്ദേഹം: ''അവയിൽ വിവരിച്ച നബിമാരുടെ ചരിത്രങ്ങളും പൂർവ്വ ജനപദങ്ങൾക്കു നേരിട്ട നാശങ്ങളുമാണോ അങ്ങയെ നരപ്പിച്ചത്?''

അവിടുന്ന്: ''അല്ല, താങ്കളോട് കല്പിക്കപ്പെട്ടതുപോലെ താങ്കൾ നേർമാർഗത്തിൽ ഉറച്ചു നിൽക്കുക (ഇസ്തിഖാമത്) എന്ന വചനമാണ്.''

ഇസ്തിഖാമതിന്റെ പ്രാധാന്യം ബോധ്യപ്പെടുന്ന ഉഖ്റവിയ്യായ പണ്ഡിതന്മാരും സൂഫിവര്യന്മാരും അതനുസരിച്ച് ജീവിതം ക്രമീകരിക്കും. വിചാരങ്ങളെ പോലും അവർ വിചാരണ ചെയ്യും. വിശ്വാസത്തിലും വാക്കിലും കർമ്മത്തിലുമുള്ള ഇസ്തിഖാമതായിരിക്കും അവരുടെ മുഖ്യലക്ഷ്യം, കറാമത്തല്ല. അതിനു വേണ്ടിയായിരിക്കും അവരുടെ പ്രവർത്തനങ്ങളും പ്രാർത്ഥനകളും.

അബൂഅലിയ്യുൽജുർജാനീ(റ) പറയുന്നു: ''നീ ഇസ്തിഖാമതിനെ തേടിക്കൊണ്ടിരിക്കുക, കറാമത്തിനെ തേടുന്നവനാകരുത്. നിന്റെ ദേഹം കറാമത്തുകൾ

## വിധവാ പെൻഷൻ അപേക്ഷ ക്ഷണിച്ചു

കോഴിക്കോട് : സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി നൽകിവരുന്ന, മരണപ്പെട്ട മുഅല്ലിംകളുടെ വിധവകൾക്കുള്ള 2025 വർഷത്തെ പെൻഷൻ അപേക്ഷ ക്ഷണിച്ചു. നിലവിൽ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഡിക്ലറേഷൻ സമർപ്പിച്ചാൽ മതി. **അപേക്ഷാഫോമും ഡിക്ലറേഷൻ ഫോമും** www.sjmindia.org **എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.** പൂരിപ്പിച്ച അപേക്ഷകൾ 2024 ഡിസംബർ 31നകം സെൻട്രൽ കമ്മിറ്റി ഓഫീസിൽ ലഭിച്ചിരിക്കണം.



**ബുദ്ധിയുള്ള ആത്മീയ വിദ്യാർത്ഥി കറാമത്തിനല്ല, ഇസ്തിഖാമത്തിനാണ് പ്രാധാന്യം കൽപ്പിക്കുക. അതാണ് പൂർണ്ണമായ കറാമത്ത്. വല്ലപ്പോഴും കറാമത്തുകൾ പ്രകടമാകുന്നതിന് വിരോധവുമില്ല. കറാമത്ത് വെളിവാകാതിരിക്കുന്നതുകൊണ്ട് പ്രശ്നവുമില്ല, അത് ന്യൂനതയുമല്ല. ഇസ്തിഖാമതിന് കോട്ടം തട്ടുന്നതാണ് ന്യൂനത. അതാണ് വിജയാന്വേഷികൾ ശ്രദ്ധിക്കേണ്ടത്.**

പ്രകടിപ്പിക്കാൻ വെമ്പൽകൊള്ളുന്നു. നിന്റെ റബ്ബാവട്ടെ നിന്നിൽ നിന്ന് ഇസ്തിഖാമതാണ് ആവശ്യപ്പെടുന്നത്.''

അദ്ധ്യാത്മിക സരണിയിൽ പ്രവേശിച്ചവർ ഉൾക്കൊള്ളേണ്ട അടിസ്ഥാന തത്വമാണിത്. അധികപേരും ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടില്ല. സച്ചരിതരായ പൂർവികരിൽ നിന്ന് സംഭവിച്ച കറാമത്തുകളും അസാധാരണ സംഭവങ്ങളും കണ്ടും കേട്ടുമാണ് പലരും ഈ രംഗത്തേക്ക് കടന്നുവരുന്നത്. ആദ്ധ്യാത്മിക വിദ്യാർത്ഥികൾ അത്തരം കറാമത്തുകൾ തങ്ങളിൽ നിന്ന് വെളിപ്പെടാനാഗ്രഹിക്കുന്നു. കറാമത്തുകൾ പ്രത്യക്ഷപ്പെട്ടിട്ടില്ലെങ്കിൽ തങ്ങൾ ചെയ്ത സദ്കർമ്മങ്ങൾ സ്വീകരിച്ചിട്ടുണ്ടാവില്ലെന്ന് അവർ തെറ്റിദ്ധരിക്കുന്നു.

കറാമത്തിന്റെ പൊരുളറിഞ്ഞിരുന്നുവെങ്കിൽ അതവർക്ക് നിസ്സാര കാര്യമായി അനുഭവപ്പെടുമായിരുന്നു. സത്യസന്ധരായ ചില ആധ്യാത്മിക ജ്ഞാനികൾക്ക് അല്ലാഹു കറാമത്തിന്റെ കവാടം തുറന്നു കൊടുക്കും. അവന്റെ അപാര കഴിവിന്റെ അടയാളങ്ങൾ ദർശിക്കുക (മുശാഹദ) വഴി അവർക്ക് വിശ്വാസദാർഢ്യത കൈവരും. ഭൗതികവിരക്തിക്കും മോഹനിഷ്കാസനത്തിനും അത് ആക്കം കൂട്ടും. ചില ഇഷ്ട ദാസന്മാർക്കാവട്ടെ അല്ലാഹു അവരുടെ ഹൃദയത്തിന്റെ മറകളുയർത്തി യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നു.

യാഥാർത്ഥ്യങ്ങൾ വെളിപ്പെട്ട (മുകാശഫ ലഭിച്ച) ആധ്യാത്മിക ജ്ഞാനികൾക്ക് അസാധാരണ സംഭവങ്ങൾ ദർശിക്കേണ്ട ആവശ്യമുദിക്കുന്നില്ല. അവരതിന് ആഗ്രഹിക്കുകയുമില്ല. ദൃഢജ്ഞാനം ലഭിക്കലാണല്ലോ മുഖ്യലക്ഷ്യം. അവർക്കത് വേണ്ടുവോളം ലഭിച്ചിരിക്കുന്നു. മാത്രമല്ല കറാമത്ത് പ്രകടമാകുന്നതു നിമിത്തം മനസ്സിൽ അഹംഭാവം മുളപൊട്ടാനും ആപത്തിൽ പെടാനും സാധ്യതയുണ്ട്. അതിനാൽ അവർക്ക് കറാമത്ത് ആവശ്യമില്ല.

ബുദ്ധിയുള്ള ആത്മീയ വിദ്യാർത്ഥി കറാമത്തിനല്ല, ഇസ്തിഖാമത്തിനാണ് പ്രാധാന്യം കൽപ്പിക്കുക. അതാണ് പൂർണ്ണമായ കറാമത്ത്. വല്ലപ്പോഴും കറാമത്തുകൾ പ്രകടമാകുന്നതിന് വിരോധവുമില്ല. കറാമത്ത് വെളിവാകാതിരിക്കുന്നതുകൊണ്ട് പ്രശ്നവുമില്ല, അത് ന്യൂനതയുമല്ല. ഇസ്തിഖാമതിന് കോട്ടം തട്ടുന്നതാണ് ന്യൂനത. അതാണ് വിജയാന്വേഷികൾ ശ്രദ്ധിക്കേണ്ടത്. ഭൗതിക താൽപര്യങ്ങളില്ലാത്ത ആത്മീയജ്ഞാനികൾ നേരാംവണ്ണം ഇസ്തിഖാമത് നിറവേറ്റിയപ്പോൾ അവർക്ക് എല്ലാവിധ വിജ്ഞാനങ്ങളും ഔദാര്യമായി നൽകപ്പെട്ടു.

ഭക്തിയുള്ളവർക്കാണ് അല്ലാഹു സവിശേഷ ജ്ഞാനം നൽകുക. ഭക്തിയില്ലാത്തവരുടെ അറിവുകൾ ഈ ഗണത്തിൽ പെടുകയില്ല. ബുദ്ധിശാലികൾ ആദ്യം പറഞ്ഞ ജീവനുള്ള വിജ്ഞാനമാണ് തിരഞ്ഞെടുക്കുക. ആരാണ് ബുദ്ധിശാലികൾ? ബുദ്ധിജീവികൾക്ക് വല്ലതും നൽകുമെന്ന് ഒരാൾ നേർച്ചയാക്കിയാൽ ലൗകിക സുഖലോലുപരല്ലാത്തവർക്കാണ് അത് കൊടുക്കേണ്ടതെന്ന് കർമജ്ഞാനികൾ പറയുന്നു. അവരാണ് യഥാർത്ഥ ബുദ്ധിജീവികൾ.

ചരിത്രാഖ്യായിക **ആരംഭിക്കുന്നു**

**മുഹമ്മദ് പാറന്നൂർ**

# ഉമ്മുൽ മുഅ്മിനീൻ
# സൗദ ബിൻത് സംഅ(റ)

സൗദയുടെ കരച്ചിലടങ്ങുന്നില്ല! കണ്ണുനീർ തോരുന്നില്ല. എത്ര നിർഭാഗ്യവതിയാണു താൻ. ദുരിതങ്ങളുടെ പെരുമഴയിൽ അകപ്പെട്ടു പോയല്ലോ ജീവിതം. അല്ലാഹു എന്തിനായിരിക്കും ഈ അബലയെ ഈ വിധം പരീക്ഷണത്തിന് വിധേയമാക്കുന്നത്? ക്ഷമയുടെ പരിധിയറിയാനോ അതോ എന്തെങ്കിലും സൗഭാഗ്യത്തിന്റെ കവാടങ്ങൾ തുറന്നു തരാനോ?

സൗദയുടെ മനസ്സിൽ വിചാര വികാരങ്ങളുടെ തിരതള്ളലാണിപ്പോൾ. ഗതകാല സ്മരണകൾ ഒന്നൊന്നായി കടന്നുവരുന്നു മനതലത്തിലേക്ക്. ഓർമ്മവച്ച നാളുകളിലൊക്കെ സന്തോഷവും അഭിമാനവുമായിരുന്നു; ഓമനിക്കാൻ ഒട്ടേറെ ആളുകളുണ്ടായിരുന്നല്ലോ. മക്കയിലെ പേരുകേട്ട നേതാക്കളിലൊരാളായ സംഅതുബ്നു ഖയ്സിന്റെ അരുമ മോളാണ്. ഉമ്മ ശമൂസും പ്രശസ്ത കുടുംബക്കാരി തന്നെ. ഐശ്വര്യപൂർണ്ണമായ കുടുംബാന്തരീക്ഷം. പരിചരിക്കാൻ ഒട്ടേറെ ദാസികൾ! ഒന്നിനും ഒരു കുറവുമില്ല.

സന്തോഷത്തിന്റെ ആ നാളുകൾക്ക് അന്ത്യം കുറിച്ചതെപ്പോഴായിരുന്നു? കയ്പ്പുറ്റ ചില തിരിച്ചറിവുണ്ടായപ്പോഴാവാം. കൂട്ടുകാരികൾക്കൊക്കെ വരന്മാർ വരുന്നു. ആർഭാടപൂർവ്വം വിവാഹം നടക്കുന്നു. ഭർത്താക്കന്മാരോടൊത്ത് അവർ സുഖിച്ചു ജീവിക്കുന്നു. കുഞ്ഞുങ്ങളെ പെറ്റ് ആനന്ദനിർവൃതിയടയുന്നു. തനിക്കു മാത്രം വിവാഹാലോചനകളൊന്നും വരുന്നില്ലല്ലോ. എന്തുകൊണ്ടാണത്? എന്താണ് തനിക്കൊരു കുറവ്? പേരു കേട്ട തറവാട്ടുകാരിയാണ്. പ്രഗത്ഭനായ നേതാവിന്റെ മോളാണ്. സമ്പത്തും സൗകര്യങ്ങളും ഇഷ്ടം പോലെയുണ്ട്. എന്നിട്ടും...?

കൂടുതൽ ആലോചിച്ചപ്പോഴാണ് കാര്യങ്ങൾ ബോധ്യമായത്. തനിക്കു മുഖസൗന്ദര്യമില്ല! പുരുഷന്മാരുടെ കണ്ണ് പതിയുക ഉടൽ സൗന്ദര്യത്തിലാണല്ലോ. ഒരു പുരുഷനെ ആകർഷിക്കാനുള്ള സൗന്ദര്യം തനിക്കില്ലല്ലോ. ഈ തിരിച്ചറിവോടെ നിരാശ മനസ്സിൽ കുമിഞ്ഞുകൂടി. ഇല്ല, കൂട്ടുകാരികളൊക്കെ ആസ്വദിച്ചുകൊണ്ടിരിക്കുന്ന ദാമ്പത്യസുഖം തനിക്ക് ലഭിക്കാൻ ഒരു സാധ്യതയുമില്ല. ഈ വിരൂപിയെ കല്യാണം കഴിക്കാൻ ആരു വരാനാണ്!

**കൂട്ടുകാരികൾക്കൊക്കെ വരന്മാർ വരുന്നു. ആർഭാടപൂർവ്വം വിവാഹം നടക്കുന്നു. ഭർത്താക്കന്മാരോടൊത്ത് അവർ സുഖിച്ചു ജീവിക്കുന്നു. കുഞ്ഞുങ്ങളെ പെറ്റ് ആനന്ദ നിർവ്വൃതിയടയുന്നു. തനിക്കു മാത്രം വിവാഹാലോചനകളൊന്നും വരുന്നില്ലല്ലോ. എന്തുകൊണ്ടാണത്? എന്താണ് തനിക്കൊരു കുറവ്? പേരു കേട്ട തറവാട്ടുകാരിയാണ്. പ്രഗത്ഭനായ നേതാവിന്റെ മോളാണ്. സമ്പത്തും സൗകര്യങ്ങളും ഇഷ്ടം പോലെയുണ്ട്. എന്നിട്ടും...?**

നിരാശയും സങ്കടവും; മനം മടുത്തിരിക്കുന്ന നാളുകളിലൊന്നിലാണ് പിതാവ് സന്തോഷവാർത്തയുമായി വന്നത്: 'മോളേ സൗദാ, നിനക്കൊരു കല്യാണാലോചന വന്നിരിക്കുന്നു!'

എനിക്കോ? എന്നെയാരു കല്യാണം കഴിക്കാൻ? ഉപ്പ വെറുതെ പറയുന്നതായിരിക്കും. അല്ലെങ്കിൽ എന്നെക്കാണാത്ത, എന്നെക്കുറിച്ച് ഒന്നുമറിയാത്ത ആരോ വെറുതെ അന്വേഷിച്ചതായിരിക്കും. സംശയത്തോടെ ഉപ്പയുടെ മുഖത്തേക്ക് നോക്കി. അവിടെ സന്തോഷഭാവമുണ്ട്. പ്രതീക്ഷയുടെ തിളക്കമുണ്ട്. ഉപ്പ തുടർന്നു: 'നല്ല തറവാട്ടുകാരനാണ്. സൽസ്വഭാവിയാണ്. കാണാനും തരക്കേടില്ല. സുന്ദരനായ ഒരു യുവാവ്.'

'ആരാണയാൾ?'

'മറ്റാരുമല്ല, നിന്റെ പിതൃവ്യപുത്രൻ സക്റാനുബ്നു അംറ്.'

സക്റാനോ? അത്ഭുതപ്പെട്ടുപോയി. എല്ലാം തികഞ്ഞൊരു കോമളഗാത്രനാണു സക്റാൻ. ഏതു പെണ്ണും മോഹിച്ചു പോകുന്ന യുവാവ്. അദ്ദേഹം തന്നെ വിവാഹം കഴിക്കാൻ തയ്യാറായെന്നോ? തന്റെ വിഷമങ്ങൾ മനസ്സിലാക്കി കണ്ണീരൊപ്പാൻ വന്നതായിരിക്കുമോ?

സൗദയുടെ മനസ്സിൽ അരിമുല്ല പൂത്തു. മനം കുളിരണിഞ്ഞു. ശോകമകന്നു. ആഹ്ലാദത്തിന്റെ സുദിനങ്ങൾ കടന്നുവന്നു. അങ്ങനെയാ വിവാഹം നടന്നു! സൗദ ബിൻത് സംഅയും സക്റാനുബ്നു അംറും ദമ്പതികളായി.

ആഹ്ലാദപൂർണ്ണവും സംതൃപ്തവുമായിരുന്നു അവരുടെ ദാമ്പത്യം. സൗദയുടെ മനസ്സറിഞ്ഞാണ് സക്റാൻ ആ വിവാഹത്തിനു തയ്യാറായത്. നിഷ്കളങ്കയും സൽസ്വഭാവിയും ബുദ്ധിമതിയും സുശീലയുമാണ് സൗദയെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. മനസ്സിന്റെ സൗന്ദര്യത്തിന്നായിരുന്നു ശരീര സൗന്ദര്യത്തെക്കാൾ സക്റാൻ പ്രാധാന്യം നൽകിയത്. ദാമ്പത്യവിജയത്തിന് അതാണ് അനിവാര്യമെന്ന് ബുദ്ധിമാനായ ആ യുവാവ് മനസ്സിലാക്കിയിരുന്നു.

*** *** ***

സംതൃപ്തമായ ദാമ്പത്യജീവിതം നയിക്കുന്നതിനിടയിലാണ് തിരുനബി(സ)യുടെ പ്രവാചകത്വം മക്കയിലെങ്ങും ചൂടുപിടിച്ച ചർച്ചാവിഷയമായത്.

'കേട്ടില്ലേ, അബ്ദുൽ മുത്വലിബിന്റെ പേരമകൻ, താൻ പ്രവാചകനാണെന്ന് വാദിക്കുന്നു.'

'ആര്, അൽഅമീൻ മുഹമ്മദോ?'

'നല്ലൊരു ചെറുപ്പക്കാരനായിരുന്നല്ലോ. ആ യുവാവിനെന്തുപറ്റിപ്പോയി?'

'മാരണം ബാധിച്ചതാവും. അല്ലെങ്കിൽ ഏതെങ്കിലും ദൈവങ്ങളുടെ കോപം.'

'ഹേയ്, അതൊന്നുമല്ല. ബുദ്ധിഭ്രമം വന്നു പോയതായിരിക്കും.'

'ആരെങ്കിലും മുഹമ്മദിന്റെ വാക്കുകൾ അംഗീകരിച്ചിട്ടുണ്ടോ?'

'ഉണ്ടല്ലോ, ഭാര്യ ഖദീജ ബിൻത് ഖുവൈലിദും അബൂബക്റുബ്നു അബീഖുഹാഫയും മറ്റും...'

'ങേ, അബൂബക്ർ ഇബ്നു അബീഖുഹാഫയും?'

'മുഹമ്മദ് പറയുന്നത് ശരിയാണെന്ന ചിന്താഗതിക്കാരാണ് യുവാക്കളിൽ പലരും. ഒരിക്കലും അദ്ദേഹം കളവു പറഞ്ഞതായി ആർക്കുമറിയില്ലല്ലോ.'

വാർത്തകൾ സക്റാന്റെ ചെവിയിലുമെത്തി. ബഹുദൈവാരാധനയെയും മറ്റു പേക്കൂത്തുകളെയും വെറുത്തിരുന്ന അദ്ദേഹത്തിന്റെ മനസ്സിൽ വിശ്വാസത്തിന്റെ പ്രഭയുദിച്ചു. ജനങ്ങളുടെ വർത്തമാനങ്ങളിൽ നിന്നദ്ദേഹം പുതിയ മതത്തിന്റെ സന്ദേശം വായിച്ചെടുത്തു. അല്ലാഹുവിനെയല്ലാതെ ആരാധിക്കരുതെന്ന്, കുടുംബബന്ധങ്ങൾ ചേർക്കണമെന്ന്, അഗതികളെയും അനാഥകളെയും സംരക്ഷിക്കണമെന്ന്, വിനയവും വിശുദ്ധിയും വ്യക്തിജീവിതത്തിലനിവാര്യമാണെന്ന്...

സൗദയുടെ മനസ്സിൽ അരിമുല്ല പൂത്തു. മനം കുളിരണിഞ്ഞു. ശോകമകന്നു. ആഹ്ലാദത്തിന്റെ സുദിനങ്ങൾ കടന്നുവന്നു. അങ്ങനെയാ വിവാഹം നടന്നു! സൗദ ബിൻത് സംഅയും സക്റാനുബ്നു അംറും ദമ്പതികളായി. ആഹ്ലാദപൂർണ്ണവും സംതൃപ്തവുമായിരുന്നു അവരുടെ ദാമ്പത്യം. സൗദയുടെ മനസ്സറിഞ്ഞാണ് സക്റാൻ ആ വിവാഹത്തിനു തയ്യാറായത്. നിഷ്കളങ്കയും സൽസ്വഭാവിയും ബുദ്ധിമതിയും സുശീലയുമാണ് സൗദയെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

ഇങ്ങനെയൊക്കെ പറയുന്നൊരാൾ ഒരു ഉത്തമ മനുഷ്യനാണെന്നതിൽ സംശയമില്ല. ഉറച്ച ബോധ്യത്തോടെ സക്റാൻ തിരുസന്നിധിയിലേക്ക് നടന്നു. തിരുകരങ്ങൾ പിടിച്ച് സത്യസാക്ഷ്യ വചനമുരുവിട്ട് മുസ്ലിമായി.

സൗദയും കേട്ടിട്ടുണ്ടായിരുന്നു പ്രവാചകന്റെ ആഗമന വാർത്തകൾ. അവരത് ഭർത്താവിനോട് പറയുകയും തൽ സംബന്ധമായ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ടാവണം. ഒരു രാത്രിയിൽ മുസ്ലിമായി വന്ന ഭർത്താവിനെ അവർ ഹൃദ്യമായി വരവേറ്റിട്ടുണ്ടാവണം. കാര്യങ്ങളെല്ലാം ചോദിച്ചറിഞ്ഞ് മനസ്സാ ഇസ്ലാം സ്വീകരിച്ചിട്ടുണ്ടാവണം. എന്നാലും തിരുനബി(സ)യെ കണ്ടു സത്യസാക്ഷ്യ വചനങ്ങളുരുവിട്ടാലേ പൂർണ്ണമായ ഇസ്ലാമിക പ്രവേശം സാധ്യമാകൂ എന്ന് സ്നേഹധനനായ ഭർത്താവ് പറഞ്ഞിട്ടു



ണ്ടാവണം.

അടുത്തദിവസം തന്നെ സൗദ തിരുസന്നിധിയിൽ ചെന്ന് ഇസ്‌ലാം സ്വീകരിച്ചു. തിരുനബി(സ)യിൽ നിന്ന് ഇസ്‌ലാമിന്റെ ബാലപാഠങ്ങൾ കേട്ടു മനസ്സിലാക്കി. അങ്ങനെ മക്കയിലെ കൂരിരുളിൽ പ്രകാശം പരത്തുന്ന ചില ഭവനങ്ങളുണ്ടായി. അവയിലൊന്നായിരുന്നു സക്റാൻ - സൗദ ദമ്പതികളുടെ ഭവനം.

മക്കയുടെ അന്തരീക്ഷം എത്ര പെട്ടെന്നാണ് കലങ്ങിമറിഞ്ഞത്! ഖുറൈശി തലവന്മാർ ഉറഞ്ഞുതുള്ളുകയാണ്, മുഹമ്മദ്(സ)ക്കെതിരെ. നമ്മുടെ ദൈവങ്ങളെയെല്ലാം മുഹമ്മദ് ഒന്നാക്കുകയാണോ? മുഹമ്മദിന് ദൈവത്തിൽ നിന്ന് നേരിട്ട് സന്ദേശം ലഭിക്കുന്നെന്നോ? പ്രവാചകനാകാൻ യോഗ്യതയുള്ള നേതാക്കളിവിടെയുള്ളപ്പോൾ അനാഥനും ദരിദ്രനുമായ ഈ ചെറുപ്പക്കാരനെയാണോ അല്ലാഹു തിരഞ്ഞെടുത്തത്? അസംബന്ധമാണ് മുഹമ്മദ് പറയുന്നത്. മുഹമ്മദിനെയും കൂടെക്കൂടിയവരെയും അടിച്ചൊതുക്കിയേ പറ്റൂ. ഇല്ലെങ്കിൽ ഈ നാടിനെയവർ നശിപ്പിക്കും.

വിവിധതരം ജല്പനങ്ങൾ! കലാപാഹ്വാനങ്ങൾ! കുത്തിത്തിരിപ്പുകൾ!

നേതാക്കളുടെ ആഹ്വാനം മുഴങ്ങിയപ്പോൾ അണികൾ രംഗത്തിറങ്ങി. വിശ്വാസികളായവരെ പിടികൂടി മർദ്ദിക്കാനും അസഭ്യം പറയാനും അവഹേളിക്കാനും വീടുകളിൽ നിന്ന് പുറത്താക്കാനും തുടങ്ങി.

സൗദയും സക്റാനും ഇസ്‌ലാം സ്വീകരിച്ച വാർത്ത നാടെങ്ങും പരന്നു. അതോടെ ഭീഷണിയും മർദ്ദനവും അവഹേളനവും അവരെയും തേടിയെത്തി. കുടുംബത്തിൽ നിന്നാണ് ഏറ്റവുമധികം ഭീഷണിയും പീഡനവുമുണ്ടായത്. പുതിയ മതത്തിൽ നിന്ന് പിന്മാറിയില്ലെങ്കിൽ ജീവിക്കാനനുവദിക്കില്ലെന്നു വരെ ഭീഷണിയുണ്ടായി. പക്ഷേ, സൗദ കുലുങ്ങിയില്ല. ഭർത്താവിനൊപ്പം അവർ ഉറച്ചുനിന്നു. അസഹനീയമായിരുന്നു പീഡനങ്ങൾ. കുടുംബത്തിൽ നിന്ന് അവരെ ഒറ്റപ്പെടുത്തി. പുറത്തിറങ്ങാൻ കഴിയാത്ത വിധം അവഹേളനവും പരിഹാസവും! അപ്പോഴൊക്കെയും അവർ ദൃഢസ്വരത്തിൽ പ്രഖ്യാപിച്ചു: 'ഇല്ല ഇസ്‌ലാമിൽ നിന്നു പിന്മാറുന്ന പ്രശ്നമില്ല. തുണ്ടം തുണ്ടമായി ഛേദിക്കപ്പെട്ടാലും.' (തുടരും)

നോവൽ ആരംഭിക്കുന്നു

മുജ്തബ നസ്വീഹ്

# അസർമുല്ലപ്പൂക്കൾ



മുറ്റത്തുനിന്ന് ചിതലക്കിളികളുടെ സംഘഗാനം. വെയിലു മങ്ങിത്തുടങ്ങിയ നേരത്ത് ഇരപിടിക്കാനിറങ്ങിയതാണ് ചിതലക്കൂട്ടം. അവയിലൊന്നിനൊരു വലിയ ഇര കിട്ടിയിരിക്കുന്നു. കൊക്കിലൊതുങ്ങാത്ത ഇരയെ ഒതുക്കാൻ കൂട്ടുകാരെക്കൂടി വിളിച്ചിരിക്കയാണ്. മുറ്റവരമ്പിലും ചാമ്പയ്ക്കാമരത്തിലും ചെടിക്കമ്പുകളിലുമൊക്കെ നിറയെ ചിതലകളാണ്. അവയുടെ ആരവമാണ് ചെവി തുളച്ചു മുഴങ്ങുന്നത്.

റസിയ ഉച്ചമയക്കത്തിൽ നിന്ന് ഞെട്ടിയുണർന്നത് ചിതലക്കൂട്ടത്തിന്റെ ചിലയ്ക്കൽ കേട്ടാണ്. അവർ പുറത്തേക്കു നോക്കി. നിഴലുകൾ പടിഞ്ഞാറോട്ട് ചാഞ്ഞു തുടങ്ങിയിരിക്കുന്നല്ലോ. അസർമുല്ലപ്പൂക്കൾ വിരിഞ്ഞു കഴിഞ്ഞോ? അവർ ധൃതിയിൽ എഴുന്നേറ്റ് മുറ്റത്തേക്ക് നടന്നു.

മുറ്റത്തിന്റെ വടക്കു പടിഞ്ഞാറ് മൂലയിലാണ് അസർമുല്ലച്ചെടികൾ വളരുന്ന പൂന്തോട്ടം. റസിയ നട്ടുവളർത്തിയതാണാ തോട്ടം. അതിന്നടുത്തൊരു ഇരിപ്പിടമൊരുക്കിയിട്ടുണ്ട്; അസർമുല്ല മൊട്ടുകൾ വിരിയുന്നത് നോക്കിയിരിക്കാൻ!

എന്നും അവർ ആ ഇരിപ്പിടത്തിൽ വന്നിരിക്കും. അസർ നേരമാകുമ്പോൾ ചെടികളിൽ കൂമ്പി നിൽക്കുന്ന മൊട്ടുകൾ വിടരുന്നതു കാണാൻ! പക്ഷേ, ഒരിക്കലും അവ വിടരുന്നതവർ കാണാറില്ല; എത്ര സൂക്ഷ്മമായി നോക്കിയിരുന്നാലും. കണ്ണടയ്ക്കാതെ നോക്കി നോക്കിയിരിക്കെ അവ വിടർന്ന് കഴിഞ്ഞിരിക്കും. അവ തന്നെ നോക്കി പുഞ്ചിരിക്കുന്നതു കാണുമ്പോൾ അവൾക്കൊരു വല്ലായ്മ തോന്നും. അവർ പരിഭാവത്തോടെ പിറുപിറുക്കും: '...ന്റെ അസർ മുല്ലപ്പൂക്കളേ, ഇന്നും നിങ്ങളെന്നെ പറ്റിച്ചു കളഞ്ഞല്ലേ? ഞാൻ കണ്ണടച്ചിട്ടൊന്നുമില്ലല്ലോ; എന്നിട്ടും.....! നാളെയാവട്ടേ, ഞാനത് കണ്ടുപിടിക്കും; നോക്കിക്കോ..!'



വർഷങ്ങളായി തുടരുന്ന വാശിയും മത്സരവുമാണ്. എന്നാലും റസിയക്ക് മടുപ്പില്ല. അസർമുല്ലപ്പൂക്കളുമായി അവർക്കത്രയും അടുപ്പമുണ്ടല്ലോ.

തന്നെ കാണിക്കാതെ പൂക്കളെ വിരിയിച്ച അസർമുല്ലച്ചെടികളോട് പരിഭവം പറഞ്ഞവർ അകത്തേക്ക് കയറും. അംഗശുദ്ധി വരുത്തി നിസ്കാരപ്പായ നിവർത്തും. നിസ്കാരം കഴിഞ്ഞ് ആകാശത്തേക്ക് കൈയുയർത്തി പടച്ചവനോട് കേണിരക്കും; നിസ്കാരം സ്വീകാര്യമാവാൻ... ഈമാനുറയ്ക്കാൻ... ആഫിയത്തുണ്ടാവാൻ... മാതാപിതാക്കളോടൊപ്പം, ഭർത്താവിനോടൊപ്പം, മക്കളോടൊപ്പം സ്വർഗ്ഗത്തിലാക്കാൻ... പൊന്നുമോനെ തിരിച്ചു തരാൻ... മരിക്കുന്നതിനു മുമ്പ് അവനെയൊന്നു കാണിച്ചു തരാൻ...! അപ്പോഴേക്കും റസിയയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങും. അശ്രുകണങ്ങൾ കവിളിലൂടെ ഉരുണ്ടിറങ്ങി നിസ്കാരക്കുപ്പായം നനയ്ക്കുന്നുണ്ടാവും. കണ്ണുനീർത്തുള്ളികൾ വീണുവീണ് അവരുടെ നിസ്കാരക്കുപ്പായമാകെ കരിമ്പനടിച്ചിട്ടുണ്ടല്ലോ!

അങ്ങനെയിരിക്കുമ്പോൾ അവർക്ക് തോന്നും, അസർമുല്ലപ്പൂക്കൾ തന്നെ വിളിക്കുന്നുണ്ടെന്ന്. വേഗത്തിൽ നിസ്കാരക്കുപ്പായം അഴിച്ചുവെച്ച് മുറ്റത്തേക്കിറങ്ങും. അപ്പോഴേക്കും ചെടികൾ നിറയെ പൂക്കൾ വിടർന്നു പരിലസിക്കുന്നുണ്ടാവും. അവ റസിയയെ നോക്കി പുഞ്ചിരിക്കുന്നുണ്ടാവും. മനോഹരമായ ആ കാഴ്ച നോക്കിയിരുന്ന് അവർ എല്ലാ ദുഃഖങ്ങളും മറക്കാൻ ശ്രമിക്കും. ഓർമ്മകൾ പിറകോട്ട് പിറകോട്ട് പാഞ്ഞുപോകും; നിയന്ത്രണത്തിലൊന്നുമൊതുങ്ങാതെ! കയ്പ്പും മധുരവും നിറഞ്ഞ ഗതകാല ജീവിതത്താളുകൾ ഓരോന്നായി മറിച്ചു കാണിച്ചുകൊണ്ടിരിക്കും.

**നിസ്കാരം കഴിഞ്ഞ് ആകാശത്തേക്ക് കൈയുയർത്തി പടച്ചവനോട് കേണിരക്കും; നിസ്കാരം സ്വീകാര്യമാവാൻ... ഈമാനുറയ്ക്കാൻ... ആഫിയത്തുണ്ടാവാൻ... മാതാപിതാക്കളോടൊപ്പം, ഭർത്താവിനോടൊപ്പം, മക്കളോടൊപ്പം സ്വർഗ്ഗത്തിലാക്കാൻ... പൊന്നുമോനെ തിരിച്ചു തരാൻ... മരിക്കുന്നതിനു മുമ്പ് അവനെയൊന്നു കാണിച്ചു തരാൻ...! അപ്പോഴേക്കും റസിയയുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങും.**

കുട്ടിക്കാലത്തേ തുടങ്ങിയതാണ് റസിയയുടെ അസർമുല്ലപ്പൂക്കളോടുള്ള സൗഹൃദം. സൗഹൃദമോ, അതോ പ്രണയമോ? അവൾക്കു തന്നെയറിയില്ല, എന്തു വികാരമാണ് തങ്ങൾ തമ്മിലുള്ളതെന്ന്. സ്കൂളിൽ അഞ്ചാം ക്ലാസിൽ പഠിക്കുന്ന കാലം. കൂട്ടുകാരിയായ ജമീല എന്നും പറയും, തന്റെ വീട്ടിലെ അസർമുല്ലച്ചെടികളെപ്പറ്റി!

രാവിലെ ക്ലാസ്സിലെത്താൻ വൈകിയാൽ അവൾക്കു കാരണം പറയാനുണ്ടായിരുന്നത് അസർമുല്ലയ്ക്കു വെള്ളം കൊടുക്കാൻ പോയതുകൊണ്ടാണെന്നായിരിക്കും. വൈകുന്നേരം സ്കൂൾ വിട്ടു വേഗത്തിലോടുമ്പോഴും അവൾ പറയും; അസർമുല്ലച്ചെടികൾക്ക് വെള്ളം കൊടുക്കാൻ നേരം വൈകിയെന്ന്! എന്നുമവൾ ചോദിക്കും: 'റസിയക്കുട്ടീ, നിനക്കെന്റെ അസർമുല്ലത്തോട്ടം കാണണ്ടേ?'

അതൊന്നു കാണാൻ തീർത്താൽ തീരാത്ത പൂതിയുണ്ട്. പക്ഷേ, അവളുടെ വീട്ടിലേക്കൊന്നു പോകാൻ ഉമ്മയനുവദിക്കേണ്ടേ? സ്കൂളിൽനിന്ന് ഇത്തിരി ദൂരെയാണ് ജമീലയുടെ വീട്. ദൂരേക്കൊന്നും പോകാൻ ഉമ്മ അനുവദിക്കില്ലല്ലോ.

എന്നും രാവിലെ സ്കൂളിലേക്ക് പോകുമ്പോൾ ഉമ്മ ഓർമ്മപ്പെടുത്താറുണ്ട്: 'മോളേ റസിയാ, സ്കൂള് വിട്ടാലേ, അങ്ങോട്ടുമിങ്ങോട്ടും തിരിഞ്ഞു കളിക്കാതെ വേഗമിങ്ങോടിപ്പോരണം കേട്ടോ.'

'എടീ, സ്കൂളിലേക്ക് പോകുമ്പോഴും വരുമ്പോഴും മറ്റുള്ളവരോട് കൊണ്യാരം പറയാനൊന്നും നിൽക്കാതെ വേഗമിങ്ങെത്തിക്കൊള്ളണം.' ഇടയ്ക്കിടെ വാപ്പയുടെ ഉഗ്രശാസനയുമുണ്ടാവും. കളിക്കുമ്പോഴും വെറുതെയിരിക്കുമ്പോഴുമൊക്കെ വാപ്പ ഓർമ്മിപ്പിച്ചു കൊണ്ടിരിക്കും: എടീ പെണ്ണേ, സമയമേറെ വിലപ്പെട്ടതാണ് കേട്ടോ. ഒരു നിമിഷം പോലും വെറുതെയാക്കരുത്. ഈ ദുനിയാവിലെ ഓരോ നിമിഷവും എങ്ങനെ ചെലവഴിച്ചെന്ന് നാളെ പടച്ചോൻ ചോദിക്കും. സമയം വെറുതെ കളഞ്ഞാലേ, നീയെന്താണു സമാധാനം പറയുക?'

അതൊരു പേടിപ്പിക്കലാണ്; റസിയയെയല്ല, അവളുടെ ഉമ്മയെ ലക്ഷ്യമാക്കിയാവും ഈ പേടിപ്പിക്കൽ. ഉമ്മ അയലത്തെ വീടുകളിലൊക്കെ പോയിരുന്നു പെണ്ണുങ്ങളോടൊത്തു കഥ പറഞ്ഞിരിക്കുന്നത് വാപ്പയ്ക്കൊട്ടും ഇഷ്ടമായിരുന്നില്ലല്ലോ.

സ്കൂൾ വിട്ടാൽ, ഉമ്മയെ പേടിച്ച്, വാപ്പയെ പേടിച്ച് റസിയ വീട്ടിലേക്കൊരോട്ടമാണ്; ഇടവും വലവും നോക്കാതെ! കൂട്ടുകാരികളിൽ പലരും ആടിക്കുഴഞ്ഞ്, ആൺകുട്ടികളോട് വർത്തമാനം പറഞ്ഞ് മെല്ലെ മെല്ലെയാണ് വീട്ടിലേക്ക് പോവുക. അയലത്തെ ഹലീമയും ആമിനയുമൊക്കെ വീട്ടിലേക്കെത്തുമ്പോഴേക്ക് റസിയ യൂണിഫോമഴിച്ച്, മേൽ കഴുകി നിസ്കരിച്ച്, ചായയും കുടിച്ച് വരാന്തയിലെത്തിയിട്ടുണ്ടാവും. അവരോട് അവരുടെ ഉമ്മമാർ ദേഷ്യപ്പെടുന്നത് പലപ്പോഴും കേട്ടിട്ടുണ്ട്: 'എവടായിരുന്നെടീ നീയൊക്കെ? സ്കൂൾ വിട്ടിട്ടെത്ര നേരമായി? തെക്കേലെ റസിയമോളും അന്റെ ക്ലാസിൽ തന്നെയല്ലേ? അവള് പൊരേലെത്തീട്ട് നാഴികയൊന്ന് കഴിഞ്ഞല്ലോ.'

അത് കേൾക്കുമ്പോൾ റസിയക്കു തോന്നും, ഉമ്മയുടെയും ബാപ്പയുടെയും നിർബന്ധം പിടിക്കൽ നന്നായെന്ന്. പാഠങ്ങളൊക്കെ പഠിക്കാനും അനിയത്തിമാരോടൊത്ത് കളിക്കാനും ഏറെ സമയം കിട്ടുന്നുണ്ടല്ലോ.

എന്നാലും അടക്കിനിർത്താൻ വയ്യാത്ത ഒരു പൂതിയുണ്ട് മനസ്സിൽ; ജമീലയുടെ വീട്ടിലൊന്നു പോകണം. അവളുടെ അസർമുല്ലപ്പൂന്തോട്ടമൊന്നു കാണണം.

നല്ല നേരം നോക്കി ഉമ്മയോട് ചോദിക്കണം; അത്രയും ഇഷ്ടപ്പെട്ട നേരത്താണെങ്കില് ഉമ്മ സമ്മതിക്കാതിരിക്കില്ല.

ഉമ്മയുടെ ഇഷ്ടം നേടാനുള്ള വഴികളൊക്കെ റസിയക്കറിയാം. നടുവേദനയുമായി ഉമ്മ മുറ്റമടിച്ചുവാരുമ്പോൾ ചെന്ന് 'ഉമ്മാ, ഞാനടിച്ചു വാരാം' എന്നു പറഞ്ഞാല് വലിയ ഇഷ്ടമാണ്. അങ്ങനെ അവസരം നോക്കി നടക്കണം.

സ്കൂൾ വിട്ടു വന്നപ്പോൾ ഉമ്മ കിടക്കുകയാണ്; മെല്ലെ ചെന്നു ചോദിച്ചു: 'ഉമ്മാ, എന്താ പറ്റ്യേത്? ഉമ്മക്ക് വയ്യേ?'

ഉമ്മ ഊരയിൽ കൈ വച്ചു പറഞ്ഞു: 'സഹിക്കാൻ കയ്യണ്ല്ല മോളേ ഊരവേദന.'

'എന്നാലുമ്മ അവിടെ കിടന്നോളി, പണിയൊക്കെ ഞാൻ ചെയ്യാട്ടോ' എന്നു പറഞ്ഞു റസിയ അകമെല്ലാം അടിച്ചുവാരി വൃത്തിയാക്കി. പാത്രങ്ങളെല്ലാം കഴുകി വച്ചു. കുഞ്ഞനിയത്തിയെ വിളിച്ചുകൊണ്ടുപോയി കഥകൾ പറഞ്ഞുകൊടുത്തു.

രാത്രി പാഠങ്ങളെല്ലാം പഠിച്ചു തീർത്ത് ഉമ്മയുടെ അടുത്ത് ചെന്നിരുന്ന് പുറം തടവിക്കൊടുത്തുകൊണ്ടിരുന്നപ്പോൾ മെല്ലെ ചോദിച്ചു: 'ഉമ്മാ... ന്റെ ക്ലാസിലെ ജമീലാന്റെ വീട്ടിലൊരു പൂന്തോട്ടംണ്ട്, അസർമുല്ലപ്പൂന്തോട്ടം. ...നിക്കതൊന്നു കാണാൻ പോണം. ഉമ്മ സമ്മതിക്കൂല്ലേ?'

അതു കേട്ടതോടെ ഉമ്മയുടെ ഭാവം മാറിയല്ലോ; ചോദ്യങ്ങളുടെ ഒരു മാല തന്നെ പുറത്തുവന്നു: 'ജമീലയോ? ഏതു ജമീല? ഓളെ പെരയെവിടെയാ? ആരുടെ മോളാ? ഓളെ വാപ്പാക്കെന്താ പണി.....? ചോദ്യങ്ങളുടെ മുമ്പിൽ റസിയ കുഴങ്ങി. അവൾക്കറിയാവുന്നതു പറഞ്ഞു: 'സ്കൂളിന്റെ അട്ത്ത്ന്ന് അപ്പുറത്തേക്കൊരു റോഡില്ലേ, ആ റോഡിലൂടെ പോകണം.'

ഉമ്മയ്ക്കൊട്ടും തൃപ്തിയായില്ലെന്ന് തോന്നുന്നു; മുഖം ചുളിച്ച് ഒന്നും മിണ്ടാതെ കിടന്നപ്പോൾ റസിയക്കു സങ്കടം സഹിക്കാനായില്ല. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കണ്ണീർത്തുള്ളികൾ ഇറ്റി വീണത് ഉമ്മയുടെ കുപ്പായത്തിൽ.

ഞെട്ടിയെണീറ്റ ഉമ്മ റസിയയെ പിടിച്ചണച്ചുകൂട്ടി ചോദിച്ചു: '...ന്റെ മോളെന്തിനാ കരയണേ, അക്കൂട്ടിന്റെ വീട്ടില് പോകണ്ടാന്ന് ഉമ്മ പറഞ്ഞില്ലല്ലോ. വല്യ പൂത്യാണെങ്കില് മോള് പൊയ്ക്കോ, നാളെത്തന്നെ.' (തുടരും)

**ഉമ്മയുടെ ഇഷ്ടം നേടാനുള്ള വഴികളൊക്കെ റസിയക്കറിയാം. നടുവേദനയുമായി ഉമ്മ മുറ്റമടിച്ചുവാരുമ്പോൾ ചെന്ന് 'ഉമ്മാ, ഞാനടിച്ചു വാരാം' എന്നു പറഞ്ഞാല് വലിയ ഇഷ്ടമാണ്. അങ്ങനെ അവസരം നോക്കി നടക്കണം.**
**സ്കൂൾ വിട്ടു വന്നപ്പോൾ ഉമ്മ കിടക്കുകയാണ്; മെല്ലെ ചെന്നു ചോദിച്ചു: 'ഉമ്മാ, എന്താ പറ്റ്യേത്? ഉമ്മക്ക് വയ്യേ?' ഉമ്മ ഊരയിൽ കൈ വച്ചു പറഞ്ഞു: 'സഹിക്കാൻ കയ്യണ്ല്ല മോളേ ഊരവേദന.'**

തൂലികപ്രഭ

മുനീർ ശാമിൽ ഇർഫാനി എരുവാട്ടി

# കോടമ്പുഴ ഉസ്താദ്: രചനാലോകത്തെ വിസ്മയപ്രതിഭ



'മനുഷ്യഹൃദയങ്ങൾ പൊതുവെ പുതുമകൾ കൊതിക്കുന്നവരാണ്. അതിനുപുറമെ, അല്ലാഹു ഓരോ കാലഘട്ടത്തിലെയും പണ്ഡിതന്മാരെ കാലത്തിനോട് സംവദിക്കാൻ പ്രാപ്തരാക്കുന്നു. ഗ്രന്ഥങ്ങൾ വിദൂര ദേശങ്ങളിലേക്കെത്തും. പണ്ഡിതന്റെ മരണശേഷവും അവ ശേഷിക്കുന്നതുകൊണ്ട് അറിവിന്റെ പ്രചാരണത്തിന് ലഭിക്കുന്ന എല്ലാ ഫലങ്ങളും അതിലൂടെ നേടിയെടുക്കാനും കഴിയും. ഖബറിൽ കിടന്നും പ്രബോധനം ചെയ്യുകയും അറിവ് പകർന്നു നൽകുകയും ചെയ്യുന്നവരാണ് ഇസ്ലാമിക ലോകത്തെ രചയിതാക്കൾ. തിരുനബി(സ) പറഞ്ഞു: 'ആരെങ്കിലും സത്യത്തെ പകർന്നു നൽകുകയും ശേഷം മറ്റുള്ളവർ അത് പ്രവർത്തിക്കുകയും ചെയ്താൽ അന്ത്യനാൾ വരെ പ്രവർത്തിക്കുന്നവന്റെ ഫലം പകർന്നു നൽകിയവർക്ക് ലഭിച്ചുകൊണ്ടിരിക്കും.' (ഇമാം ഹദ്ദാദ്/ രിസാലതുൽ മുആവന)

വിശുദ്ധദീനിന്റെ ജീവനാഡിയായ അറിവിനെ തലമുറകൾക്ക് പകർന്നു നൽകുകയെന്ന ഏറ്റവും വലിയ ഉത്തരവാദിത്തം നിർവഹിക്കുന്നവരാണ് ഇസ്ലാമിലെ രചയിതാക്കൾ. കാലഘട്ടങ്ങളിലൂടെയുള്ള അവരുടെ മനോഹരമായ കൈമാറ്റരീതിയാണ് വൈജ്ഞാനികവും സാംസ്കാരികവുമായ എല്ലാ മുന്നേറ്റങ്ങളുടെയും ചാലകശക്തി. കേരളക്കരക്ക് മഖ്ദൂമുമാരുടെ ഇസ്ലാമെഴുത്തിന്റെ പാരമ്പര്യമുണ്ട്. നൂറ്റാണ്ടുകൾക്കു മുമ്പേ വിരചിതമായ അറബിഗ്രന്ഥങ്ങളാണ് പലപ്പോഴും മലയാളികളുടെ ആഗോള മേൽവിലാസം. നമുക്ക് അഭിമാനകരമാവുന്ന അത്തരം മേൽവിലാസങ്ങളുടെ തുടർച്ചയാണ് ഖലമുൽ ഇസ്ലാം കോടമ്പുഴ ബാവ ഉസ്താദിന്റെ രചനകൾ. ഏറ്റവും പുതിയ രചനയായ 30 വാല്യങ്ങളുള്ള തൈസീറുൽജലാലൈനി കോടമ്പുഴ ഉസ്താദിന്റെ മാസ്റ്റർപീസാണ്.

വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി നൂറിലേറെ ഗ്രന്ഥങ്ങൾ ഇതിനകം എഴുതി പൂർത്തിയാക്കിയിട്ടുണ്ട്. അതിൽ ഖുർആനും ഹദീസും കർമശാസ്ത്രവും ചരിത്രവും വിശ്വാസവും ആത്മീയതയും പാഠ്യഗ്രന്ഥങ്ങളും കഥാസാഹിത്യ നിരൂപണങ്ങളും പ്രശ്നോത്തരങ്ങളുമെല്ലാമുണ്ട്.

2019 ഡിസംബർ 14ന് 100 ഗ്രന്ഥങ്ങളുടെ പൂർത്തീകരണമായി 'അൽഇസ്ലാം' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനവേള

**കേരളീയർക്ക് ചിരപരിചിതമായ ഖുർആൻ വ്യാഖ്യാനമാണ് തഫ്സീറുൽ ജലാലൈനി. ഇതിന്റെ വ്യാഖ്യാനമാണ് തൈസീറുൽ ജലാലൈനി എന്ന ഗ്രന്ഥം. ഖുർആനിലെ ആശയ പ്രപഞ്ചത്തിലേക്ക് വിരൽചൂണ്ടുന്ന ഈ തഫ്സീറിനെ പ്രാമാണികരായ ഇമാമുമാരുടെ ഗ്രന്ഥശേഖരത്തിലേക്കുള്ള താക്കോൽ നൽകി വിശദീകരിക്കുകയാണ് തൈസീറുൽ ജലാലൈനിയിലൂടെ ഉസ്താദ് ചെയ്യുന്നത്.**

യിൽ ഇന്ത്യൻ ഗ്രാൻഡ് മുഫ്തി സുൽത്താനുൽ ഉലമ കാന്തപുരം ഉസ്താദാണ് 'ഖലമുൽ ഇസ്‌ലാം' എന്ന നാമകരണം കോടമ്പുഴ ബാവ ഉസ്താദിന് നൽകിയത്.

കേരളീയർക്ക് ചിരപരിചിതമായ ഖുർആൻ വ്യാഖ്യാനമാണ് തഫ്സീറുൽ ജലാലൈനി. ഇതിന്റെ വ്യാഖ്യാനമാണ് തൈസീറുൽ ജലാലൈനി എന്ന ഗ്രന്ഥം. കേരളത്തിലെ പള്ളിദർസുകൾ, കോളേജുകൾ എന്നിവിടങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ഖുർആൻ പഠനത്തിന്റെ ഭാഗം കൂടിയാണിത്. ഖുർആനിലെ ആശയ പ്രപഞ്ചത്തിലേക്ക് വിരൽചൂണ്ടുന്ന ഈ തഫ്സീറിനെ പ്രാമാണികരായ ഇമാമുമാരുടെ ഗ്രന്ഥശേഖരത്തിലേക്കുള്ള താക്കോൽ നൽകി വിശദീകരിക്കുകയാണ് തൈസീറുൽ ജലാലൈനിയിലൂടെ ഉസ്താദ് ചെയ്യുന്നത്.

## കോടമ്പുഴ എന്ന രചനാവിലാസം

കോടമ്പുഴ ദാറുൽ മആരിഫിൽ രാത്രികാലങ്ങളിലും വിളക്കണയാത്ത മുറിയാണ് ബാവ ഉസ്താദിന്റേത്. രാവുകളെ പകലാക്കി മലയാളത്തിലും അറബിയിലുമായി അനേകം കൃതികളും ആനുകാലികങ്ങളിലേക്കുള്ള എഴുത്തുകളും രൂപപ്പെട്ടുകൊണ്ടിരിക്കുന്നു.

പെറുക്കിവെക്കുന്ന അക്ഷരങ്ങൾക്കെല്ലാം ആധികാരിക പണ്ഡിതരുടെ കയ്യൊപ്പ് വേണമെന്ന നിർബന്ധത്തിൽ എല്ലാ അവലംബഗ്രന്ഥങ്ങളും പേജുകളും രേഖപ്പെടുത്തുകയെന്നത് വളരെ പ്രധാനമായി പുലർത്തിപ്പോരുന്ന ചിട്ടകളിലൊന്നാണ്. വായനക്കാരിൽ കൂടുതലും പണ്ഡിതരും വിദ്യാർത്ഥികളുമായതുകൊണ്ട് അവരുടെ വൈജ്ഞാനികവികാസത്തിന് സഹായകമാകുമെന്ന് മനസ്സിലാക്കിയാണ് ഈ ഉദ്യമം. തൈസീറുൽ ജലാലൈനിയുടെ 14,200 പേജുകൾ നൂറു കണക്കിന് ഗ്രന്ഥങ്ങളെ അവലംബമാക്കിയാണ് ഉസ്താദ് എഴുതിയത്.

മേശപ്പുറത്ത് വരിവരിയായി നിവർത്തി വച്ചിരിക്കുന്ന മഹാരഥന്മാരായ ഇമാമുമാരുടെ ഗ്രന്ഥങ്ങൾ അതിസൂക്ഷ്മമായി വായിക്കുകയും ആവശ്യമായ ഭാഗങ്ങൾ പകർത്തിയെടുത്ത് ഒരുമിച്ചു കൂട്ടി ആറ്റിക്കുറുക്കിയെടുത്ത് വായനക്കാരിൽ മടുപ്പും വിരസതയും വരാത്ത വിധം അവതരിപ്പിക്കുകയും ചെയ്യുന്നു. അനേകം ചേരുവകളെ അറിവിന്റെ പിൻബലമുള്ള സ്വതസിദ്ധമായ ശൈലിയിൽ ക്രമീകരിച്ച് പിന്നെയും പിന്നെയും വായിച്ചും മനനം ചെയ്തുമാണ് ഓരോ വരിയും പ്രകാശിതമാകുന്നത്.

ഗ്രന്ഥപാരായണം ചെയ്യുന്ന പഠിതാവിന്റെയോ വായനക്കാരന്റെയോ മനസ്സോടുകൂടി എഴുതുന്നതു കൊണ്ട് അതിസൂക്ഷമമായ പരിശോധന എല്ലാ ഗ്രന്ഥങ്ങളിലും ഉസ്താദവർകൾ തന്നെ നടത്താറുണ്ട്.

പ്രിന്റ് ചെയ്തുവന്ന ഗ്രന്ഥം അക്ഷരപ്പിശകുണ്ടെന്നു കണ്ടാൽ അതിലെ ഓരോ വരയും കുറിയുമെല്ലാം കറക്റ്റ് ചെയ്തു മാത്രമേ വായനക്കാരന് നൽകാവൂ എന്നത് ഉസ്താദിന് നിർബന്ധമാണ്. ഗ്രന്ഥത്തിൽ നേരിട്ട് രേഖപ്പെടുത്തുന്നതിനു പ്രയാസം നേരിട്ടാൽ ഓരോ ഗ്രന്ഥത്തിന്റെയും കൂടെ അക്ഷരപ്പിശകുള്ള ഭാഗം ഏതാണെന്ന് 'ശുദ്ദിപത്രം' നൽകുന്ന മാതൃകയും സ്വീകരിക്കാറുണ്ട്. പുതിയകാല എഴുത്തുകാർക്കുള്ള സൂക്ഷ്മതയുടെ പാഠങ്ങൾ കൂടി ഇതിലുണ്ട്.

എന്നിട്ടും അവശേഷിക്കുന്ന മനുഷ്യസഹജമായ അക്ഷരപ്പിശകുകൾ ആരെങ്കിലും ഉണർത്തുമെന്നതിനാൽ തിരുത്തുന്നതിനു വേണ്ടി മാത്രം ഒരു കോപ്പി കരുതിവെക്കുകയെന്നതാണ് ബാവ ഉസ്താദിന്റെ ശൈലി. വായനക്കാരൻ അക്ഷരപ്പിശകിന്റെ പേരിൽ കഷ്ടപ്പെടുന്നത് രചയിതാവിന് വലിയ മനോവിഷമമുണ്ടാക്കുമെന്ന് സാരം.

## തൈസീർ രചനാവേളയിലെ റമളാൻ കാലങ്ങൾ

അറബിയിലും മലയാളത്തിലുമായി നൂറിലേറെ ഗ്രന്ഥങ്ങൾ ഇതിനകം ദാറുൽമആരിഫ് പബ്ലിക്കേഷൻസ് ഉസ്താദിന്റേതായി പുറത്തിറക്കിക്കഴിഞ്ഞു. ഖുർആനും ഹദീസും മുതൽ ആധുനിക ശാസ്ത്രസമസ്യകളെ സംബോധന ചെയ്യുന്ന ആധികാരിക ഗ്രന്ഥങ്ങളാണ് എല്ലാം. തൈസീറുൽജലാലൈനിയുടെ ഒന്നാം വാള്യം 2008 ലാണ് പിറക്കുന്നത്. കോടമ്പുഴ ദാറുൽമആരിഫിൽ നടക്കാറുള്ള ത്രൈമാസ ദിക്റ് ഹൽഖകളിലാണ് ഓരോന്നും പ്രകാശിതമായത്.

സമയത്തിന് വലിയ വില നൽകുന്നവരാണ് യഥാർത്ഥ പണ്ഡിതന്മാർ. ഒരു സമയവും പാഴാക്കാനാവില്ല.

തിരക്കുപിടിച്ച അധ്യാപന-എഴുത്തു ജീവിതത്തിലെ ഓരോ റമളാൻകാലവും തൈസീറിന്റേത് കൂടെയായിരുന്നു. റമളാനിൽ ഖുർആൻ അനുബന്ധമായുള്ള

എഴുത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ ശ്രമിച്ച ഉസ്താദ് പള്ളിയുടെ ഒരു മൂലയിൽ ഇഅ്തികാഫിലായി രാവും പകലും തൈസീറുൽജലാലൈനിക്ക് വേണ്ടി പരിശ്രമിച്ചു. രാത്രി നിസ്കാരം കഴിഞ്ഞാൽ രചന തുടങ്ങും. അത്താഴം വരെ നീളുന്ന രചനാധ്യാനം സുബ്ഹി നിസ്കാരം കഴിഞ്ഞ് സ്വല്പം ഖുർആൻ പാരായണം ചെയ്താൽ പുനരാരംഭിക്കും. ഉറക്കം വിളിച്ചുകൊണ്ടുപോയാലല്ലാതെ തല ചായ്ക്കില്ല. ഉറങ്ങിയാലും പെട്ടെന്ന് എഴുന്നേൽക്കും. വീണ്ടും തുടരും. ഇരുന്നും നിന്നും നടന്നും പ്രയാസവും ക്ഷീണവും വരുമ്പോൾ വശങ്ങളിലേക്ക് മാറി മാറിയിരുന്നും ഉസ്താദ് എഴുതിക്കൊണ്ടേയിരിക്കും. പണ്ഡിതന്റെ പേനയുടെ ചലനശബ്ദം തസ്ബീഹാണല്ലോ.

ആരോഗ്യപ്രശ്നങ്ങൾ നേരിട്ടു വിശ്രമജീവിതം നയിക്കുമ്പോഴും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് ആ പേനകൾ നിശ്ചലമായില്ല. ശക്തമായ വേദനകൾ അലട്ടുമ്പോഴും അതൊന്നും വകവെക്കാതെ പൂർവസൂരികളായ പണ്ഡിതന്മാരെ അനുസ്മരിപ്പിക്കും വിധം ഗ്രന്ഥരചന തുടരുന്നു.

## ജലാലൈനിയുടെ ആശയ പ്രപഞ്ചം

അൽഇമാം ജലാലുദ്ദീൻ മുഹമ്മദുബ്നു അഹ്മദ് അൽമഹല്ലി അശ്ശാഫിഈ (ഹി 790–864), അൽഇമാം ജലാലുദ്ദീൻ അബ്ദുറഹ്മാൻ അസ്സുയൂത്വി അശ്ശാഫിഈ (ഹി 790–863) എന്നിവരുടേതാണ് തഫ്സീറുൽ ജലാലൈനി. സൂറത്തുൽ കഹ്ഫ് വ്യാഖ്യാനിച്ചു തുടങ്ങിയ ജലാലുദ്ദീൻ മഹല്ലി സൂറത്തുന്നാസ് വരെയുള്ള സൂറത്തുകൾക്കും സൂറത്തുൽ ഫാത്തിഹക്കും വ്യാഖ്യാനമെഴുതി വഫാത്തായി. സൂറത്തുൽബഖറ മുതൽ സൂറത്തുൽ ഇസ്റാഅ് വരെയുള്ള സൂറത്തുകൾക്ക് വ്യാഖ്യാനമെഴുതി ഇമാം മഹല്ലിയാണ് ഇതിന്റെ പൂർത്തീകരണം നടത്തിയത്. രണ്ടുപേരും ചേർന്ന് എഴുതിയതുകൊണ്ട് ജലാലൈനി എന്ന പേരും വന്നു. ഈ മഹാരഥന്മാരുടെ സൂചനാക്ഷരങ്ങളെ മുൻനിർത്തി വിശുദ്ധഖുർആനിലേക്കുള്ള വലിയ ആശയപ്രപഞ്ചത്തെ ഒറ്റ ഗ്രന്ഥത്തിൽ നിന്ന് വായിച്ചെടുക്കാൻ കഴിയുന്നുവെന്നതാണ് തൈസീറിന്റെ മേന്മ. വിശാലമായ ഗ്രന്ഥശാലകളെ ആശ്രയിക്കാതെ ഒരു മുറിയിലിരുന്ന് വലിയ ഗ്രന്ഥപ്പുരകളിലേക്ക് സഞ്ചരിക്കാനുള്ള സൗഭാഗ്യമാണ് ഇതിലൂടെ ലഭിക്കുന്നത്.

രാത്രി നിസ്കാരം കഴിഞ്ഞാൽ രചന തുടങ്ങും. അത്താഴം വരെ നീളുന്ന രചനാധ്യാനം സുബ്ഹി നിസ്കാരം കഴിഞ്ഞ് സ്വല്പം ഖുർആൻ പാരായണം ചെയ്താൽ പുനരാരംഭിക്കും. ഉറക്കം വിളിച്ചുകൊണ്ടുപോയാലല്ലാതെ തല ചായ്ക്കില്ല. ഉറങ്ങിയാലും പെട്ടെന്ന് എഴുന്നേൽക്കും. വീണ്ടും തുടരും. ഇരുന്നും നിന്നും നടന്നും പ്രയാസവും ക്ഷീണവും വരുമ്പോൾ വശങ്ങളിലേക്ക് മാറിമാറിയിരുന്നും ഉസ്താദ് എഴുതിക്കൊണ്ടേയിരിക്കും.


ആദ്യം ഖുർആനിലെ അധ്യായത്തെ പൊതുവിൽ വിശദീകരിക്കും. ഖണ്ഡികകളിലായി ആയത്തുകളെ ക്രമീകരിക്കും. ഓരോന്നിനും അനുയോജ്യമായ ശീർഷകം നൽകും. ആ സൂക്തങ്ങളുടെ സാഹചര്യം, തൊട്ടു മുമ്പുള്ള അധ്യായവുമായുള്ള ബന്ധം, അവതരണ കാരണം, പ്രത്യേകം ചർച്ചകളോ ശ്രദ്ധയോ വേണ്ടയിടങ്ങളിൽ അതിനുള്ള വിശദീകരണം തുടങ്ങി ഒറ്റനോട്ടത്തിൽ വായനക്കാർക്ക് ഗ്രഹിക്കാനാവുന്ന വിധത്തിൽ ലളിതമായ അറബിഭാഷയിലുള്ള ഉപസംഹാരം എന്നിങ്ങനെയാണ് ഗ്രന്ഥത്തിലെ അവതരണ ശൈലി.

തഫ്സീറുകൾ മാത്രമല്ല; ഹദീസ്, കർമ്മശാസ്ത്രം, തസവ്വുഫ്, ചരിത്രം, ഭാഷാനിഘണ്ടു തുടങ്ങി എല്ലാ മേഖലകളിലെയും പ്രധാന ഗ്രന്ഥങ്ങളെല്ലാം അവലംബകൃതികളിൽ വരുന്നുണ്ട്. ഇതുമാത്രം മതി, ഉള്ളടക്കം എത്ര ബൃഹത്താണെന്ന് മനസ്സിലാക്കാൻ.

## വിഷയവൈവിധ്യം

വിശുദ്ധ ഖുർആനിൽ പരാമർശിക്കുന്ന ആദംനബി(അ) മുതലുള്ള പ്രവാചകന്മാരുടെ ചരിത്രങ്ങൾ, മുൻകാല സമൂഹങ്ങളായ ആദ്, സമൂദ് മുതൽ അസ്ഹാബുൽ ഫീൽ വരെയുള്ളവരുടെ വിവരണങ്ങൾ, ഫിർഔൻ, അബൂലഹബ് തുടങ്ങി ഖുർആനിൽ പരാമർശിച്ച ധിക്കാരികളുടെ കഥകൾ, നിസ്കാരത്തിന്റെയും നോമ്പിന്റെയും ഹജ്ജിന്റെയും കഅ്ബയുടെയും ഖിസ്സകൾ, തിരുനബി(സ)യുടെ കാലത്ത് നടന്ന വിവിധ യുദ്ധങ്ങൾ തുടങ്ങിയവ ഉചിതമായ സ്ഥലങ്ങളിൽ വ്യക്തമായി പ്രതിപാദിച്ചുകാണാം.

ആയത്തുകൾക്ക് അവയിലടങ്ങിയ ഏറ്റവും ശ്രദ്ധേയമായ വിഷയങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന ശീർഷകങ്ങളാണ് നൽകിയിട്ടുള്ളത്. ധർമ്മം പാഴായിപ്പോകുന്നതിന്റെ കാരണങ്ങളും അതിന്റെ ഉപമയും, പൂർവ്വഗാമികളുടെ ജീവിതത്തിലെ ഉത്തമ മാതൃകകൾ, അശ്രദ്ധ നരകക്കാരുടെ അടയാളമാണ്, ബഹുദൈവ വിശ്വാസിയുടെ അന്ധതയും വിശ്വാസിയുടെ ഉൾകാഴ്ചയും, സ്ത്രീകളോടുള്ള മര്യാദകൾ, വിജയികളുടെ പ്രത്യേകതകൾ, നാൽക്കാലികളിൽ നിന്നുള്ള ഗുണപാഠങ്ങൾ എന്നിവ ഉദാഹരണങ്ങൾ.




**സൂറത്തുൽബഖറയിലെ 226-ാമത് സൂക്തത്തിൽ ഭാര്യമാരുമായി അകന്നു നിൽക്കുന്ന ഈലാഅ് -ശപഥം ചെയ്യൽ- പരാമർശിക്കുമ്പോൾ അത് ജാഹിലിയകാലത്ത് നിലനിന്നിരുന്ന സംസ്കാരമാണെന്നും മുസ്‌ലിംകളും അതുപോലെ ചെയ്യാൻ തുടങ്ങിയപ്പോഴാണ് ഈ ആയത്ത് അവതരിച്ചതെന്നും കാണാം.**

## അവതരണ പശ്ചാത്തല വർത്തമാനങ്ങൾ

സൂറത്തുകളും ആയത്തുകളും തമ്മിലുള്ള ബന്ധവും അവതരണ കാരണവും പ്രതിപാദിക്കുന്നത് വിഷയം കൂടുതൽ മനസ്സിലാകുന്നതിന് സഹായകമാകും. വ്യത്യസ്ത ഖുർആൻ വിശദീകരണ ഗ്രന്ഥങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള വിവിധ അഭിപ്രായങ്ങളിൽ ഏറ്റവും ഗ്രാഹ്യമാവുന്നതും യുക്തിസഹമായതും കൊടുക്കുന്നതിനാണ് ഉസ്താദ് ശ്രമിച്ചിട്ടുള്ളത്.

സൂറത്തുൽബഖറയിലെ 226-ാമത് സൂക്തത്തിൽ ഭാര്യമാരുമായി അകന്നു നിൽക്കുന്ന ഈലാഅ് -ശപഥം ചെയ്യൽ- പരാമർശിക്കുമ്പോൾ അത് ജാഹിലിയകാലത്ത് നിലനിന്നിരുന്ന സംസ്കാരമാണെന്നും മുസ്‌ലിംകളും അതുപോലെ ചെയ്യാൻ തുടങ്ങിയപ്പോഴാണ് ഈ ആയത്ത് അവതരിച്ചതെന്നും കാണാം. വിധവകളെയും അനാഥകളെയും സൃഷ്ടിക്കുന്ന ഈ സാംസ്കാരിക അപചയത്തിൽ നിന്നു മോചനം നൽകുന്നതാണ് ഇസ്‌ലാമിലെ ത്വലാഖ് പോലുള്ള നിയമങ്ങൾ. ഇത്തരം കാര്യങ്ങളിലേക്ക് പഠിതാവിന്റെ ശ്രദ്ധ കൊണ്ടുപോകുന്നതിന് അവതരണ പശ്ചാത്തലം അറിയുന്നത് അനുഗുണമാണല്ലോ.

അസ്സിയാഖ് എന്ന ശീർഷകത്തിലൂടെ തൊട്ടുമുമ്പുള്ള ആയത്തുമായി ഈ ആയത്തുകൾ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. പെട്ടെന്ന് മനസ്സിൽ പതിയാത്ത ചില കാരണങ്ങൾ കണ്ടെത്തുന്നതിന് ഇത് സഹായകമാകും. ഏറെ വിശിഷ്ടമായ സൂറത്തോ ആയത്തോ വന്നാൽ അതിന്റെ ശ്രേഷ്ഠതയും മഹത്വവും വിശദീകരിക്കും. ആയത്തുൽ കുർസി, ആമനറസുലു, സൂറത്തുൽ ഇഖ്‌ലാസ്, സൂറത്തുൽ മുൽക്, സൂറത്തു യാസീൻ പോലുള്ളവയെ ഖുർആനിന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ വിശദീകരിച്ചിട്ടുണ്ട്.

## ശ്രദ്ധേയമായ പ്രശ്നോത്തരങ്ങൾ

എന്തുകൊണ്ട് ജാഹിലിയ്യകാലത്ത് അറബികൾ പെൺകുട്ടികളെ മാത്രം കൊന്നു, ആൺകുട്ടികളെ കൊന്നില്ല, പ്രവാചകന്മാരൊക്കെ പാപസുരക്ഷിതരാണെങ്കിൽ ആദംനബി(അ)നെ പിശാച് ദുർമന്ത്രണത്തിൽ പെടുത്തിയെന്ന് പറയുന്നതിന്റെ അർത്ഥമെന്താണ്, വിലക്കപ്പെട്ട മരത്തിൽ നിന്നു ഭക്ഷിച്ചതിലുള്ള പൊരുളെന്ത്,

ആദംനബി(അ) സ്വർഗ്ഗത്തിലും ഇബ്‌ലീസ് പുറത്തുമായിരിക്കെ എങ്ങനെ ഇബ്‌ലീസ് ആദംനബി(അ)യുമായി ബന്ധപ്പെട്ടു, മൂസനബി(അ)യും പശുവുമായി ബന്ധപ്പെട്ട ചരിത്രത്തിൽ മരിച്ചവരെ ജീവിപ്പിക്കുന്നതിന് പശുവിനെ മാധ്യമമാക്കിയതെന്തിന്, പശുവല്ലാത്ത മറ്റു വല്ലതിനെയും അറുക്കാൻ കൽപ്പിക്കാമായിരുന്നില്ലേ തുടങ്ങിയ പ്രസക്തമായ

ചില ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകിയിട്ടുണ്ട് ഉസതാദ്. ചരിത്രത്തിലും കർമ്മശാസ്ത്രത്തിലുമുള്ള കൗതുകകരമായ ചില കാര്യങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട് ഈ ഗ്രന്ഥത്തിൽ.

## വിശ്വാസ കാര്യങ്ങൾ

വിശ്വാസസംബന്ധമായ, പ്രത്യേകിച്ച് പരലോകം സംബന്ധിച്ചുള്ള കാര്യങ്ങൾ വരുമ്പോൾ അതിനും വിശദീകരണം നൽകിയതു കാണാം. തൗഹീദ്, ഹൗളുൽ കൗസർ, ഖബർ, മീസാൻ, മഹ്ശർ, മലക്കുകൾ, അന്ത്യനാൾ എന്നിങ്ങനെ നീളുന്നു ആ പട്ടിക. അന്ത്യനാളിൽ കർമ്മങ്ങളെ തൂക്കുന്നതെങ്ങനെ, കർമ്മങ്ങൾ അളന്നു നോക്കുന്നതിലുള്ള പൊരുളെന്ത്, എപ്പോഴാണ് മീസാനിൽ അളന്നു നോക്കുന്ന സമയം, മീസാനിന്റെ രൂപം എങ്ങനെയാണ്, കർമ്മങ്ങൾ തൂക്കി നോക്കപ്പെടാത്ത വിഭാഗം ഏതാണ്, മീസാനിന്റെ ഭയാനകത എന്നിവ സവിസ്തരം പ്രതിപാദിക്കുന്നുണ്ട് സൂറത്തുൽ അഅ്റാഫിൽ.

പരലോക ജീവിതം, ഖബറിലെ ചോദ്യം, മലക്കുകൾ, ചോദ്യം ചെയ്യുന്നതിലെ ഹിക്മത്ത്, ഏതു ഭാഷയിൽ, എത്ര തവണ, ഏതു രൂപത്തിൽ, ചോദ്യം ചെയ്യപ്പെടാത്തവർ ആര്, ഖബറിലെ ശിക്ഷ, ഖബർ വിശാലമാകുന്നതും ഇടുങ്ങുന്നതും, എന്തുകൊണ്ട് ഖബറിലുള്ള ശിക്ഷ നാം കേൾക്കുന്നില്ല, ശരീരത്തിനാണോ ആത്മാവിനാണോ ശിക്ഷയേൽക്കുക തുടങ്ങിയ വിശ്വാസകാര്യങ്ങളെയും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു.

## അനുബന്ധ ചർച്ചകൾ

ആയത്തുകൾ ഓതുമ്പോൾ ചിലയിടങ്ങളിലെങ്കിലും ആധികാരിക പണ്ഡിതന്മാർ ഈ വിഷയത്തെ സംബന്ധിച്ച് എന്തെങ്കിലും ചർച്ച ചെയ്തിട്ടുണ്ടോ, എന്താണതിനുള്ള മറുപടി എന്നിങ്ങനെയുള്ള ആലോചനകൾ കടന്നുവരുന്നത് സ്വാഭാവികമാണ്. ഇത്തരം ആലോചനകൾ വ്യത്യസ്തയിടങ്ങളിൽ തൈസീറുൽജലാലൈനിയിൽ നമുക്ക് കാണാൻ കഴിയും. ഹൃദയവും ബുദ്ധിയും, കണ്ണേറ്, കണ്ണേറിന്റെ ചികിത്സ, കണ്ണേറ് ബാധിക്കുമോ ഇല്ലയോ, മനുഷ്യപരിണാമം, ജിന്നുകളുടെ ലോകം, ജിന്നുകളുടെ ഭക്ഷണവും ജീവിതവും, ജിന്നുകളെക്കുറിച്ചുള്ള വിശ്വാസം, വിവിധ പണ്ഡിതരുടെ അഭിപ്രായങ്ങൾ, സിഹ്റ് സംബന്ധമായ കാര്യങ്ങൾ, ഭാഷോല്പത്തി, പ്രവാചകന്മാരുടെ പാപസുരക്ഷിതത്വം, പ്രപഞ്ചോല്പത്തി, മുത്വലാഖ്, ബഹുഭാര്യത്വം,

പൂർവ്വകാല പ്രവാചകന്മാരുടെ നിയമങ്ങളിലെ പരിഷ്കരണങ്ങൾ, ഖിബ്‌ല വിഷയത്തിലുള്ള പണ്ഡിത നിലപാടുകൾ, ഭൂമിയുടെ ഗോളാകൃതിയും ചലനവും എന്നിവയൊക്കെ വിശദീകരിച്ചിട്ടുണ്ട്.

പ്രമാണബദ്ധമല്ലാത്ത കഥകളെയും ആശയങ്ങളെയും തിരുത്തുക കൂടി ചെയ്യുന്നുണ്ട് ഉസ്താദ്. പാവപ്പെട്ട കുട്ടിക്ക് ഖമീസ് നൽകിയതു കാരണം തിരുനബി(സ)ക്ക് വസ്ത്രമില്ലാതെയായിപ്പോയ കഥ സ്വഹീഹല്ലെന്ന് ഇമാം ബൈളാവിയെ ഉദ്ധരിച്ച് ഉസ്താദ് വ്യക്തമാക്കുന്നു. വ്യത്യസ്ത അഭിപ്രായങ്ങൾ വരുന്ന സ്ഥലങ്ങളിൽ ഇമാം ജലാൽ ഏത് അഭിപ്രായമാണ് സ്വീകരിച്ചിരിക്കുന്നതെന്നും കർമ്മശാസ്ത്രപരമായ വിഷയങ്ങളിൽ ഇമാം ശാഫിഈ(റ)വിന്റെ തിരഞ്ഞെടുപ്പിനുള്ള ന്യായങ്ങളും ഗ്രന്ഥത്തിൽ വായിക്കാം.

കേരളത്തിനകത്തും പുറത്തുമുള്ള മഹാപണ്ഡിതന്മാർ വിവിധ വാള്യങ്ങൾക്ക് അവതാരികകൾ എഴുതിയിട്ടുണ്ട്. താജുൽ ഉലമ സയ്യിദ് അബ്ദുറഹ്മാൻ ഉള്ളാൾ, സുൽത്താനുൽ ഉലമ കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ, നൂറുൽ ഉലമ എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ, റഈസുൽ ഉലമ ഇ സുലൈമാൻ മുസ്‌ലിയാർ, ബദ്റുസ്സാദാത്ത് സയ്യിദ് ഇബ്റാഹിം ഖലീലുൽ ബുഖാരി, പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ, എ.പി മുഹമ്മദ് മുസ്‌ലിയാർ കാന്തപുരം, പേരോട് അബ്ദുറഹ്മാൻ സഖാഫി, കൊമ്പം മുഹമ്മദ് മുസ്‌ലിയാർ, അബ്ദുൽ ജലീൽ സഖാഫി ചെറുശ്ശോല, ഡോ അലി ജുമുഅ (അൽഅസ്ഹർ, ഈജിപ്ത്), മൗലവി എം.എ അബ്ദുൽഹമീദ് ഫാളിൽ ബാഖവി (പ്രിൻസിപ്പൽ ബാഖിയാത് വെല്ലൂർ), മുഹമ്മദ് അയ്യൂബ് നഈമി (പ്രിൻസിപ്പൽ ജാമിഅ നഈമിയ മുറാദാബാദ്), ഡോ. മുസ്തഫ സൽമാൻ അഹ്മദ് സാമുറായ് (ഇമാമുൽ അഅ്ളം കോളേജ് ബാഗ്ദാദ്), ശൈഖ് അബ്ദുൽഹമീദ് മുസ്‌ലിയാർ മാണി(ജനറൽ സെക്രട്ടറി കർണാടക ജംഇയ്യത്തുൽ ഉലമ), അബ്ദുറഹ്മാൻ ഫൈസി മാണിക്കോത്ത്(പ്രിൻസിപ്പൽ, ജാമിഅ സഅദിയ്യ), അബ്ദുന്നാസ്വിർ അഹ്സനി ഒളവട്ടൂർ എന്നിവർ അവതാരികയെഴുതിയവരിൽ പ്രമുഖരാണ്.

തൈസീറുൽ ജലാലൈനിയുടെ 30 വാള്യങ്ങൾ പൂർത്തിയായിരിക്കുന്നു. ബൃഹത്തായ ഈ 30 വാള്യങ്ങളുടെ സമർപ്പണവും തിരഞ്ഞെടുത്ത പണ്ഡിതന്മാർക്കുള്ള ഗ്രന്ഥോപഹാരവും ഡിസംബർ 8 ന് കോടമ്പുഴ ദാറുൽ മആരിഫിൽ നടക്കുകയാണ്. തലമുറകൾക്ക് യോജിക്കുന്ന വിധത്തിൽ നൂതനമായ ആവിഷ്കാരങ്ങളോടെ അറിവ് പകർന്നു നൽകുന്നതിനു വേണ്ടിയുള്ള ഒരു മഹാപണ്ഡിതന്റെ കഠിന ശ്രമങ്ങൾക്ക് പിന്തുണ നൽകുകയെന്നതാണ് നമുക്ക് ചെയ്യാവുന്നത്.

കേരളീയ മുസ്‌ലിം സമൂഹം നേരിട്ടോ അല്ലാതെയോ അഭേദ്യമായ ബന്ധം പുലർത്തുന്ന എഴുത്തുകാരനായ പണ്ഡിതർ കൂടിയാണ് ഖലമുൽ ഇസ്‌ലാം. മദ്റസ പാഠപുസ്തകങ്ങളിലൂടെ തലമുറകൾക്ക് ആ ചിന്തകളും അറിവുകളും പകർന്നു നൽകിയിട്ടുണ്ട്. അവിടം മുതൽ തുടങ്ങിയ അറിവിന്റെ ആ മഹാ പ്രയാണത്തിന് ലോകത്തുടനീളം സ്വീകാര്യത ലഭിച്ചു. പല ഗ്രന്ഥങ്ങളും വിദേശരാജ്യങ്ങളിലടക്കം പ്രസിദ്ധീകരിച്ചു വരുന്നു. പ്രതിഫലമായി ഉസ്താദ് ഒന്നും സ്വീകരിച്ചിട്ടില്ല. അറിവിനു വേണ്ടി ജീവിതം സമർപ്പിച്ച തലമുറകളുടെ മഹാഗുരുവിന്റെ ചരിത്ര ദൗത്യമാവും ഈ മുപ്പത് വാള്യങ്ങൾ.

ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# ലഹരിബാധിതന്റെ ത്വലാഖ്

***ചോദ്യം: ലഹരിബാധിതനായ ഒരാൾ തന്റെ ഭാര്യയെ മൂന്നു ത്വലാഖും ചൊല്ലി എന്ന് പറഞ്ഞാൽ അത് ത്വലാഖാകുമോ? ത്വലാഖ് സംഭവിച്ചിട്ടുണ്ടെങ്കിൽ പിന്നീട് ആ സ്ത്രീയെ ഭാര്യയാക്കണമെങ്കിൽ എന്താണ് വേണ്ടത്?***

***സൈനുദ്ദീൻ കൊല്ലം***

**ഉത്തരം:** ലഹരിബാധിതനായയാൾ തന്റെ ഭാര്യയെ ത്വലാഖ് ചൊല്ലിയാൽ ത്വലാഖ് സംഭവിക്കുന്നതാണ്. (അദ്ദുർറുൽ മുഖ്താർ 3/263). മൂന്നു ത്വലാഖും ചൊല്ലപ്പെട്ട സ്ത്രീയെ ആ ത്വലാഖിന്റെ പേരിലുള്ള അവളുടെ ഇദ്ദ കഴിഞ്ഞതിനു ശേഷം മറ്റൊരാൾ നികാഹ് ചെയ്ത് ശാരീരിക ലൈംഗികബന്ധം നടത്തിയ ശേഷം വേർപിരിയുകയും ഇദ്ദ കഴിയുകയും ചെയ്താൽ ആദ്യ ഭർത്താവിന് വീണ്ടും നികാഹ് ചെയ്യാവുന്നതാണ്. (അല്ലുബാബ് പേ: 273)

***ചോദ്യം: കയ്യിൽ മുറിവ് സംഭവിച്ചു ബാൻഡേജ് കൊണ്ട് ഒട്ടിച്ചു. നിലവിൽ അഴിക്കാൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. വുളൂഅ് എടുക്കുകയാണെങ്കിൽ തയമ്മും കൂടി ചെയ്യൽ അനിവാര്യമാണോ?***

***സ്വാലിഹ സത്താൽ പത്തനാപുരം***

**ഉത്തരം:** ബാൻഡേജ് ഒട്ടിച്ച ഭാഗം ഒഴികെയുള്ളത് കഴുകുന്നതോടൊപ്പം തയമ്മും കൂടി ചെയ്യേണ്ടതില്ല. (അദ്ദുർറുൽ മുഖ്താർ 1/278). എന്നാൽ ബാൻഡേജിന്റെ ഉള്ളിലുള്ള ഭാഗം കഴുകുന്നതിന് പകരം ബാൻഡേജിന്റെ മുകളിൽ വെള്ളം കൊണ്ട് തടവേണ്ടതാണ്. (അല്ലുബാബ് 1/22)

**ചോദ്യം: ബാങ്കിൽ പലിശയായി വരുന്ന തുക പൊതുആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന്റെ വിധിയെന്താണ്?**

**നുജുമുദ്ദീൻ കല്ലാർ**

**ഉത്തരം:** ബാങ്കിൽ പലിശ ഇടപാട് നടത്തുക, അതുവഴി ലഭിക്കുന്ന പലിശ തുക കൈപ്പറ്റുക എന്നിങ്ങനെ രണ്ട് കാര്യങ്ങൾക്കു ശേഷമാണ് പലിശയായി കൈപ്പറ്റിയ തുക എന്തിനു ചെലവഴിക്കണമെന്ന പ്രശ്നം വരുന്നത്. പലിശ ഇടപാട് നടത്തുക എന്നത് ചിലപ്പോൾ നിലവിലുള്ള സാഹചര്യത്തിൽ അനിവാര്യമായി വന്നേക്കാം. ആയതിനാൽ അത്തരം ഇടപാടുകൾ അനിവാര്യമായ കാര്യത്തിൽ മാത്രം പരിമിതപ്പെടുത്തുകയും അല്ലാഹുവിനോട് നിർബന്ധിതാവസ്ഥ പറഞ്ഞുകൊണ്ട് പൊറുക്കലിന് വേണ്ടി ദുആ ഇരക്കുകയും ചെയ്യുകയാണ് വേണ്ടത്. എന്നാൽ പലിശ മുതൽ കൈപ്പറ്റുക എന്നത് അനിവാര്യമാകുന്ന ഒരു സാഹചര്യവും നിലവിലില്ല. പലിശ മുതൽ കൈപ്പറ്റരുതെന്നതാണ് നിയമം.

***ചോദ്യം: ജമാഅത്ത് നിസ്കാരത്തിൽ പിന്തിത്തുടർന്ന് നിസ്കരിക്കുന്നയാൾ (മസ്ബൂഖ്) ഇമാമിനൊപ്പം മറന്നുകൊണ്ട് സലാം വീട്ടിയാൽ പിന്നീടയാൾ എന്തു ചെയ്യണം?***

***ജമാൽ മദനി***

**ഉത്തരം:** ജമാഅത്ത് നിസ്കാരത്തിൽ പിന്തിത്തുടർന്നയാൾ ഇമാമിന്റെ കൂടെ ബോധപൂർവ്വം സലാം വീട്ടിയാൽ നിസ്കാരം ബാത്വിലാകുന്നതാണ്. മറന്ന് സലാം വീട്ടിയാൽ നിസ്കാരം ബാത്വിലാകുന്നതല്ല. (തബ്‌യീനുൽഹഖാഇഖ് 2/432) ബാക്കി നിസ്കരിച്ചാൽ മതി. (അൽമുഹീത്വുൽ ബുർഹാനി 2/20) ഇമാമിന്റെ കൂടെ ഒപ്പത്തിനൊപ്പമാണ് സലാം വീട്ടിയതെങ്കിൽ സഹ്‌വിന്റെ സുജൂദ് ചെയ്യരുത്. ഇമാം സലാം വീട്ടിയതിനു ശേഷമാണ് സലാം വീട്ടിയതെങ്കിൽ സഹ്‌വിന്റെ സുജൂദ് ചെയ്യണം. (ഫത്ഹുൽ ഖദീർ 2/264)

എസ്.ജെ.എം

സുലൈമാൻ സഖാഫി കുഞ്ഞുകുളം

# നേതാവിന്റെ സംസ്കാരം

ലീഡർഷിപ്പ് അഥവാ നേതൃത്വം ഒരു മഹത്തായ ഉത്തരവാദിത്തമാണ്; അധ്യാപക നേതൃത്വം വിശേഷിച്ചും. അധ്യാപനം ഒരു മഹത്തായ കർമ്മമാണ്. പ്രവാചകന്മാരായിരുന്നു ആദ്യകാല പ്രബോധകർ. അവരുടെ ദൗത്യമാണ് മതാധ്യാപകർ നിർവ്വഹിക്കുന്നത്. അധ്യാപനത്തിൽ കലയും ശാസ്ത്രവുമുണ്ട്. ജന്മസിദ്ധമായ കഴിവും വാസനയും അധ്യാപനവിജയത്തിന് ആവശ്യമാണ്. മികച്ച അധ്യാപകരെയും അധ്യാപക നേതൃത്വത്തെയും വാർത്തെടുക്കാൻ പരിശീലനം ആവശ്യമാണ്. ലീഡർഷിപ്പ് എന്നത് സ്ഥാനമല്ല; പ്രവൃത്തിയാണ്. ആളുകളെ പുരോഗതിയിലേക്ക് നല്ല വഴിയിലൂടെ നയിക്കുന്നവരാണ് നേതാക്കൾ.

നേതൃത്വമെന്നാൽ ഒരു വ്യക്തി മറ്റുള്ളവരുടെ വികാരങ്ങളെയും പ്രവർത്തനങ്ങളെയും നയിക്കുകയോ നിയന്ത്രിക്കുകയോ സ്വാധീനിക്കുകയോ ചെയ്യലാണ്. സ്വേഛാധിപതി, ജനാധിപത്യവാദി, ഉദാസീനൻ എന്നിങ്ങനെ മൂന്നുതരം നേതാക്കളുള്ളതിൽ ജനാധിപത്യവാദിയാണ് ഉത്തമൻ. കാരണം സ്വേഛാധിപതി അംഗങ്ങളെ പരിഗണിക്കാതെ തീരുമാനങ്ങളെടുക്കുന്നു. ഉദാസീനൻ സമൂഹത്തെ അലസമായി വിടുകയും ചെയ്യുന്നു.

നബി(സ)യുടെ പ്രബോധന വിജയത്തിന്റെ കാരണം അവിടുത്തെ വ്യക്തിത്വമായിരുന്നു. നേതാവിന്റെ വ്യക്തിത്വം പരമപ്രധാനമാണ്. മറ്റുള്ളവരുടെ മനസ്സിനെ കവർന്നെടുക്കലാണ് വ്യക്തിത്വമികവ്. സംസ്കാരമുള്ള ഒരു മനുഷ്യനെ മറ്റുള്ളവരിൽ നിന്നു വേർതിരിക്കുന്നത് പെരുമാറ്റത്തിലുള്ള സംയമനവും മറ്റുള്ളവരുടെ വികാരങ്ങളോടുള്ള പരിഗണനയുമാണ്. ഞാനല്ല അതിനുത്തരവാദി എന്ന് പറഞ്ഞ് എപ്പോഴും ഒഴിഞ്ഞുമാറുന്നയാളല്ല നേതാവ്; ഞാൻ തന്നെയാണ് അതിനുത്തരവാദി എന്നുപറഞ്ഞ് തിരുത്തി മുന്നോട്ടു പോകുന്നവനാണ്. പുറകോട്ടുള്ള ചിന്തയാണ് നേതാവിന് അഭികാമ്യം. എന്താണെന്റെ കുറവ് എന്നന്വേഷിക്കുന്നവരാണ് നേതാക്കൾ.

ശരിയായ രീതിയിലുള്ള അഭിപ്രായ രൂപീകരണവും അതിന്റെ അടിസ്ഥാനത്തിൽ ഉറച്ച തീരുമാനങ്ങളെടുക്കലും അവ കൃത്യമായി നടപ്പാക്കലുമുണ്ടായാൽ നേതൃത്വം വിജയിക്കും. അബ്ദുറഹ്മാനുബ്നു സമുറ(റ)യോട് നബി(സ) പറഞ്ഞു: 'അബ്ദുറഹ്മാൻ, അധികാരം നീ ചോദിച്ചു വാങ്ങരുത്. ചോദിച്ചുവാങ്ങിയാൽ അത് ഭാരമാകും. ചോദിക്കാതെ ലഭിച്ചാൽ നീ സഹായിക്കപ്പെടും.' (ഹദീസ്)

നല്ല ചിന്തകൊണ്ടും നല്ല സംസ്കാരം കൊണ്ടുമാണ് ഒരാൾ നല്ല മനുഷ്യനാകുന്നത്. സ്വന്തം തെറ്റുകൾ അംഗീകരിക്കാത്തവരിൽ നിന്ന് അകലം പാലിക്കണം. കാരണം അവർ എപ്പോഴും നിങ്ങളെ തെറ്റുകാരനാക്കാൻ ശ്രമിക്കും. നേതാവ് തെറ്റുകൾ അംഗീകരിക്കണം. ന്യായീകരിച്ചാൽ ജനം പൊറുക്കില്ല. പൊതുജനം പലവിധമാണ്. എല്ലാവരോടും മറുപടി പറയണം.

വിമർശനങ്ങളെ സഹിഷ്ണുതയോടെ സ്വീകരിക്കുന്നവരാണ് നേതാക്കൾ. മഹാനായ ഉമർ(റ) ഒരിക്കൽ ഹുദൈഫ(റ)വിനോട് പറഞ്ഞു: 'മുനാഫിഖിന്റെ ലക്ഷണങ്ങൾ മൂന്നാണ് എന്ന ഹദീസ് താങ്കൾക്കാണല്ലോ നബി(സ) പറഞ്ഞു തന്നിട്ടുള്ളത്. ആ

> നബി(സ)യുടെ പ്രബോധന വിജയത്തിന്റെ കാരണം അവിടുത്തെ വ്യക്തിത്വമായിരുന്നു. നേതാവിന്റെ വ്യക്തിത്വം പരമപ്രധാനമാണ്.

ലക്ഷണങ്ങൾ എന്നിലുണ്ടെങ്കിൽ പറയൂ.' അപ്പോൾ ഹുദൈഫ(റ) പറഞ്ഞു: 'അങ്ങനെയൊന്ന് താങ്കളിലില്ല.' ഉമർ(റ)വിന്റെ ജീവിതത്തിൽ ഇതുപോലുള്ള നിരവധി സംഭവങ്ങൾ കാണാം.

നമ്മുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു വിമർശനങ്ങളെ നേരിടുന്നതിൽ വിജയിച്ച ഒരാളായിരുന്നു. മറ്റുള്ളവർ വിമർശിക്കുന്നതിനു മുമ്പ് ആത്മവിമർശനം നടത്തി തെറ്റ് തിരുത്തുന്നവരാണ് യഥാർത്ഥ നേതാവ്. അനുയായികളെ വേണ്ടവിധം മനസ്സിലാക്കുകയെന്നത് മൂല്യവത്തായ ഒരു നേതൃഗുണമാണ്.

# പുത്തൻവാദികളെ പിന്തുണക്കുന്നത് സുന്നി മാർഗ്ഗമല്ല: സമസ്ത

കോഴിക്കോട്: ഇസ്ലാമിന്റെ യഥാർത്ഥ വിശ്വാസധാരയെ വികലമാക്കാൻ മുന്നിൽ നിന്നവരെ മഹത്വവൽക്കരിച്ച് മുസ്ലിം സമൂഹത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നത് അംഗീകരിക്കാൻ കഴിയില്ലെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മുശാവറ.

നബി(സ)യുടെ കാലം മുതൽ തുടർന്നുവരുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും ശിർക്കും കുഫ്റുമാണെന്ന് വാദിച്ച് മുഖ്യധാര മുസ്ലിംകളെ അവിശ്വാസികളായി ചിത്രീകരിക്കുന്നവരുടെ ഗ്രന്ഥങ്ങൾക്ക് പദ്യാവിഷ്കാരമോ ഗദ്യാവിഷ്കാരമോ ചമച്ച് പിന്തുണക്കുന്നത് യഥാർത്ഥ വിശ്വാസികൾക്ക് ഭൂഷണമല്ല. പുത്തനാശയക്കാരോട് മുൻകാല പണ്ഡിതന്മാർ സ്വീകരിച്ച നിലപാടുകൾക്ക് വിരുദ്ധമാണിത്. സമസ്തയുടെ പേരിൽ നടക്കുന്ന സ്ഥാപനങ്ങളിൽ അധ്യാപനം നടത്തുന്നവരിൽ നിന്ന് ഇത്തരം നീക്കങ്ങൾ ഉണ്ടാകുന്നത് വേദനാജനകമാണ്. പുത്തൻവാദികളുടെ ഗ്രന്ഥങ്ങൾ ആരുതന്നെ പരിഭാഷപ്പെടുത്തിയാലും പിന്തുണച്ചാലും സുന്നികൾക്ക് അതിൽ യാതൊരു ഉത്തരവാദിത്വമോ ബാധ്യതയോ ഇല്ലെന്നും മുശാവറ വ്യക്തമാക്കി.

മതത്തിന്റെ അടിസ്ഥാന ആരാധനകളിലൊന്നായ സകാത്ത് നൽകുന്നതിനും സ്വീകരിക്കുന്നതിനും വ്യക്തമായ മാനദണ്ഡമുണ്ട്. ഖുർആനിലും നബിചര്യയിലും അത് വ്യക്തമാണ്. അതിനു വിരുദ്ധമായി സംഘടന പ്രവർത്തനത്തിനും പ്രചരണത്തിനും പത്രസ്ഥാപന നടത്തിപ്പിനും മറ്റും സകാത്ത് സമാഹരിക്കുന്നത് അംഗീകരിക്കാനാവില്ല. ഇത്തരം മതവിരുദ്ധ സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും അതിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതും ശരിയല്ല. പുത്തനാശയക്കാരുടെ കുതന്ത്രങ്ങളിലും ചതിക്കുഴിയിലും പെട്ടുപോകാതിരിക്കാൻ സമൂഹത്തിൽ ആദരിക്കപ്പെടുന്നവർ ജാഗ്രത കാണിക്കണമെന്നും മുശാവറ ഓർമ്മപ്പെടുത്തി.

പ്രസിഡന്റ് റഈസുൽ ഉലമ ഇ സുലൈമാൻ മുസ്ലിയാർ അധ്യക്ഷത വഹിച്ചു. കാന്തപുരം എ.പി അബൂബക്ർ മുസ്ലിയാർ ഉദ്ഘാടനം ചെയ്തു. സയ്യിദ് അലി ബാഫഖി, കെ.പി മുഹമ്മദ് മുസ്ലിയാർ, പി.വി മൊയ്തീൻകുട്ടി മുസ്ലിയാർ, പി ഹസൻ മുസ്ലിയാർ, കെ.കെ അഹ്മദ് കുട്ടി മുസ്ലിയാർ, ഡോ. ഹുസൈൻ സഖാഫി, വി മൊയ്തീൻകുട്ടി ബാഖവി, എം അബ്ദുറഹ്മാൻ ബാവ മുസ്ലിയാർ, ടി.കെ അബ്ദുല്ല മുസ്ലിയാർ, സി മുഹമ്മദ് ഫൈസി, അബ്ദുൽ ജലീൽ സഖാഫി, എച്ച് ഇസ്സുദ്ദീൻ സഖാഫി, വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, അബ്ദുറഹ്മാൻ ഫൈസി വണ്ടൂർ, അബ്ദുൽ അസീസ് സഖാഫി, എ ത്വാഹ മുസ്ലിയാർ, അബ്ദുന്നാസിർ അഹ്സനി, കെ.എം.കെ ഫൈസി, എം.വി അബ്ദുറഹ്മാൻ മുസ്ലിയാർ, പി.എസ്.കെ മൊയ്തു ബാഖവി, പി അലവി സഖാഫി, ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി, പേരോട് അബ്ദുറഹ്മാൻ സഖാഫി സംസാരിച്ചു.

### മുഅല്ലിം ഇഹ്തിറാം

# കാൽനൂറ്റാണ്ട് സേവകർക്ക് പ്രൗഢോജ്വല ആദരം

കോഴിക്കോട്: പ്രയാസങ്ങൾ സഹിച്ച് മദ്റസാ അധ്യാപന രംഗത്ത് സേവനം ചെയ്യുന്ന അധ്യാപകർക്ക് ആദരവറിയിച്ച് ഇഹ്തിറാം 24. കാൽനൂറ്റാണ്ട് സേവനം പൂർത്തിയാക്കിയ 582 മദ്റസാധ്യാപകർക്ക് അവാർഡ് നൽകി ആദരമൊരുക്കാൻ സുന്നി വിദ്യാഭ്യാസ ബോർഡ് സംഘടിപ്പിച്ച പരിപാടിയിൽ ബോർഡിനു കീഴിൽ സേവനം ചെയ്യുന്ന അധ്യാപകർ 1989 കാലഘട്ടങ്ങളിൽ സഹിച്ച പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും ഓർമ്മകളിരമ്പി. ചടങ്ങ് ഉദ്ഘാടനം ചെയ്ത കാന്തപുരം എ.പി അബൂബക്ർ മുസ്ലിയാർ അടക്കം എല്ലാവരും പ്രതിസന്ധിഘട്ടങ്ങളെ അനുസ്മരിച്ചുകൊണ്ടാണ് സംസാരിച്ചത്. സ്വഹാബികളും കഴിഞ്ഞുപോയ പണ്ഡിതരിൽ പലരും ക്രൂരമായ പീഡനങ്ങൾ ഏറ്റുവാങ്ങിയിരുന്നുവെന്ന് കാന്തപുരം വ്യക്തമാക്കി.

മദ്റസാ രംഗം പുതിയ കാലത്ത് വെല്ലുവിളി നേരിടുന്നതായി കേന്ദ്ര മുശാവറ അംഗം കോടമ്പുഴ ബാവ മുസ്ലിയാർ വ്യക്തമാക്കി. രണ്ടുനേരം മദ്റസ എന്ന പഴയരീതി ഇന്ന് അപ്പാടെ ഒഴിവായിപ്പോയിരിക്കുകയാണ്. നാട്ടിൽ ഒരു മദ്റസ ഉള്ളതുകൊണ്ടു മാത്രം തന്റെ കുട്ടിയെയും മദ്റസയിൽ അയക്കുകയെന്ന പേരിനു മാത്രം മദ്റസ പഠനം എന്ന ശൈലിയിലേക്ക് കാര്യങ്ങളെത്തിയിട്ടുണ്ട്. മദ്റസയുടെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കേണ്ടതുണ്ട്. മദ്റസാധ്യാപകർ കാലോചിതമായി പ്രവർത്തിക്കേണ്ടതിനൊപ്പം അധ്യാപകർക്ക് കാലോചിതമായ ശമ്പളവും ആനുകൂല്യവും നൽകണമെന്നും അദ്ദേഹം പറഞ്ഞു.

# മർകസ് ഇസ്ദിഹാർ 12,13 തീയതികളിൽ

കോഴിക്കോട്: മർകസ് ശരീഅയിലെ കർണാടക വിദ്യാർത്ഥികളുടെ സാഹിത്യാഭിരുചി വളർത്തുന്നതിന് കെ.എസ്.ഒ സംഘടിപ്പിക്കുന്ന സാഹിത്യോത്സവ് - ഇസ്ദിഹാറിന്റെ പ്രഖ്യാപനം ഡയറക്ടർ വി.പി.എം വില്യാപ്പള്ളി ലോഗോ പ്രകാശനം ചെയ്തു നിർവഹിച്ചു. ഇസ്ദിഹാർ ഈ മാസം 12, 13 തീയതികളിൽ നടക്കും. പ്രഖ്യാപന സംഗമത്തിൽ പ്രസിഡന്റ് സയ്യിദ് ഫസൽ അധ്യക്ഷത വഹിച്ചു. അമ്മാർ സ്വാഗതം പറഞ്ഞു.

സംഘാടക സമിതി ഭാരവാഹികൾ: ആസഫ് അദനി(ചെയർമാൻ) ഫയാസ് പാവൂർ (വൈസ് ചെയർമാൻ) തസ്ലീം മുണ്ടെപതവ് (ജനറൽ കൺവീനർ) ഷാഹിൻ ബണ്ടാട്, സലാം ബൾമാർ, സിദ്ദീഖ് സുള്ള്യ (കൺവീനർസ്) സദഖത്തുല്ല ഉള്ളാൾ (ഫിനാൻസ് സെക്രട്ടറി) ഫസീഹ് മഞ്ചി (മീഡിയ) സൈഫുല്ല അടിയാർ (റിസപ്ഷൻ)

# 9 മദ്റസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി 9 മദ്റസകൾക്ക് കൂടി അംഗീകാരം നൽകി. മലപ്പുറം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, ജില്ലകളിൽ നിന്നും തമിഴ്നാട്, കർണാടക, സൗദി അറേബ്യ എന്നിവിടങ്ങളിൽ നിന്നുമുള്ള മദ്റസകൾക്കാണ് അംഗീകാരം.

സമസ്തസെന്ററിൽ നടന്ന ബോർഡ് എക്സിക്യൂട്ടീവ് യോഗത്തിൽ കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സി.പി സൈതലവി മാസ്റ്റർ വരവുചെലവും റിപ്പോർട്ടും അവതരിപ്പിച്ചു.

സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി, വി.പി.എം വില്യാപ്പള്ളി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, സയ്യിദ് ഫസൽ, എൻ അലി അബ്ദുല്ല, ഡോ. അബ്ദുൽഅസീസ് ഫൈസി, മജീദ് കക്കാട്, പി.എസ്.കെ മൊയ്തു ബാഖവി, മുസ്തഫ മാസ്റ്റർ കോഡൂർ, ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി, കെ.കെ അബ്ദുറഹ്മാൻ മുസ്‌ലിയാർ, പി.സി ഇബ്റാഹീം, അബ്ദുറഹ്മാൻ ദാരിമി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, ഇയഅ്ഖൂബ് ഫൈസി, വി.എച്ച് അലി ദാരിമി, അബ്ദുറഹ്മാൻ മദനി, കെ.കെ.എം കാമിൽ സഖാഫി, ഹാജി അബ്ദുന്നാസിർ ഹിശാമി, ശാദുലി ഫൈസി സംബന്ധിച്ചു.

# ഖത്മുൽബുഖാരി ഫെബ്രുവരി 16ന് മർകസിൽ

കോഴിക്കോട്: മർകസിൽ എല്ലാ വർഷവും നടത്തിവരുന്ന ഖത്മുൽ ബുഖാരി സംഗമം ഈ പ്രാവശ്യം വിപുലമായ പരിപാടികളോടെ 2025 ഫെബ്രുവരി 16ന് സംഘടിപ്പിക്കാൻ മർകസ് കമ്മിറ്റി തീരുമാനിച്ചു.

റമളാൻ 17ന് ബദ്റുൽ കുബ്റായും 25-ാം രാവിൽ ഹിഫ്ളുൽ ഖുർആൻ സനദ് ദാനവും ഏപ്രിലിൽ അലിഫ് ഡേയും ദർസ് ഡേയും സംഘടിപ്പിക്കും. ഡിസംബറിൽ നടക്കുന്ന എസ്.വൈ.എസ് പ്ലാറ്റിനം വിജയിപ്പിക്കാനും ആഹ്വാനം ചെയ്തു. വൈസ് പ്രസിഡന്റ് സയ്യിദ് അബ്ദുൽ ഫത്താഹ് അവേലം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. സയ്യിദ് ശറഫുദ്ദീൻ ജമലുല്ലൈലി പ്രാർത്ഥന നടത്തി. ഡോ. അബ്ദുൽ ഹകീം അസ്ഹരി പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് സ്വാഗതം പറഞ്ഞു.

കുവൈത്ത് ഐ.സി.എഫ് പ്രസിഡന്റ് വാവാട് സയ്യിദ് സൈതലവി സഖാഫി, മർകസ് കമ്മിറ്റി അംഗം മുംതാസ് അലി, സഹകാരി അഗത്തി അബൂബക്ർ കാമിൽ സഖാഫി എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ചു. പ്രത്യേക പ്രാർത്ഥനയും നടത്തി.

2025ലെ മർകസ് ഷീറ്റ് കലണ്ടർ യോഗത്തിൽ സുൽത്വാനുൽ ഉലമ പ്രകാശനം ചെയ്തു.

സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, സയ്യിദ് ശിഹാബുദ്ദീൻ മുത്തനൂർ, കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, വി.പി.എം വില്യാപ്പള്ളി, പ്രൊഫ എ.കെ അബ്ദുൽഹമീദ്, എൻ അലി അബ്ദുല്ല, ചാലിയം അബ്ദുൽ കരീം ഹാജി, സയ്യിദ് സ്വാലിഹ് ജിഫ്രി, പി.സി ഇബ്റാഹീം, ഇ.കെ മുഹമ്മദ് കോയ സഖാഫി, എം ഉസ്മാൻ മുസ്‌ലിയാർ, സി.പി ഉബൈദുല്ല സഖാഫി ചർച്ചയിൽ പങ്കെടുത്തു. സി മുഹമ്മദ് ഫൈസി നന്ദി പറഞ്ഞു.

# സുന്നീസ്ഥാപനത്തിലിരുന്ന് ബിദ്അത്ത് പ്രചരിപ്പിക്കുന്നത് പ്രതിഷേധാർഹം

കോഴിക്കോട്: ബിദ്അത്തിനെ പ്രതിരോധിക്കാൻ രൂപീകൃതമായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടേതായി സ്ഥാപിച്ച പട്ടിക്കാട്ടെ ജാമിഅ നൂരിയ അറബിക് കോളേജിലെ ചില അധ്യാപകർ ബിദ്അത്തിനനുകൂലമായ നിലപാട് സ്വീകരിക്കുകയും ബിദഈ ആശയം ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന വേദനാജനകമായ സംഭവത്തിൽ ഫൈസി പണ്ഡിതർ കടുത്ത പ്രതിഷേധവും ഉത്കണ്ഠയും രേഖപ്പെടുത്തി.

ഇതിനെതിരെ സ്ഥാപനമേധാവികളും അവരുടെ പണ്ഡിതസഭയും ഉണർന്ന് പ്രവർത്തിക്കുകയും ഇത്തരം അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കുകയും വേണമെന്ന് കൊയിലാണ്ടി ബാഖഫി കോമ്പൗണ്ട് മസ്ജിദിൽ ചേർന്ന സംസ്ഥാന ഫൈസീസ് സംഗമം അംഗീകരിച്ച പ്രമേയം ആവശ്യപ്പെട്ടു. സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. വി.പി.എം വില്യാപ്പള്ളി ചർച്ച അവതരിപ്പിച്ചു. ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ അഡ്ഹോക്ക് കമ്മിറ്റി രൂപീകരിച്ചു. ഭാരവാഹികൾ:

സയ്യിദ് അലി ബാഫഖി (ചെയർമാൻ), അബൂഹനീഫൽ ഫൈസി (ജനറൽ കൺവീനർ), സി മുഹമ്മദ് ഫൈസി (ഫിനാൻസ് സെക്രട്ടറി), വി.പി.എം വില്യാപ്പള്ളി, അബൂബകർ ശർവാനി, ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി (വൈസ് ചെയർമാൻ), എ.കെ.സി മുഹമ്മദ് ഫൈസി, യഅ്ഖൂബ് ഫൈസി, നെക്രാജ് അബ്ദുല്ല ഫൈസി (കൺവീനർ)

# മദ്റസാ ബോർഡ് സുപ്രീംകോടതിവിധി സ്വാഗതാർഹം

കോഴിക്കോട്: യു.പി മദ്റസ ബോർഡ് പിരിച്ചു വിടണമെന്ന അലഹബാദ് ഹൈക്കോടതി വിധി റദ്ദാക്കിയ സുപ്രീംകോടതിവിധി സ്വാഗതാർഹവും ആശ്വാസകരവുമാണെന്ന് സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ. മദ്റസകളുടെ കാര്യത്തിൽ ആശങ്കകളും ഉത്കണ്ഠകളും ദൂരീകരിക്കുന്ന വിധി ഭരണഘടന വിഭാവനം ചെയ്യുന്ന മതസ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കുന്നതാണെന്ന് എസ്.ജെ.എം സാരഥികളായ സയ്യിദ് അലി ബാഫഖി, അബൂഹനീഫൽ ഫൈസി, വി.പി.എം ഫൈസി വില്യാപ്പള്ളി പ്രസ്താവിച്ചു.

## പണ്ഡിതന്മാർ അമാനത്ത് സൂക്ഷിക്കണം

കോഴിക്കോട്: പണ്ഡിതർ തങ്ങളിൽ അർപ്പിതമായ അമാനത്തുകൾ സൂക്ഷിക്കുന്നവരും അത് യഥാവിധി പാലിക്കുന്നവരുമാകണമെന്ന് സുൽത്വാനുൽ ഉലമ കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ. വിജ്ഞാനം നിലനിൽക്കുന്നത് പണ്ഡിതരിലൂടെയാണ്. അത് പ്രസരിപ്പിക്കേണ്ടതിനായി ക്ഷമിക്കാനും സഹിക്കാനും പണ്ഡിതർ പ്രതിജ്ഞാബദ്ധരാവണം.

പുത്തിഗെ മുഹിമ്മാത്ത് കോളേജ് ഇസ്‌ലാമിക് സയൻസ് മേധാവികൾക്കും അധ്യാപകർക്കുമായി സംഘടിപ്പിച്ച ട്രെയിനിംഗ് ക്ലാസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഹിമ്മാത്ത് പ്രസിഡന്റ് കൂടിയായ കാന്തപുരം.

മർകസ് സിൻഡിക്കേറ്റ് ഹാളിൽ നടന്ന ക്ലാസിൽ പ്രിൻസിപ്പൽ സയ്യിദ് ഹസനുൽ അഹ്ദൽ അധ്യക്ഷത വഹിച്ചു. സി മുഹമ്മദ് ഫൈസി, വി.പി.എം വില്യാപ്പള്ളി, ഡോ. ഹുസൈൻ സഖാഫി, ഡോ. കെ.എം ശരീഫ് വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. സയ്യിദ് ഹാമിദ് അൻവർ സ്വാഗതവും ഉമർ സഖാഫി നന്ദിയും പറഞ്ഞു.

## ബുഖാരി വ്യാഖ്യാനം പ്രകാശനം ചെയ്തു

ക്വാലലംപൂർ: ഇന്ത്യൻ ഗ്രാന്റ് മുഫ്തി സുൽത്താനുൽ ഉലമ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെ സ്വഹീഹുൽ ബുഖാരി വ്യാഖ്യാനം 'തദ്കീറുൽ ഖാരി' ആദ്യ വാല്യം പ്രകാശനം ചെയ്തു. മലേഷ്യയുടെ ഭരണ തലസ്ഥാനമായ പുത്രജയയിലെ മസ്ജിദ് പുത്രയിൽ നടന്ന അന്താരാഷ്ട്ര സ്വഹീഹുൽ ബുഖാരി പാരായണത്തിന്റെ സമാപന സംഗമത്തിലാണ് പ്രധാനമന്ത്രി അൻവർ ഇബ്റാഹീമിനു നൽകി ഗ്രന്ഥം പ്രകാശനം ചെയ്തത്.

ഒരു ഹദീസ്പണ്ഡിതൻ എന്ന നിലയിൽ ശൈഖ് അബൂബക്ർ അഹ്മദിന്റെ ആഴത്തിലുള്ള പഠനവും അധ്യാപനവും ഇടപെടലുകളും ഇസ്‌ലാമിക വൈജ്ഞാനിക ലോകത്ത് ഏറെ വിലമതിക്കുന്ന സംഭാവനയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. 20 വാല്യങ്ങളിലായി പുറത്തിറങ്ങുന്ന ഗ്രന്ഥത്തിന്റെ പദ്ധതി പ്രഖ്യാപനവും ചടങ്ങിൽ നടന്നു. ലോകപ്രശസ്തരായ 20 പണ്ഡിതർ ചേർന്ന് 20 വാല്യങ്ങളുടെയും കവർ പ്രകാശനം ചെയ്തു. സ്വഹീഹുൽ ബുഖാരി അധ്യാപന കാലത്തെ തന്റെ പഠനങ്ങളും ആലോചനകളും ചർച്ചകളും ആസ്പദമാക്കി വിവിധ വ്യാഖ്യാന ഗ്രന്ഥങ്ങളെയും പണ്ഡിതന്മാരെയും അവലംബിച്ചാണ് ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്. വിവിധ പണ്ഡിതരുടെ സനദുകളുടെ കൈമാറ്റവും സംഗമത്തിൽ നടന്നു.

## 540 സഅദികൾ കൂടി കർമരംഗത്തേക്ക്

കാസർഗോഡ്: ദേളി ജാമിഅ സഅദിയ്യയുടെ 55-ാം വാർഷിക സനദ് ദാന മഹാസമ്മേളനത്തിൽ 445 പണ്ഡിതർക്ക് സഅദി ബിരുദവും 44 പേർക്ക് അഫ്സൽ സഅദി ബിരുദവും ഖുർആൻ മനപ്പാഠമാക്കിയ 28 വിദ്യാർത്ഥികൾക്ക് ഹാഫിള് ബിരുദവും ലഭിച്ചു. സഅദിയ്യ സനദ് ദാന സമാപന സമ്മേളനത്തിൽ സയ്യിദ് അലി ബാഫഖി പ്രാർത്ഥന നടത്തി. പ്രസിഡന്റ് സയ്യിദ് കെ.എസ് ആറ്റക്കോയ തങ്ങളുടെ അധ്യക്ഷതയിൽ ശൈഖ് ഉമർ അബൂബക്ർ സാലിം ഉദ്ഘാടനം ചെയ്തു.

സമസ്ത പ്രസിഡന്റ് റഈസുൽ ഉലമ ഇ സുലൈമാൻ മുസ്‌ലിയാർ സനദ് ദാനം നിർവഹിച്ചു. ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ മുഖ്യപ്രഭാഷണം നടത്തി. ശൈഖ് ഹൈസം ദാദ് അൽകരീം, ഹബീബ് സാലിം ഇബ്നു ഉമർ ഹഫീള് യമൻ മുഖ്യാതിഥികളായി.

എ.പി അബ്ദുല്ല മുസ്‌ലിയാർ മാണിക്കോത്ത് സനദ് ദാന പ്രസംഗവും സയ്യിദ് ഇബ്റാഹീം ഖലീലുൽബുഖാരി അനുഗ്രഹ പ്രഭാഷണവും നടത്തി. പേരോട് അബ്ദുറഹ്മാൻ സഖാഫി പ്രഭാഷണം നടത്തി. പരിപാടിയിൽ വ്യവസായ പ്രമുഖനും സുന്നീ സ്ഥാപനങ്ങളുടെ സജീവ സഹകാരിയുമായ കുറ്റൂർ അബ്ദുറഹ്മാൻ ഹാജിയെ ആദരിച്ചു. കെ.പി അബൂബക്ർ മുസ്‌ലിയാർ പട്ടുവം, വി.പി.എം വില്യാപ്പള്ളി, ഹസൻ മുസ്‌ലിയാർ വയനാട്, അബ്ദുൽഹമീദ് മുസ്‌ലിയാർ മാണി, എം.വി അബ്ദുറഹ്മാൻ ബാഖവി, കെ.കെ ഹുസൈൻ ബാഖവി പ്രസംഗിച്ചു.

സ്ഥാനവസ്ത്ര വിതരണം സയ്യിദ് ഹാമിദ് ഇമ്പിച്ചിക്കോയ തങ്ങൾ നിർവഹിച്ചു. സയ്യിദ് ഹസനുൽ അഹ്ദൽ തങ്ങൾ, സയ്യിദ് അശ്റഫ് തങ്ങൾ ആദൂർ, സയ്യിദ് പി.എസ് ആറ്റക്കോയ തങ്ങൾ പഞ്ചിക്കൽ, സയ്യിദ് പൂക്കുഞ്ഞി തങ്ങൾ തുടങ്ങി നിരവധി സാദാത്തുക്കളും ഉലമാക്കളും സുന്നിപ്രവർത്തകരും സംബന്ധിച്ചു.

## മർകസ് ഖുർആൻ ഫെസ്റ്റ്

കോഴിക്കോട്: വിശുദ്ധ ഖുർആന്റെ മാനവിക - സാഹോദര്യ - നവീകരണ സന്ദേശങ്ങൾ സമാധാന ജീവിതം സാധ്യമാക്കാൻ പര്യാപ്തമാണെന്ന് ഇന്ത്യൻ ഗ്രാൻഡ് മുഫ്തി കാന്തപുരം എ.പി അബൂബക്ർ മുസ്‌ലിയാർ. മർകസ് ഖുർആൻ ഫെസ്റ്റ് സമാപന സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖുർആൻ പ്രമേയമാക്കി 28 വ്യത്യസ്ത മത്സരങ്ങളിൽ വിവിധ ജില്ലകളിലെ 29 ക്യാമ്പസുകളിൽ നിന്നുള്ള 800 വിദ്യാർത്ഥികൾ മാറ്റുരച്ച, മൂന്നുദിവസം നീണ്ടുനിന്ന ഫെസ്റ്റിന്റെ ഫൈനൽ മത്സരങ്ങളിൽ മർകസ് സെക്ടർ ഓവറോൾ ചാമ്പ്യന്മാരായി. സയ്യിദ് മുഹമ്മദ് തുറാബ് സഖാഫി, വി.പി.എം വില്യാപ്പള്ളി ട്രോഫി സമ്മാനിച്ചു. കൂടുതൽ വ്യക്തിഗത പോയിന്റ് നേടിയ ബുഖാരിയ്യ സെക്ടറിയിലെ ഹാഫിള് സാബിത്ത് ചെറൂപ്പക്ക് ഡോ. മുഹമ്മദ് അബ്ദുൽഹകീം അസ്ഹരി അവാർഡ് നൽകി. പൊതുജനങ്ങൾക്കും കുടുംബങ്ങൾക്കുമായി നടത്തിയ മത്സരങ്ങളിലെ വിജയികൾക്ക് മുഹമ്മദ് ഹനീഫ് സഖാഫി സമ്മാനം നൽകി. അബൂബക്ർ സഖാഫി സ്വാഗതവും അബ്ദുസ്സമദ് സഖാഫി നന്ദിയും പറഞ്ഞു.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally